
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2021 സെപ്റ്റംബർ
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




**പൂച്ചക്കുട്ടികളുടെ വീട്**
(കഥ)
**ടി പത്മനാഭൻ**
വില ₹60




**കുട്ടികളുടെ ഹോർത്തൂസ് മലബാറിക്കൂസ്** (വൈജ്ഞാനികം)
**ഡോ. ബി ഇക്ബാൽ**
വില ₹210.00





**സ്റ്റീഫൻ ഹോക്കിങ്**
(ശാസ്ത്രം)
**ഡോ. ജോർജ്ജ് വർഗീസ്**
വില ₹100.00




**ഉണ്ടക്കണ്ണന്റെ കാഴ്ചകൾ**
(കഥകൾ)
**കെ വി മോഹൻകുമാർ**
വില ₹90




**ആനകേറാമല**
(കടങ്കവിതകൾ)
**സിപ്പി പള്ളിപ്പുറം**
വില ₹90.00




**ഞാറുനട്ടകഥ**
(വൈജ്ഞാനികം)
**പി കെ സുധി**
വില ₹120




**അൽഗോരിതങ്ങളുടെ നാട്**
(നോവൽ)
**ഉണ്ണി അമ്മയമ്പലം**
വില ₹100.00





**ഗലീലിയോ**
(വൈജ്ഞാനികം)
**അരുൺ സി ജി**
വില ₹100




**മെഴുകുകൊട്ടാരം**
(വൈജ്ഞാനികം)
**ഡോ. പി ബാലശങ്കർ മന്നത്ത്**
വില ₹70




**ആദം ബർസ**
(നോവൽ)
**സുജിത്ത് രാജൻ എസ്**
വില ₹130.00




**കാണാപ്പുറങ്ങൾ**
(കഥ)
**ബ്രിജി കെ റ്റി**
വില ₹80.00




**സൂര്യൻ എന്റെ നക്ഷത്രം** (വൈജ്ഞാനികം)
**വി ആർ പട്ടുവം**
വില ₹60

**കൂടുതൽ പുസ്തകങ്ങൾക്ക്** website : www.ksicl.org

**കോപ്പികൾക്ക്**

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്,
തിരുവനന്തപുരം 34, ഫോൺ 0471-233 3790, e-mail : director@ksicl.org
താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക്
റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക. MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

# തളിര്

പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്കായുള്ള പ്രസിദ്ധീകരണം

സെപ്റ്റംബർ 2021
വില ₹20
വാർഷികവരിസംഖ്യ ₹200

## ഉള്ളടക്കം

## അധ്യാപകന്റെ റിപ്പബ്ലിക്, ദാർശനികന്റെയും! 06

**സെബാസ്റ്റ്യൻ പള്ളിത്തോട്**



ഡോ. എസ് രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്തംബർ 5 ദേശീയ അധ്യാപകദിനമായാണ് നാം ആചരിക്കുന്നത്. സ്വതന്ത്രഭാരതത്തിന്റെ രണ്ടാമത്തെ രാഷ്ട്രപതിയും ലോകം ആദരിക്കുന്ന ഭാരതീയ ദാർശനികനുമായ അദ്ദേഹത്തെ ഈ അധ്യാപക ദിനത്തിൽ നമുക്ക് ഒന്നൂടെ ഓർക്കാം...

## ആളും ആരവവുമില്ലാതെ ടോക്കിയോ ഒളിമ്പിക്സ് 10

**സനിൽ പി തോമസ്**



കോവിഡ് മഹാമാരി ഉയർത്തിയ സകലവിധ വെല്ലുവിളികളെയും അതിജീവിച്ചാണ് ജപ്പാൻ ഒളിംപിക്സ് 2020 വിസ്മയകരമാക്കിയത്. ഒരു സ്വർണ മടക്കം ഏഴു മെഡലുകൾ നേടി ഇന്ത്യ ചരിത്രമുഹൂർത്തത്തിന് സാക്ഷ്യം കുറിച്ച ഒളിമ്പിക്സിനെക്കുറിച്ച് കൂടുതൽ വായിക്കൂ...

## കെറ്റീഷ 16

**സാറാ ജോസഫ്**



ചെമ്പിച്ച ചപ്രത്തലമുടിയും നക്ഷത്രം പോലെ തിളങ്ങുന്ന വലിയ കണ്ണുകളുമുള്ള വെളുത്തുമെലിഞ്ഞ കെറ്റീഷയുടെ കഥ വായിക്കൂ...

**ആനക്കാര്യം**............5
രാജീവ് എൻ ടി
**കവിതാപരിചയം**............15
പി കുഞ്ഞിരാമൻ നായർ
**പാറക്കല്ലും ശില്പിയും**............22
സുനിൽരാജ് സത്യ
**കടപയാദി**............23
പള്ളിയറ ശ്രീധരൻ
**ഇന്നോവേഷൻ അഥവാ നവീകരണം: എന്തും കൂടുതൽ നന്നാക്കാം**............24
ജയാ ജി നായർ
**വീട്ടുകണക്ക്**............28
ശിവപ്രസാദ് പാലോട്
**കല്യാണമേളം**............29
അമൃത കേളകം
**ജീവിത വർണങ്ങൾ**............30
വിനു എ
**തേന്മാവ്**............33
ദിവാകരൻ വിഷ്ണുമംഗലം
**മരുഭൂമിയിലൂടെ ഒരു യാത്ര**............34
വിജയൻ കോതമ്പത്ത്
**തിരുത്തലുകൾ**............40
പ്രേമജ ഹരീന്ദ്രൻ
**ടോം സോയറുടെ സാഹസിക ജീവിതം**............42
പുനരാഖ്യാനം : ജോളി വർഗീസ്
**പഞ്ചവർണപ്പൂവ്**............44
കെ കെ പല്ലശ്ശന
**കിലുക്കങ്ങൾ**............45
മടവൂർ സുരേന്ദ്രൻ
**മഹാഭാരതം**............46
സുഗതകുമാരി
**എവിടെ**............49
ശാമിൽ ചുള്ളിപ്പാറ
**ഇളംതളിര്**............50
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ**............54

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**സിപ്പി പള്ളിപ്പുറം**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
ടി ആർ രാജേഷ്

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org, director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

പ്രിയപ്പെട്ട കുട്ടികളേ,

കൊറോണക്കാലത്തെ രണ്ടാമത്തെ ഓണവും കഴിഞ്ഞു പോയി. പ്രതിസന്ധികൾക്കിടയിലും ഒത്തൊരുമയുടെയും സന്തോഷത്തിന്റെയും ഓണനാളുകൾ നമ്മിൽ പ്രത്യാശയും ആത്മവിശ്വാസവും നിറച്ചു. ഏറെ ആഘോഷങ്ങൾക്ക് പറ്റിയ കാലം അല്ലായിരുന്നെങ്കിലും ഇപ്രാവശ്യത്തെ ഓണത്തിന് ഇരട്ടിമധുരമേകി ഇന്ത്യയുടെ ഒളിമ്പിക്സ് നേട്ടങ്ങൾ.

അതിജീവനത്തിന്റെ ഈ നാളുകളിൽ ഒരുമയുടെ സന്ദേശം പകർന്ന് ടോക്കിയോയിൽ നടന്ന ഒളിമ്പിക്സ് ഇന്ത്യക്ക് സമ്മാനിച്ചത് ചരിത്രമുഹൂർത്തങ്ങളായിരുന്നു. ഒരു സ്വർണവും രണ്ട് വെള്ളിയും നാല് വെങ്കലവുമടക്കം ഏഴ് മെഡലുകൾ നേടി നമ്മുടെ മിന്നുംതാരങ്ങൾ ഇന്ത്യയുടെ അഭിമാനം വാനോളം ഉയർത്തി. ഈ തിളക്കമാർന്ന വിജയം തെല്ലൊന്നുമല്ല നമ്മെ ഓരോരുത്തരേയും സന്തോഷിപ്പിച്ചത്.

അവരുടെ ഓരോരുത്തരുടെയും വിജയം എത്ര വലിയ അധ്വാനത്തിന്റെയും ത്യാഗത്തിന്റെയും ഫലമാണെന്നോ!



Photo : NetIndian

എത്രമാത്രം കൃത്യതയാർന്ന, ചിട്ടയാർന്ന പരിശീലനത്തിലൂടെയാണെന്നോ അവർ ഈ വിജയത്തിലേക്ക് അടുത്തത്! ഏറെ നാളത്തെ ശാരീരികവും മാനസികവുമായ തയ്യാറെടുപ്പുകൾക്കൊടുവിൽ അവർ നേടിയെടുത്ത ഈ വിജയത്തിന്റെ മഹത്വം എത്ര വലുതാണെന്നോ! നമുക്ക് അഭിമാനിക്കാം ഇന്ത്യയുടെ നേട്ടത്തിൽ... ഏറെ സന്തോഷിക്കാം അവരെക്കുറിച്ചോർത്ത്.

തളിരിന്റെ കൂട്ടുകാരായ നിങ്ങളോരോരുത്തരും നാളെയുടെ പ്രതീക്ഷയാണ്. നിങ്ങൾക്കുമില്ലേ സ്വപ്നങ്ങൾ... ആ സ്വപ്നങ്ങൾക്ക് പിന്നാലെ ചുവടുറപ്പിച്ച് കരുത്തരായി ആത്മവിശ്വാസത്തോടെ മുന്നേറാൻ നിങ്ങൾക്കോരോരുത്തർക്കും ആവട്ടെ. നിങ്ങളും നാളെയുടെ അഭിമാനതാരകങ്ങളാവട്ടെ...


സ്നേഹത്തോടെ,

**പള്ളിയറ ശ്രീധരൻ**

എഡിറ്റർ

തളിരിന്റെ കൂട്ടുകാരായ നിങ്ങളോരോരുത്തരും നാളെയുടെ പ്രതീക്ഷയാണ്. നിങ്ങൾക്കുമില്ലേ സ്വപ്നങ്ങൾ... ആ സ്വപ്നങ്ങൾക്ക് പിന്നാലെ ചുവടുറപ്പിച്ച് കരുത്തരായി ആത്മവിശ്വാസത്തോടെ മുന്നേറാൻ നിങ്ങൾക്കോരോരുത്തർക്കും ആവട്ടെ. നിങ്ങളും നാളെയുടെ അഭിമാനതാരകങ്ങളാവട്ടെ...





# അധ്യാപകന്റെ റിപ്പബ്ലിക്, ദാർശനികന്റെയും!

സെബാസ്റ്റ്യൻ പള്ളിത്തോട്

(ഭാരതത്തിന്റെ രണ്ടാമത്തെ രാഷ്ട്രപതിയായിരുന്ന ഡോ. എസ്. രാധാകൃഷ്ണനെ ഓർമിക്കുമ്പോൾ)

റിപ്പബ്ലിക്കിന്റെ ഭരണാധികാരിയായി ദാർശനികൻ വരുന്നതിനെക്കുറിച്ച് ക്രി. മു. 380ൽ എഴുതപ്പെട്ട 'റിപ്പബ്ലിക്' എന്ന കൃതിയിൽ യവനദാർശനികനായ പ്ലേറ്റോ വിചാരപ്പെടുന്നുണ്ട്. അതു പക്ഷേ പ്ലേറ്റോയുടെ കാലത്തോ പിന്നീട് എപ്പോഴെങ്കിലുമോ ഗ്രീസിൽ പോലും നടപ്പിലാവുകയുണ്ടായില്ല എന്നു നാം ചരിത്രത്തിൽ വായിക്കുന്നു. എന്നാൽ തന്റെ കൃതിയിൽ പ്ലേറ്റോ എഴുതിവച്ചിട്ടില്ലാത്ത മറ്റൊന്നുകൂടിയുണ്ടായി മറ്റൊരു റിപ്പബ്ലിക്കിൽ. അധ്യാപകനായ ദാർശനികൻ റിപ്പബ്ലിക്കിന്റെ ഭരണാധികാരിയാവുക എന്നത് പ്ലേറ്റോക്ക് സ്വപ്നം കാണാൻ പോലും കഴിയാത്ത ഒന്നായിരുന്നു. (റിപ്പബ്ലിക് എന്നാൽ പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുകയും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ മുഖേന അതു വിനിയോഗിക്കുകയും ചെയ്യുന്ന ഭരണസമ്പ്രദായമാണ്.) പ്ലേറ്റോയുടെ ആശയം പക്ഷേ യഥാർഥ്യമായത് കൗടില്യൻ 'അർഥശാസ്ത്ര'മെഴുതിയ ഭാരതത്തിലാണെന്നു കാണാം. (അധികാരത്തെക്കുറിച്ചും നീതിനിർവഹണത്തെക്കുറിച്ചുമുള്ള പ്രാചീനഗ്രന്ഥങ്ങളിൽ ഒന്നാണ് 'അർഥശാസ്ത്രം.' കാലഗണനയനുസരിച്ച് പ്ലേറ്റോയുടെ 'റിപ്പബ്ലിക്കി'നും മുമ്പേ എഴുതപ്പെട്ടത്!) സ്വതന്ത്രഭാരതത്തിന്റെ രണ്ടാമത്തെ രാഷ്ട്രപതിയായി ഡോ. എസ്. രാധാകൃഷ്ണൻ സത്യപ്രതിജ്ഞ ചെയ്ത 1962 മേയ് പതിനൊ



Photo : Mof

ഡോ. എസ്. രാധാകൃഷ്ണൻ



ഡോ. എസ്. രാധാകൃഷ്ണൻ, ജവഹർലാൽ നെഹ്റുവിനും ഡോ. രാജേന്ദ്രപ്രസാദിനുമൊപ്പം.

ന്നിനായിരുന്നു അത്.

മഹാത്മാഗാന്ധിയുടെയും രബീന്ദ്രനാഥ ടാഗോറിന്റെയും ആരാധകനും അനുയായിയുമായിരുന്ന ഡോ. രാധാകൃഷ്ണൻ അധ്യാപകനായിട്ടാണ് തന്റെ ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. മദ്രാസ് പ്രസിഡൻസി കോളജിലും മൈസൂറിലെയും കൊൽക്കത്തയിലെയും യൂണിവേഴ്സിറ്റികളിലും തത്വശാസ്ത്രത്തിന്റെ പ്രൊഫസറായിരുന്നു അദ്ദേഹം. ഓക്സ്ഫഡിലും ലണ്ടൻ സർവകലാശാലയിലും പ്രഭാഷണപര്യടനങ്ങൾ നടത്തിയിട്ടുള്ള അദ്ദേഹം പിന്നീട് ആന്ധ്രാ, ബനാറസ് തുടങ്ങിയ യൂണിവേഴ്സിറ്റികളുടെ വൈസ്ചാൻസിലറായിത്തീർന്നു. ഡോ. രാധാകൃഷ്ണന്റെ അധ്യാപകജീവിതത്തെക്കുറിച്ച് ഇത്രയും പറഞ്ഞുവച്ചത് അദ്ദേഹം രാഷ്ട്രപതിയെന്ന പരമോന്നത പദവിയിൽ എത്തിച്ചേർന്നത് രാഷ്ട്രീയത്തിന്റെ ഇടനാഴികളിലൂടെ ഓടിക്കയറിയായിരുന്നില്ല എന്നു കാണിക്കാനാണ്. അതോടൊപ്പം അദ്ദേഹത്തിന്റെ ജന്മദിനമായ സെപ്തംബർ 5, ദേശീയാധ്യാപകദിനമായി ഇന്ത്യയിലെമ്പാടും ആഘോഷിക്കപ്പെടുന്നതിന്റെ പ്രസക്തിയെന്തെന്നു ചൂണ്ടിക്കാട്ടാനും കൂടിയാണ്.

ആന്ധ്രാപ്രദേശിന്റെ തെക്കൻ അതിർത്തിയിലുള്ള തിരുത്തണി എന്ന ഗ്രാമത്തിൽ സർവെപ്പള്ളി വീരസ്വാമിയുടെയും സീതമ്മയുടെയും രണ്ടാമത്തെ പുത്രനായിരുന്നു രാധാകൃഷ്ണൻ. ബ്രാഹ്മണകുടുംബത്തിലാണു ജനിച്ചതെങ്കിലും ക്ലേശങ്ങൾ നിറഞ്ഞതായിരുന്നു രാധാകൃഷ്ണന്റെ ബാല്യവും കൗമാരവും. തിരുത്തണിയിലെ പ്രൈമറി വിദ്യാലയത്തിൽനിന്നും തിരുപ്പതിയിലെ ലൂഥറൻ മിഷൻ സ്കൂളിൽ എത്തിയതോടെ ആ ബാലന്റെ വിദ്യാഭ്യാസജീവിതം അതിന്റെ പുത്തൻ തുറമുഖങ്ങൾ കണ്ടെത്തിയ ഒരു നാവികന്റേതിനു തുല്യമായിത്തീർന്നു. ജർമൻ മിഷനറിമാർ നടത്തിയിരുന്ന ആ വിദ്യാലയമാണ് രാധാകൃഷ്ണനിൽ ബൈബിളിന്റെയും ആധ്യാത്മികതയുടെയും പുതിയ ആകാശങ്ങൾ കാണിച്ചുകൊടുത്തത്. അവിടെനിന്നും ഉപരിപഠനത്തിനായി വെല്ലൂരിലേക്ക്. വിവേകാനന്ദനിലേക്കും, ഭാരതീയദർശനങ്ങളിലേക്കും ആ ബാലൻ തിരിയാനിടയായത് അവിടത്തെ മെട്രിക്കുലേഷൻ കാലത്തായിരുന്നു.

ഇക്കാലത്ത് നമ്മുടെ കുട്ടികളിൽ ഭൂരിപക്ഷം പേർക്കും കേട്ടറിവോ അല്ലെങ്കിൽ വായിച്ചറിവോ മാത്രമുള്ള ദാരിദ്ര്യം യൗവ്വനകാലത്തും




Photo : ED Times

ഡോ. എസ്. രാധാകൃഷ്ണൻ ഗാന്ധിജിക്കൊപ്പം



രാധാകൃഷ്ണനെയും കുടുംബത്തെയും വിട്ടുപോയിരുന്നില്ല. അക്കാലത്ത് അദ്ദേഹം നേരിടേണ്ടിവന്ന ദാരുണാനുഭവങ്ങളിലൊന്ന് ഒരു ജീവചരിത്രകാരൻ പറയുന്നുണ്ട്. 1910ൽ അധ്യാപനത്തിന്റെ ഡിപ്ലോമയെടുക്കാൻ വേണ്ടി സൈദാപ്പേട്ടിലെ ട്രെയിനിംഗ് കോളജിൽ പഠിക്കുന്ന കാലം. കടുത്ത സാമ്പത്തിക പ്രതിസന്ധികളിൽപെട്ട് വീട്ടുകാർ നട്ടം തിരിഞ്ഞു. വായ്പയായിപ്പോലും പണം കിട്ടാതെ വന്നു. ഊണുകഴിക്കാൻ ഇല വാങ്ങാൻ പോലും മാർഗമില്ലാതായപ്പോൾ തറയിൽ ചോറും കറികളും വിളമ്പി കഴിക്കേണ്ടിവന്ന ഒരു കുടുംബത്തിന്റെ ദയനീയാവസ്ഥ.

ഇതിനിടയിൽ രാധാകൃഷ്ണൻ വിവാഹിതനായി. അകന്ന ബന്ധത്തിൽപ്പെട്ട ശിവകാമുവായിരുന്നു വധു. ഇന്നത്തെക്കാലത്ത് അതിനെ ഒരു ബാലവിവാഹമെന്നേ വിശേഷിപ്പിക്കാൻ കഴിയൂ.

**ജീവിതം എല്ലായ്പ്പോഴും ഒരു ദുരന്തനാടകമായി തുടർന്നുകൊണ്ടിരിക്കണം എന്നില്ലല്ലോ? ഉല്പതിഷ്ണുവും ഉത്സാഹിയുമായ രാധാകൃഷ്ണന്റെ മുന്നിൽ ജീവിതവിജയത്തിന്റെ പുത്തൻ വാതിലുകൾ ഓരോന്നായി തുറക്കപ്പെടാൻ അധികകാലം കാത്തിരിക്കേണ്ടിവന്നില്ല. മൈസൂർ യൂണിവേഴ്സിറ്റിയിൽ തത്വശാസ്ത്രാധ്യാപകനായി നിയമിതനായതോടെ ആ ജീവിതത്തിന്റെ പ്രഥമഘട്ടം ആരംഭിച്ചുവെന്നു പറയാം.**

വിവാഹിതനാകുമ്പോൾ അന്ന് രാധാകൃഷ്ണന് പതിനഞ്ചും വധുവിന് പത്തും വയസ്സായിരുന്നു പ്രായം! മഹാത്മാഗാന്ധിയുടേതും ഒരു ബാലവിവാഹമായിരുന്നുവെന്ന് നാം വായിച്ചിട്ടുണ്ടല്ലോ!

ജീവിതം എല്ലായ്പ്പോഴും ഒരു ദുരന്തനാടകമായി തുടർന്നുകൊണ്ടിരിക്കണം എന്നില്ലല്ലോ? ഉല്പതിഷ്ണുവും ഉത്സാഹിയുമായ രാധാകൃഷ്ണന്റെ മുന്നിൽ ജീവിതവിജയത്തിന്റെ പുത്തൻ വാതിലുകൾ ഓരോന്നായി തുറക്കപ്പെടാൻ അധികകാലം കാത്തിരിക്കേണ്ടിവന്നില്ല. മൈസൂർ യൂണിവേഴ്സിറ്റിയിൽ തത്വശാസ്ത്രാധ്യാപകനായി നിയമിതനായതോടെ ആ ജീവിതത്തിന്റെ പ്രഥമഘട്ടം ആരംഭിച്ചുവെന്നു പറയാം. രണ്ടരവർഷക്കാലം അദ്ദേഹം അവിടെ അധ്യാപകനായിരുന്നു, കൊൽക്കത്ത യൂണിവേഴ്സിറ്റിയിലേക്കു പോകുന്ന 1921 വരെ.

പാശ്ചാത്യ പൗരസ്ത്യ തത്വസംഹിതകളോടും ദർശനങ്ങളോടും അതിയായ ആഭിമുഖ്യമുണ്ടായിരുന്ന രാധാകൃഷ്ണൻ, ഇക്കാലത്തെഴുതിയ ലേഖനങ്ങൾ രാജ്യാന്തരതലത്തിൽതന്നെ ശ്രദ്ധ പിടിച്ചുപറ്റുന്നവയായിരുന്നു. വിശ്വപ്രസിദ്ധ ദാർശനികനായിരുന്ന ബർട്രാൻഡ് റസ്സലിനെപ്പോലുള്ളവരുമായി ബന്ധപ്പെടാനും ആശയങ്ങൾ കൈമാറാനും അവസരമൊരുങ്ങി. ഭാരതീയദർ

ശനങ്ങളെ പാശ്ചാത്യർ കാണുകയും വ്യാഖ്യാനിക്കുകയും ചെയ്തിരുന്ന രീതിയിൽനിന്നു ഭിന്നമായി രാധാകൃഷ്ണന്റെ പഠനങ്ങളിലെ പുതുമയും മൗലികതയും പാശ്ചാത്യ ചിന്തകന്മാരെ എന്തെന്നില്ലാതെ ആകർഷിച്ചു.

കൊൽക്കത്തയിൽ അധ്യാപകനായി ചെലവഴിച്ച നാളുകൾ അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും പുഷ്കലമായ കാലമായിരുന്നു എന്നു പറയാം. രാധാകൃഷ്ണന്റെ ദാർശനിക ജീവിതത്തെയും പ്രതിഭയെയും ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്ത 'ഭാരതീയ ദർശനം' (Indian Philosophy) എന്ന ബൃഹദ്ഗ്രന്ഥം 1923ൽ പുറത്തുവന്നതോടെ ഒരു ദാർശനികൻ എന്ന നിലയിൽ അദ്ദേഹം പരക്കെ അറിയപ്പെടാൻ തുടങ്ങി. ഒപ്പം ഇന്ത്യൻ ദർശനങ്ങളുടെ വ്യാഖ്യാതാവ് എന്ന നിലയിലും! തുടർന്ന്, 1931ൽ ബ്രിട്ടീഷ് സർക്കാർ അദ്ദേഹത്തെ 'സർ' പദവി നൽകി അവരുടെ ആദരവ് പ്രകടിപ്പിക്കുകയുണ്ടായി.

ആന്ധ്രാ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസിലർ പദവിയെത്തുടർന്ന് 1936 മുതൽ 47 വരെ പ്രസിദ്ധമായ ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസിലറായി നിയമിതനായി. നമുക്ക് പരിചയമുള്ള വൈസ് ചാൻസിലർമാരെപ്പോലെ സ്വന്തം ചേമ്പറിലിരുന്ന് കടലാസുകളിൽ ഒപ്പിടുന്ന ഒരാളായിരുന്നില്ല ഡോക്ടർ രാധാകൃഷ്ണൻ. അദ്ദേഹത്തിന്റെ സ്വഭാവത്തിലെ പ്രത്യേകതമൂലം ബനാറസ് യൂണിവേഴ്സിറ്റിയിലെ പദവിക്കാലത്ത് അദ്ദേഹത്തിന്റെ സ്വഭാവം പ്രകടമാക്കുമാറ് ഒരു വിളിപ്പേരും വീണുകിട്ടി. 'വരാന്തയിലെ വൈസ് ചാൻസിലർ' എന്നാണ് കുട്ടികൾ അദ്ദേഹത്തെ ആദരപൂർവം വിശേഷിപ്പിച്ചിരുന്നത്. ആരും വിചാരിക്കാത്ത നേരത്ത് ഓരോ വകുപ്പുകളുടെയും മുന്നിൽ പ്രത്യക്ഷപ്പെട്ട് അദ്ദേഹം അവരെ ഞെട്ടിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്യാറുണ്ടായിരുന്നത്രെ! മഹാത്മാഗാന്ധിയെയും നെഹ്റുവിനെയും തന്റെ യൂണിവേഴ്സിറ്റിയിലേക്കു ക്ഷണിച്ച് പ്രഭാഷണങ്ങൾ സംഘടിപ്പിക്കാനും അദ്ദേഹം മറന്നില്ല.

യുനെസ്കൊയുടെ ചെയർമാനും (1952) സോവിയറ്റ് യൂണിയനിലെ ഭാരതത്തിന്റെ അംബാസഡറും (1949–52) ആയിരുന്നിട്ടുള്ള രാധാകൃഷ്ണൻ തന്റെ സൗമ്യവും ധീരോദാത്തവുമായ നിലപാടുകളിലൂടെ അന്നത്തെ യു. എസ്. എസ്. ആർ.ന്റെ പ്രസിഡന്റും ഏകാധിപതിയുമായിരുന്ന സ്റ്റാലിന്റെപോലും ആദരം പിടിച്ചുപറ്റുകയുണ്ടായി. പുലിയെ അതിന്റെ മടയിൽ ചെന്നു കീഴ്പ്പെടുത്താൻ കാണിച്ച ധൈര്യത്തിന് രാധാകൃഷ്ണന്റെ കവിളിൽ ചുംബിച്ച് സ്നേഹം പ്രകടിപ്പിച്ചുകൊണ്ടാണ് റഷ്യയിൽനിന്നും വിടവാങ്ങുന്ന വേളയിൽ സ്റ്റാലിൻ യാത്രയയപ്പു നൽകിയത്. ഇന്ത്യയും സോവിയറ്റു യൂണിയനുമായുള്ള സൗഹൃത്ബന്ധം ശക്തി പ്രാപിച്ചതും പുഷ്ടിപ്പെട്ടതും രാധാകൃഷ്ണൻ അവിടെ നയതന്ത്ര പ്രതിനിധിയായി പ്രവർത്തിച്ച കാലങ്ങളിലും അതിനെത്തുടർന്നുമായിരുന്നു. 'എന്നെ ഒരു മനുഷ്യജീവിയെപ്പോലെ നോക്കിക്കാണാൻ മനസ്സുകാണിച്ച മഹാമനുഷ്യൻ' എന്നാണത്രെ സ്റ്റാലിൻ അദ്ദേഹത്തെ വിശേഷിപ്പിച്ചത്.

1962 മേയ് 11ന് സ്വതന്ത്രഭാരതത്തിന്റെ രണ്ടാമത്തെ രാഷ്ട്രപതിയായി സത്യപ്രതിജ്ഞ ചെയ്ത സന്ദർഭത്തെ അനുസ്മരിച്ചുകൊണ്ട് പ്രസിദ്ധ ദാർശനികനും നൊബേൽ ജേതാവുമായ ബർട്രാൻഡ് റസ്സൽ ഒരു അഭിമുഖത്തിൽ പറഞ്ഞു: ''ഡോ. രാധാകൃഷ്ണൻ ഇന്ത്യയുടെ പ്രസിഡന്റായത് തത്വശാസ്ത്രത്തിനൊരു ബഹുമതിയാണ്. ഒരു തത്വചിന്തകൻ എന്ന നിലയിൽ ഞാനതിൽ പ്രത്യേകം ആഹ്ലാദിക്കുന്നു. തത്വചിന്തകരായിരിക്കണം രാജാക്കന്മാർ എന്ന പ്ലേറ്റോയുടെ അഭിലാഷം സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നു. തങ്ങളുടെ രാഷ്ട്രപതി ഒരു ദാർശനികനായിരിക്കുന്നതിൽ ഭാരതീയർക്ക് അഭിമാനിക്കാം!''

ഇന്ത്യയുടെ പരമോന്നത ബഹുമതിയായ 'ഭാരതരത്നം' സ്വീകരിക്കാൻ ഭാഗ്യമുണ്ടായ അപൂർവം ഭാരതപുത്രന്മാരിൽ ഒരാളായിത്തീരാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നത് ആ വ്യക്തിമഹത്വത്തിന്റെ കിരീടത്തിൽ രാഷ്ട്രം ചാർത്തിക്കൊടുത്ത പൊൻതൂവലാണെന്നതിൽ സംശയമില്ല.

പ്രഗത്ഭനായ അധ്യാപകൻ, കഴിവുതെളിയിച്ച വൈസ് ചാൻസിലർ, അതിലെല്ലാമുപരി ലോകം ആദരിക്കുന്ന ഭാരതീയ ദാർശനികന്മാരുടെ പരമ്പരയിലെ ഒരാൾ എന്നിങ്ങനെ അദ്ദേഹത്തിനുള്ള വിശേഷണങ്ങൾ അനവധിയാണ്. അധ്യാപകനും, അധ്യാപകവൃത്തിക്കും വിദ്യാർഥിസമൂഹത്തിനും ഇതിൽപ്പരം മാതൃകയായ മറ്റൊരു വ്യക്തിയെ നമുക്ക് ചൂണ്ടിക്കാട്ടാനും കഴിയില്ല. അതിന്റെയെല്ലാം പ്രതിസ്പന്ദമെന്ന നിലയിലാണ് 1967 മുതൽ ഡോ. എസ്. രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്തംബർ 5 ദേശീയ അധ്യാപകദിനമായി നമ്മൾ ആചരിച്ചു തുടങ്ങുന്നത്. ജീവിച്ചിരിക്കുമ്പോൾ തന്നെ നമ്മുടെയെല്ലാം ഓർമകളുടെ കലണ്ടറിൽ ഇടം നേടാൻ ഭാഗ്യമുണ്ടായ ദാർശനികനായ അധ്യാപകൻ.



Photo : Olympics. com

# ആളും ആരവവുമില്ലാതെ ടോക്കിയോ ഒളിംപിക്സ്



സനിൽ പി.തോമസ്

**രണ്ടാം തവണ ഗ്രീഷ്മകാല ഒളിംപിക്സിന് വേദിയായി തിരഞ്ഞെടുക്കപ്പെട്ട ജപ്പാൻ, കോവിഡ് മഹാമാരി ഉയർത്തിയ സകലവിധ വെല്ലുവിളികളെയും അതിജീവിച്ച് ഒളിംപിക്സ് 2020 വിസ്മയകരമാക്കി. ഇപ്രാവശ്യത്തെ ഒളിംപിക്സ് ഇന്ത്യക്ക് സമ്മാനിച്ചത് ചരിത്രമുഹൂർത്തങ്ങളും...**

'ലോകം ഇതുവരെ കാണാത്ത അതിനൂതന സാങ്കേതികവിദ്യയുടെ വിസ്മയാനുഭവമാകും ടോക്കിയോ ഒളിംപിക്സ്.'

രണ്ടാം തവണ ഗ്രീഷ്മകാല ഒളിംപിക്സിന് വേദിയായി തിരഞ്ഞെടുക്കപ്പെട്ട ജപ്പാന്റെ പ്രഖ്യാപനം ആരെയും അത്ഭുതപ്പെടുത്തിയില്ല, കാരണം ജപ്പാന് അതു സാധിക്കും. ഒടുവിൽ കോവിഡ് മഹാമാരി ഉയർത്തിയ സകലവിധ വെല്ലുവിളികളെയും അതിജീവിച്ച് ജപ്പാൻ, ഒളിംപിക്സ് 2020 യാഥാർഥ്യമാക്കി. കഴിഞ്ഞ വർഷം ജൂലൈ 24 മുതൽ ഓഗസ്റ്റ് 9 വരെ നിശ്ചയിച്ചിരുന്ന ഒളിംപിക്സ് ഈ വർഷം ജൂലൈ 23 മുതൽ ഓഗസ്റ്റ് 8 വരെയാക്കുകയായിരുന്നു.

2020 മാർച്ച് 12ന് ആതൻ

സിലെ പനാതെനെയ്ക് മാർബിൾ സ്റ്റേഡിയത്തിൽ ദീപശിഖ ജ്വലിപ്പിച്ചപ്പോൾ തന്നെ ലോകം കോവിഡിന്റെ പിടിയിൽ ആയിരുന്നു. ആളൊഴിഞ്ഞ സ്റ്റേഡിയത്തിലാണ് ചടങ്ങ് നടന്നത്. ജപ്പാനിൽ ദീപശിഖാ പ്രയാണം കഴിഞ്ഞവർഷം മാർച്ച് 26ന് തുടങ്ങാനിരിക്കെ അതിന് രണ്ടുനാൾ മുൻപ് ഗെയിംസ് ഒരു വർഷം നീട്ടിവച്ചതായി രാജ്യാന്തര ഒളിംപിക് സമിതി പ്രഖ്യാപിച്ചു.

ലോകയുദ്ധങ്ങൾ കാരണം 1916ലും 1940ലും 44ലും റദ്ദാക്കപ്പെട്ട ഒളിംപിക്സ് നീട്ടിവച്ചത് ചരിത്രത്തിൽ ആദ്യം.

ഗെയിംസ് നീട്ടിവയ്ക്കുമ്പോൾ സംഘാടക സമിതിയും ഐ.ഒ.സി.യും തമ്മിൽ പ്രത്യേക കരാർ എഴുതി. 'ടോക്കിയോ 2020' എന്ന ലേബൽ മാറ്റില്ല. കാരണം മെഡലുകളും അക്രഡിറ്റേഷനും ഉൾപ്പെടെ സകലതിലും അങ്ങനെ മുദ്രണം ചെയ്യപ്പെട്ടുകഴിഞ്ഞിരുന്നു. പക്ഷേ, ആശങ്കകൾ അകന്നില്ല. ഒടുവിൽ നാഷണൽ സ്റ്റേഡിയത്തിൽ, ടെന്നിസ് താരം നവോമി ഒസാക്ക ദീപം തെളിച്ചപ്പോൾ കായികലോകം ആശ്വസിച്ചു. ടോക്കിയോ 2020 യാഥാർഥ്യമായി.

വേദികളെല്ലാം വളരെ നേരത്തേ സജ്ജമായിരുന്നു. 42 വേദികളിൽ 33 കായിക ഇനങ്ങളിൽ 339 സ്വർണമെഡലുകൾക്കാണ് പോരാട്ടം.

ടോക്കിയോയിൽ ബേസ്ബോളും സോഫ്റ്റ് ബോളും മടങ്ങിയെത്തിയപ്പോൾ പുതിയ നാല് ഇനങ്ങൾ ഉൾപ്പെടുത്തി. കരാട്ടെ, സ്കേറ്റ് ബോർഡിങ്, സർഫിങ്, സ്പോർട് ക്ളൈംബിങ് എന്നിവയാണ് പുതിയ ഇനങ്ങൾ.

കോവിഡ് സാഹചര്യങ്ങളിൽ ചില പ്രമുഖതാരങ്ങൾ വിട്ടുനിന്നു. യോഗ്യതാമത്സരങ്ങൾ പലതും മുടങ്ങിയതിനാൽ



ചിലർക്കെങ്കിലും ബെർത്ത് ഉറപ്പിക്കാനായില്ല. പക്ഷേ, രാജ്യാന്തര ഒളിംപിക് സമിതിയിലെ 206 അംഗരാജ്യങ്ങളിൽ (ദേശീയ ഒളിംപിക് സമിതികൾ) ഉത്തര കൊറിയ ഒഴിച്ചാരും പിൻവാങ്ങിയില്ല എന്നത് വലിയ നേട്ടമായി.

ഒഴിഞ്ഞ ഗാലറികളെ സാക്ഷിനിർത്തിയാണ് മത്സരങ്ങൾ നടന്നത്. വിദേശ കാണികൾക്ക് നേരത്തേ വിലക്കേർപ്പെടുത്തിയ സംഘാടകർ ഒടുവിൽ നാട്ടുകാരെയും വിലക്കി.

ആതിഥേയരാജ്യത്തിന് ഉത്സ



പി. വി. സിന്ധു



മീരാബായ് ചാനു



ബജ്റങ് പൂനിയ

രവികുമാർ ദാഹിയ



Photo : Olympics. com



വമാകേണ്ട ഒളിംപിക്സ് എന്ന മഹാമേള ജപ്പാൻകാരും ടിവിയിൽ കാണേണ്ടി വന്നു.

ചരിത്രത്തിൽ ആദ്യമായാണ് ഒരു വനിത ആതൻസിൽ ഒളിംപിക് ദീപശിഖാ പ്രയാണത്തിന് തുടക്കം കുറിച്ചത്. ഗ്രീസിലെ ഒളിംപിക് ഷൂട്ടിങ് ചാംപ്യൻ അന്ന കൊരക്കാക്കിയാണ് ഗ്രീക്ക് നടി സാന്തി ജോർജിയുവിൽ നിന്ന് ഏറ്റുവാങ്ങിയത്.

ഒട്ടേറെ മിക്സ്ഡ് ഇനങ്ങൾ വിവിധ കായികവിഭാഗങ്ങളിൽ ഉൾപ്പെടുത്തിയ ടോക്കിയോ സംഘാടകർ ഉദ്ഘാടന മാർച്ച് പാസ്റ്റിൽ ദേശീയപതാക പിടിക്കാനും ഒരു വനിതാ താരത്തിനു കൂടി അവസരമൊരുക്കി. ഇന്ത്യയ്ക്കായി ഹോക്കി ടീം നായകൻ മൻപ്രീത് സിങ്ങും ബോക്സിങ് താരം മേരി കോമും ത്രിവർണ പതാക പിടിച്ചു.

ഇന്ത്യൻ സംഘത്തിൽ 120 കായിക താരങ്ങൾ ( 68 പുരുഷന്മാരും 52 വനിതകളും) ആണ് ഉൾപ്പെട്ടത്. കോവിഡ് ഭീഷണിയിൽ സപ്പോർട്ട് താരങ്ങളായി പിന്നീട് ഏഴുപേരെ ക്കൂടി അയച്ചു. 18 കായിക ഇനങ്ങളിൽ 85 മെഡലുകൾക്കായിട്ടായിരുന്നു ഇന്ത്യയുടെ പോരാട്ടം. ആദ്യ ദിനം തന്നെ വെള്ളി മെഡൽ നേടിക്കൊണ്ട് ഭാരോദ്വഹന താരം മീരാബായ് ചാനു ഇന്ത്യക്ക് നല്ല തുടക്കം നൽകി.

ഇതുവരെ ഇന്ത്യ ഒളിംപിക്സിന് അയച്ച ഏറ്റവും വലിയ സംഘമാണ് ടോക്കിയോയിൽ എത്തിയത്. 2016ൽ റിയോയിൽ 117 താരങ്ങളെ ഇറക്കിയതായിരുന്നു ഇതുവരെയുള്ള റെക്കോർഡ്.

ഒൻപതു മലയാളികൾ ഇന്ത്യൻ ടീമിൽ സ്ഥാനം നേടിയെങ്കിലും അതിൽ ഒരു വനിതാ താരമില്ല എന്നത് ശ്രദ്ധേയമാണ്. 1980ൽ മോസ്കോയിൽ പി.ടി. ഉഷ പങ്കെടുത്ത ശേഷം മലയാളി വനിതയില്ലാതെ ഒരു ഇന്ത്യൻ ഒളിംപിക് ടീം ആദ്യമാണ്.


മീരാബായ് ചാനു തുടക്കമിട്ട ഇന്ത്യയുടെ മെഡൽ നേട്ടം വനിതകൾ തുടരുന്നതാണ് പിന്നീട് കണ്ടത്. പി.വി. സിന്ധു ബാഡ്മിന്റനിൽ നേടിയ വെങ്കലത്തിന് തിളക്കമേറെ. സെമിയിൽ ചൈനീസ് തായ്പേയ്യുടെ തായ് സു യിങ്ങിനോട് പരാജയപ്പെട്ടെങ്കിലും ചൈനയുടെ ഹിബിങ് ജാവോയെ തോൽപ്പിച്ച് സിന്ധു വെങ്കലം നേടിയപ്പോൾ ഒളിംപിക്സിൽ രണ്ടു വ്യക്തിഗത മെഡൽ നേടിയ രണ്ടാമത്തെ ഇന്ത്യൻ താരവും

ആദ്യ ഇന്ത്യൻ വനിതയുമായി സിന്ധു. റിയോയിൽ സിന്ധു വെള്ളി നേടിയിരുന്നു.

വനിതകളുടെ ബോക്സിങ്ങിൽ മേരി കോം പുറത്തായപ്പോൾ വെൽറ്റർ വെയ്റ്റ് വിഭാഗത്തിൽ മത്സരിച്ച ലവ്ലീനാ ബൊർഗോ ഹെയ്ൻ മെഡൽ ഉറപ്പിച്ചു.

ഹോക്കിയിൽ പുരുഷന്മാർക്കു പുറമേ ഇന്ത്യൻ വനിതകൾ സെമിയിൽ കടന്നത് ചരിത്രസംഭവമായി. കരുത്തരായ ഓസ്ട്രേലിയയെയാണ് അവർ ക്വാർട്ടറിൽ തോൽപ്പിച്ചത്. റിയോയിൽ ഏറ്റവും പിന്നിലായിരുന്ന ഇന്ത്യൻ വനിതാ ടീം ടോക്കിയോയിൽ നടത്തിയ കുതിപ്പ് അവിസ്മരണീയമാണ്.

ഒളിംപിക്സിൽ ചരിത്രമുന്നേറ്റമാണ് ഇന്ത്യ ടോക്കിയോയിൽ കാഴ്ചവച്ചത്. ഒരു സ്വർണം, രണ്ടു വെള്ളി, നാലു വെങ്കലം. 2012ൽ ലണ്ടനിൽ നേടിയ രണ്ടു വെള്ളി, നാലു വെങ്കലമായിരുന്നു ഇതുവരെയുള്ള മികച്ച പ്രകടനം. നീരജ് ചോപ്ര ജാവലിൻ ത്രോയിൽ സ്വർണം നേടിയപ്പോൾ (87.58




പി. ആർ. ശ്രീജേഷ്

**ഹോക്കിയിൽ പുരുഷന്മാർക്കു പുറമേ ഇന്ത്യൻ വനിതകൾ സെമിയിൽ കടന്നത് ചരിത്രസംഭവമായി. കരുത്തരായ ഓസ്ട്രേലിയയെയാണ് അവർ ക്വാർട്ടറിൽ തോൽപ്പിച്ചത്. റിയോയിൽ ഏറ്റവും പിന്നിലായിരുന്ന ഇന്ത്യൻ വനിതാ ടീം ടോക്കിയോയിൽ നടത്തിയ കുതിപ്പ് അവിസ്മരണീയമാണ്.**





Photo : Hockey India .org

**ഒളിംപിക്സിൽ ഇന്ത്യൻ വനിതകളുടെ കുതിപ്പ് ശ്രദ്ധേയമാണ്. മെഡൽ നേട്ടങ്ങൾക്കു പുറമേ വനിതാ ഹോക്കിയിലെ ഇന്ത്യയുടെ പ്രകടനം അവിസ്മരണീയമായിരുന്നു. വെങ്കല മെഡൽ പോരാട്ടത്തിൽ നിർഭാഗ്യം കൊണ്ടു മാത്രമാണ് റാണി റാംഫാലിന്റെ ടീം ബ്രിട്ടനോട് തോറ്റത്. വനിതാ ഗോൾഫിൽ അതിഥി അശോകിനെയും നാലാം റൗണ്ടിൽ ഭാഗ്യം കൈവിടുകയായിരുന്നു.**

മീറ്റർ) അത് ഒളിംപിക്സ് ട്രാക് ആൻഡ് ഫീൽഡിൽ ഇന്ത്യയുടെ പ്രഥമ മെഡലുമായി. മിൽഖാ സിങ്ങിനും പി. ടി. ഉഷയ്ക്കും അഞ്ജു ബോബി ജോർജിനുമൊക്കെ കൈവിട്ടുപോയ ഒളിംപിക് മെഡൽ നീരജ് എന്ന ഇരുപത്തിമൂന്നുകാരൻ സാധ്യമാക്കി.

ഒളിംപിക് ട്രാക്ക് ആൻഡ് ഫീൽഡിൽ ഫൈനലിൽ കടന്ന ഇന്ത്യക്കാർ നീരജ് ഉൾപ്പെടെ ഒരു ഡസൻ എന്നു കാണുമ്പോൾ ഈ സുവർണ വിജയത്തിന്റെ മഹത്ത്വം വ്യക്തമാകും. മെഡൽ നിശ്ചയിക്കപ്പെട്ട ആദ്യദിനം തന്നെ മീരാബായ് ചാനു 49 കിലോ വിഭാഗം ഭാരോദ്വഹനത്തിൽ വെള്ളി നേടിക്കൊണ്ടാണ് മെഡൽ പട്ടികയിൽ ഇന്ത്യയുടെ അക്കൗണ്ട് തുറന്നത്. പി.വി. സിന്ധു ബാഡ്മിന്റനിൽ വെങ്കലം നേടിയപ്പോൾ ഒളിംപിക്സിൽ വ്യക്തിഗത ഇനത്തിൽ രണ്ടു മെഡൽ നേടുന്ന രണ്ടാമത്തെ ഇന്ത്യൻ താരമായി. റിയോയിൽ സിന്ധു വെള്ളി കരസ്ഥമാക്കിയിരുന്നു. ഗുസ്തി താരം സുശീൽ കുമാറിനാണ് ഇതിനുമുമ്പ് രണ്ടു മെഡൽ ലഭിച്ചത്.

ഗുസ്തിയിൽ തുടർച്ചയായ നാലാം ഒളിംപിക്സിലും ഇന്ത്യക്കു മെഡൽ കിട്ടി. ഇക്കുറി ഫ്രീസ്റ്റൈൽ വിഭാഗത്തിൽ രവികുമാർ ദാഹിയ 57 കിലോയിൽ വെള്ളിയും ബജ്റങ് പൂനിയ 65 കിലോയിൽ വെങ്കലവും നേടി. ബോക്സിങ് 69 കിലോയിൽ ലവ്‌ലീനാ ബൊർഗോ ഹെയ്ൻ വെങ്കലം സ്വന്തമാക്കി. പുരുഷ ഹോക്കിയിൽ 41 വർഷത്തിനു ശേഷം ഇന്ത്യ പോഡിയത്തിൽ കയറി. ആ വെങ്കല മെഡൽ നേട്ടത്തിൽ മലയാളി ഗോൾകീപ്പർ പി.ആർ. ശ്രീജേഷിന്റെ മികച്ച പ്രകടനം എടുത്തുപറയേണ്ടതുണ്ട്.



ലവ്‌ലീനാ ബൊർഗോ ഹെയ്ൻ

Photo : Olympics. com

ഒളിംപിക് മെഡൽ നേടുന്ന രണ്ടാമത്തെ കേരളീയനാണ് ശ്രീജേഷ്. 1972ൽ ഇന്ത്യൻ ഹോക്കി ടീം വെങ്കലം നേടിയപ്പോൾ കണ്ണൂർ സ്വദേശി മാനുവൽ ഫ്രെഡറിക്സ് ആയിരുന്നു ഗോളി.


ഒളിംപിക്സിൽ ഇന്ത്യൻ വനിതകളുടെ കുതിപ്പ് ശ്രദ്ധേയമാണ്. മെഡൽ നേട്ടങ്ങൾക്കു പുറമേ വനിതാ ഹോക്കിയിലെ ഇന്ത്യയുടെ പ്രകടനം അവിസ്മരണീയമായിരുന്നു. വെങ്കല മെഡൽ പോരാട്ടത്തിൽ നിർഭാഗ്യം കൊണ്ടു മാത്രമാണ് റാണി റാംഫാലിന്റെ ടീം ബ്രിട്ടനോട് തോറ്റത്. വനിതാ ഗോൾഫിൽ അതിഥി അശോകിനെയും നാലാം റൗണ്ടിൽ ഭാഗ്യം കൈവിടുകയായിരുന്നു. മൂന്നാം റൗണ്ട് കഴിഞ്ഞപ്പോൾ അതിഥി രണ്ടാം സ്ഥാനത്തായിരുന്നു. ഡിസ്കസ് ത്രോയിൽ കമൽ പ്രീത് കൗർ നേടിയ ആറാം സ്ഥാനവും രേഖപ്പെടുത്തേണ്ടതാണ്.

ഇന്ത്യൻ കായികരംഗത്തേക്ക് കൂടുതൽ വനിതകൾ കടന്നുവരാൻ വഴിതെളിഞ്ഞു. 2024ൽ പാരിസിൽ ഇന്ത്യ മെഡൽ നേട്ടത്തിൽ രണ്ടക്കമാകട്ടെ.




# പട്ടം പറപ്പിക്കട്ടെ

പി. കുഞ്ഞിരാമൻ നായർ



പാരിടമൊന്നായിക്കാണും നേട്ടം
പാറട്ടെ വാനിലെൻ കൊച്ചുപട്ടം.
താമരപ്പൂവിൻ മണവുമായ് നീ–
യോമനക്കാറ്റേ, വരികരികിൽ.
ഓരോ പടിയായ്ക്കയറുകെന്റെ
ചേതോഹരമാം വിചാരശില്പം,
താടിനരച്ചോരെന്നച്ഛനേപ്പോൽ
താഴത്തേക്കാകാശം  നോക്കിനിൽപ്പൂ.
പൊൻമകന്നാശിസ്സു നേരുകയാ–
മമ്മയെപ്പോലഴകാർന്ന ഭൂമി.
സൂരകരങ്ങൾ തലോടി നിൽപ്പൂ
പോരിക മേൽപ്പോട്ടെന്നോതി മേഘം!
പാരിടമൊന്നായിത്തീരും നേട്ടം
പാറട്ടെ മീതെയെൻ കൊച്ചുപട്ടം.
കാറ്റിൻ തുണയാലുയർന്നുയർന്നു
മീതെ പറവയായ് ചേർന്നുനിന്നു,
ഈ ലോകം വീക്ഷിക്കും നിൻ കരളിൻ
നൂലറ്റുപോകാതിരിക്കയെന്നും!
മാനവനെന്നും വഴക്കടിച്ചു
കോലം കെടുത്തിയ പാരിൽനിന്നും,
പാവനചിന്താനഭസ്സിൽ, മീതെ
പാറട്ടെയെന്നുമെൻ കൊച്ചുപട്ടം.
താമരപ്പൂവിൻ മണവുമായ് നീ–
യോമനക്കാറ്റേ, വരികരികിൽ!





വര: ബാബുരാജൻ

കഥ

# കെറ്റീഷ

**സാറാ ജോസഫ്**

കെറ്റീഷ പാവമാണ്. ചെമ്പിച്ച ചപ്രത്തലമുടിയും വലിയ കണ്ണുകളുമുള്ള ഒരു കൊച്ചുപെണ്ണ്! അവൾ മെലിഞ്ഞിട്ടാണ്. നല്ല പോലെ വെളുത്തിട്ടുമാണ്. പക്ഷേ എപ്പോഴും മുടി ചിക്കിപ്പറത്തിയിടുന്നതുകൊണ്ട് അവളുടെ നക്ഷത്രംപോലെ തിളങ്ങുന്ന കണ്ണുകളോ വെളുത്ത മുഖമോ മുഴുവനായി കാണാൻ പറ്റില്ല.

കെറ്റീഷയ്ക്കാരുമില്ല.

നേരം പരപരാ വെളുക്കുമ്പോൾ കാണാം, പറപ്പിച്ചിട്ട തലമുടിയും തിരുമ്മിച്ചുവന്ന മുഖവുമായി കെറ്റീഷ കോൺവെന്റിന്റെ ഗേറ്റിലേക്കോടുന്നത്. ഓടുമ്പോൾ പാവാടച്ചരടിൽ കോർത്തിട്ട താക്കോൽക്കൂട്ടം കിലുങ്ങും. അവൾ ഗേറ്റു തുറന്നാലുടനെ കന്യാസ്ത്രീകൾ വരിവരിയായി പടികടന്നുപോകും, പള്ളിയിലേക്ക്. അങ്ങനെ കെറ്റീഷയുടെ ദിവസം ആരംഭിക്കും.

കോൺവെന്റിലെ വിറകുപുരയുടെ മൂലയ്ക്ക് കൊളുത്തിയിട്ടിരിക്കുന്ന ഉമിക്കരിപ്പാട്ടയിൽനിന്ന് ഒരു നുള്ള് ഉമിക്കരിയെടുത്ത് ചെമ്പൻമുടിക്കിടയിലൂടെ പല്ലുതേച്ചുകൊണ്ട് കെറ്റീഷ കിണറ്റുകരയിലേക്കു നടക്കും. മുഖം കഴുകിയാലുടനെ ഒരോട്ടം! അടുക്കളയിൽ ഒരു കപ്പ് കട്ടൻകാപ്പി അവളെക്കാത്തിരിപ്പുണ്ടാവും. വിറകുപുരയിൽ ഒരീർക്കിൽച്ചൂലും!

മണലുവിരിച്ച മുറ്റത്ത്, പതിയുന്ന കിരുകിരാശബ്ദത്തിൽ ഈർക്കിൽത്തുമ്പുകൾ വരിയൊപ്പിച്ചുവീഴും. കെറ്റീഷ മുറ്റമടിച്ചു കഴിയുമ്പോഴേക്കും വെളിച്ചം പരന്നു തുടങ്ങും. കോൺവെന്റിന്റെ മുറ്റം വളരെ വിശാലമാണ്. അടിച്ചു വൃത്തിയാക്കിക്കഴിയുമ്പോഴേക്കും കെറ്റീഷയുടെ നടു നോവും. കൈ കഴയ്ക്കും. അതൊന്നുമവൾ സാരമാക്കാറില്ല. പക്ഷേ നടപ്പാതയ്ക്കിരുവശത്തും പൂത്തുലഞ്ഞുനിൽക്കുന്ന മഞ്ഞപ്പൂമരങ്ങൾ തലേന്നു കൊഴിച്ചിട്ട പൂക്കളിൽ ഈർക്കിൽത്തുമ്പു കുത്തിക്കേറുമ്പോൾ കെറ്റീഷയ്ക്കു വേദനിക്കും.

നടപ്പാത മുഴുവനും ആ പൂക്കൾ അങ്ങനെ കിടന്നാൽ എന്താണു തകരാറ്? പൂക്കൾ അടിച്ചുവാരിക്കളയുന്നത് എന്തു സങ്കടമാണ്!

പക്ഷേ സിസ്റ്റർ മാർഗരറ്റ് കെറ്റീഷയുടെ ചെവിപിടിച്ചു തിരുമ്മും.

''അടിച്ചു വൃത്തിയാക്ക്!''

അവർ കല്പിക്കും. ഈർക്കിൽത്തുമ്പുകൊണ്ട് ചതയുന്ന പൂക്കളെ ഉള്ളം കൈയിലെടുത്ത് ഉമ്മവെച്ച് ദുഃഖത്തോടെ കെറ്റീഷ ചോദിക്കും,

''വേദനിച്ചോ!''

കെറ്റീഷ മുറ്റമടിച്ചുവൃത്തിയാക്കി ചൂല് വിറകുപുരയിൽ കൊണ്ടുവെച്ച്, വരുമ്പോഴേക്കും സിസ്റ്റർ മാർഗരറ്റ് മണിയടിക്കും. ബോർഡിംഗിലുള്ള കുട്ടികൾക്ക് ഉണരാനുള്ള മണി. പിന്നെ കെറ്റീഷയ്ക്ക് നല്ല തിരക്കാവും.

''കെറ്റീഷാ, ഇവിടെ വരൂ.''

''കെറ്റീഷാ, അതെടുക്കൂ.''

''ഇതെടുത്തുതരൂ കെറ്റീഷാ...''

''കെറ്റീഷാ ... കെറ്റീഷാ... കെറ്റീഷാ...''

അറുപതു ബെഡ്ഡുകളും തട്ടിക്കുടഞ്ഞു വൃത്തിയാക്കി, മുറികളടിച്ചുവാരി പുറത്തുകടക്കുമ്പോഴേക്കും പാവം കൊച്ചുകെറ്റീഷ വിയർത്തുപോകും. അവളുടെ നെറ്റിയിൽ വിയർപ്പിൽ നനഞ്ഞുകുതിർന്ന ചെമ്പൻമുടി പറ്റിപ്പിടിക്കും.

കുട്ടികളുടെ കാപ്പികുടി കഴിയുന്നതുവരെ കാത്തുനിൽക്കണം കെറ്റീഷ. പിന്നെയാണവൾക്ക് കാപ്പികിട്ടുക. കുട്ടികൾ ബാക്കിയിട്ട കേക്കുകഷ്ണങ്ങളോ ബിസ്ക്കറ്റോ റൊട്ടിയോ എന്തെങ്കിലുമൊക്കെ നിറച്ച ഒരു കോപ്പ സൂസൻ ചേടത്തി അവൾക്കായി കാത്തുവച്ചിരിക്കും.

അടുക്കളയിൽ പണിയുന്ന തടിച്ചുകൊഴുത്ത സൂസൻ ചേടത്തിയെ കെറ്റീഷയ്ക്കിഷ്ടമാണ്. സൂസൻ ചേടത്തിക്കും ആരുമില്ല.

താറാവുപോലെ അവർ ഉരുണ്ടു കൊഴുത്തിരിക്കുന്നത് അവർ അടുക്കളയിൽ പണിയുന്നതുകൊണ്ടാണ്. എന്നാലും മഠത്തിൽ കെറ്റീഷയെ സ്നേഹിക്കുന്ന ഒരേ ഒരാൾ സൂസൻചേടത്തി

കോൺവെന്റിന്റെ മുറ്റം വളരെ വിശാലമാണ്. അടിച്ചു വൃത്തിയാക്കിക്കഴിയുമ്പോഴേക്കും കെറ്റീഷയുടെ നടു നോവും. കൈ കഴയ്ക്കും. അതൊന്നുമവൾ സാരമാക്കാറില്ല. പക്ഷേ നടപ്പാതയ്ക്കിരുവശത്തും പൂത്തുലഞ്ഞുനിൽക്കുന്ന മഞ്ഞപ്പൂമരങ്ങൾ തലേന്നു കൊഴിച്ചിട്ട പൂക്കളിൽ ഈർക്കിൽത്തുമ്പു കുത്തിക്കേറുമ്പോൾ കെറ്റീഷയ്ക്ക് വേദനിക്കും.

യാണ്.

വലിയ വെളുത്ത മണികളുള്ള കൊന്തയിലെ ക്രൂശിതരൂപത്തെത്തൊട്ട് അവർ പലപ്പോഴും പറഞ്ഞിട്ടുണ്ട്.

"കെറ്റീഷക്കൊച്ചേ! കർത്താവാണ് സത്യം! നിന്നെ ഞാൻ ഈ നരകത്തീന്നു രക്ഷിക്കും. അതിനുള്ളത് ഞാൻ സമ്പാദിക്കും."

എന്നിട്ടവർ ആരും കാണാതെ ഒളിച്ചുവെച്ച ഒരു മുട്ടയോ, കേക്കിന്റെ കഷ്ണമോ, ഒരു നുള്ളു വെണ്ണയോ അവളുടെ വായിൽ അമർത്തി വയ്ക്കും. കെറ്റീഷയ്ക്കത് അത്രയ്ക്കിഷ്ടമാണെന്നു പറഞ്ഞുകൂടാ. ഒന്നാമത് അവൾക്കങ്ങനെ വിഴുങ്ങാൻ അറിയില്ല.

"വിഴുങ്ങാൻ പഠിക്ക് എലുമ്പത്തിക്കൊച്ചേ."

സൂസൻചേടത്തി പറയും. കാപ്പി കുടിച്ച് ഓടിപ്പോകുമ്പോൾ കെറ്റീഷയ്ക്ക് അതോർത്ത് ചിരി വരും. കാപ്പികുടി കഴിഞ്ഞാലും അവൾക്കു ജോലിയാണ്. അറുപതുജോഡി ഷൂസുകൾ പോളീഷ് ചെയ്തു മിനുക്കണം. കുട്ടികൾ അവ മേശയ്ക്കടിയിലോ കട്ടിലിന്നടിയിലോ– ചിലപ്പോൾ കെറ്റീഷയെ പറ്റിക്കാൻ കിടക്കയ്ക്കടിയിലോ വലിച്ചെറിഞ്ഞിട്ടുണ്ടാവും. അതെല്ലാം തേടിപ്പിടിച്ച് പോളീഷ് ചെയ്തുകഴിയുമ്പോഴേക്കും കെറ്റീഷയുടെ കൈ വേദനിച്ചു നാശമാവും.

നടക്കുന്ന കെറ്റീഷയെക്കാണാൻ വിഷമമാണ്. കെറ്റീഷ എപ്പോഴും ഓടും. രാവിലെ അഞ്ചുമണിക്കുണരുമ്പോൾ മുതൽ രാത്രി പത്തുമണിക്കു കിടക്കുന്നതുവരെ കെറ്റീഷയ്ക്ക് ഓടിക്കൊണ്ടേയിരിക്കണം. ഗേറ്റുതുറക്കാൻ ഒരായിരം പ്രാവശ്യമെങ്കിലും താക്കോലും കിലുക്കി അവൾ ഓടുന്നതു കാണാം.

കാറുകൾ! ലോറികൾ! ആട്ടോറിക്ഷകൾ! നിരന്തരം ഒഴുകിവരുന്ന ആളുകൾ!

ഗേറ്റു തുറക്കാൻ കെറ്റീഷ തന്നെ വേണം. അതും ഗേറ്റിൽ കാറിന്റെ ഹോൺ കേട്ടയുടനെ എവിടെയാണെങ്കിലും അവിടം മുതൽ ഓടണം. അവളെങ്ങാനും മെല്ലെ നടന്നുവരുന്നതു കണ്ടാൽ കാറുകാരൻ ധൃതിവയ്ക്കും, അയാൾ തുടരെത്തുടരെ ഹോണടിക്കും. സിസ്റ്റർ റോസിറ്റയ്ക്ക് ഹോണടികൾ ഭയങ്കര ദേഷ്യമാണ്. ഗേറ്റിൽ വരുന്നവർ ബഹളം വെച്ചാൽ കുറ്റം കെറ്റീഷയ്ക്കാവും.

"കെറ്റീഷാ, നിനക്ക് ഓടിപ്പോയ് ആ ഗേറ്റ് തുറന്നൂടെ പെണ്ണേ... ചെവി ഞാൻ പൊന്നാക്കും... ങ്ആ!"

കെറ്റീഷയ്ക്ക് രോഗം പോലും വരാൻ പാടില്ലെന്നാണു തോന്നുന്നത്. ഒരിക്കൽ അവൾക്ക് പനി വന്നിരുന്നു. ഗേറ്റു തുറക്കാൻ പോകാൻ പറ്റാത്തവിധം അവളുടെ തല കറങ്ങിക്കൊണ്ടിരുന്നു. കാറുകാരനോ ലോറിക്കാരനോ സർവശക്തിയുമെടുത്ത് ഹോണടിച്ചു. സിസ്റ്റർ റോസിറ്റയുടെ ചെകിടുപൊളിഞ്ഞു.

"കർത്താവീശോമിശിഹായേ!"

സിസ്റ്റർ റോസിറ്റ പഞ്ഞിക്കഷണം ചെവിയിൽത്തിരുകിക്കൊണ്ട് പാഞ്ഞുവന്നു. കെറ്റീഷയുടെ നേരെ അവർ ഒരു ചാട്ടം! സൂസൻചേടത്തി അവളുടെ പാവാടച്ചരടിൽ നിന്നും താക്കോൽ അഴിച്ചെടുത്ത് ഗേറ്റിലേക്ക് താറാവുപോലെ ഉരുണ്ടുചെന്നു. പക്ഷേ സിസ്റ്റർ റോസിറ്റ ചെവിയിൽ നിന്ന് പഞ്ഞിയെടുക്കാൻ കൂട്ടാക്കിയില്ല. കെറ്റീഷയ്ക്ക് അന്നുമുഴുവൻ മണലിൽ മുട്ടുകുത്തി നില്ക്കേണ്ടി വന്നു. നല്ല പനിയുണ്ടായിരുന്നതുകൊണ്ട് സൂസൻചേടത്തി അവളെ പിടിച്ചെഴുന്നേല്പി



വര: വേഗാ ഫീച്ചേഴ്സ്

ക്കുകയാണുണ്ടായത്!

"ഇവറ്റ മഹാ ക്രൂരകളാ." സൂസൻ ചേടത്തി അമർഷത്തോടെ പറഞ്ഞു. പിന്നെ, പള്ളിയിൽ പോകുമ്പോൾ തലയിലിടുന്ന തുണിയിൽ പൊതിഞ്ഞുവച്ചിരുന്ന ബാമെടുത്ത് കെറ്റീഷയുടെ നെറ്റിയിലും കഴുത്തിലും തടവി. കരുപ്പെട്ടിക്കാപ്പിയുണ്ടാക്കിക്കുടിപ്പിച്ചു.

രാത്രി കെറ്റീഷ, സൂസൻ ചേടത്തിയുടെ ഒപ്പമാണു കിടക്കുക. അവർ ഡൊമിനിക് പുണ്യവാളന്റെയും മരിയഗൊരേത്തിയുടെയും വിശുദ്ധ ചെറുപുഷ്പത്തിന്റെയും കഥകൾ അവൾക്കു പറഞ്ഞുകൊടുക്കും. കെറ്റീഷയ്ക്ക് ഒരുപാടു സംശയങ്ങളുണ്ട്. അതൊന്നും സൂസൻചേട്ടത്തിയോടുപോലും ചോദിക്കാൻ അവൾക്കാവില്ല.

പാവം കെറ്റീഷ! ബോർഡിംഗിലെ കുട്ടികൾ സ്കൂളിൽപ്പോയിക്കഴിഞ്ഞാൽ അവളുടെ ജോലിക്ക് അല്പം ആശ്വാസമാണ്. അവർ ചിതറിയിട്ട പുസ്തകങ്ങളും ഉടുപ്പുകളും അടുക്കിവയ്ക്കണം. അവരുടെ ചെരുപ്പുകൾ ഒതുക്കിവയ്ക്കണം. വലിച്ചിട്ടു താറുമാറാക്കിയ പെട്ടികൾ അടുക്കണം.

ഭംഗിയുള്ള പടങ്ങളും പുസ്തകങ്ങളും ഉടുപ്പുകളും അവൾ കണ്ണിമവെട്ടാതെ അങ്ങനെ നോക്കിയിരിക്കും.

എത്രയെത്ര ഉടുപ്പുകളാണ് കുട്ടികൾക്ക്! തൊട്ടുനോക്കാൻ കൊതിതോന്നുന്ന ഭംഗിയുള്ള ഉടുപ്പുകൾ!



കെറ്റീഷയ്ക്കാണെങ്കിൽ അവളേക്കാൾ വലിപ്പമുള്ള, അയഞ്ഞുതൂങ്ങുന്ന ഒരു വലിയ ഉടുപ്പാണുള്ളത്. അതുമാത്രം. കുട്ടികൾ അവളെ എപ്പോഴും കളിയാക്കും.

"പെണ്ണേ, ആരാ നിനക്കീ ഉടുപ്പു തന്നത്?"

"പെണ്ണേ, ഇതൊന്നു കടം തരണംട്ടൊ." കുട്ടികൾ ആർത്തു ചിരിക്കും.

"വവ്വാലുടുപ്പാണ്, വവ്വാലുടുപ്പ്!" അവർ കൂവും.

"പുപ്പുപ്പൂയ്! ചപ്രത്തലമുടി! ചിപ്രത്തലമുടി കെറ്റീഷാ... കെറ്റീഷാ..."

അവർ അവളെ ഉന്തിത്തള്ളിക്കൊണ്ട് ജാഥയായി നടക്കും! കെറ്റീഷയുടെ വലിയ കണ്ണുകൾ നിറഞ്ഞ് മുഖത്തുപടർന്ന് ചെമ്പൻമുടി നനയും. അവളാകെ ചൂളിപ്പോകും! തന്നെക്കാൾ വലിയ കുട്ടികളും ചെറിയ കുട്ടികളുമുണ്ട്. അയഞ്ഞുതൂങ്ങിയ തന്റെ വലിയ ഉടുപ്പിനെ അവൾക്കരിശമാണ്. ശരിക്കും അവൾ കൈ പൊക്കിപ്പിടിച്ചാൽ ആ ഉടുപ്പ് ഒരു വവ്വാലുപോലെത്തന്നെ ഇരിക്കും!

കുട്ടികളുടെ അമ്മയുമച്ഛനുമെല്ലാം കാറുകളിൽ വന്നിറങ്ങുന്നതു കാണാൻ കെറ്റീഷയ്ക്ക് ഇഷ്ടമാണ്. കുട്ടികൾ ഓടിച്ചെന്ന് അവരുടെ അരയിൽ തൂങ്ങും. അമ്മമാർ അവരുടെ കവിളിൽ ഉമ്മവയ്ക്കുന്നതു കാണാം. കെറ്റീഷയ്ക്കെന്താണ് ഒരമ്മയില്ലാത്തത്! അവൾക്കറിയില്ല.

അവൾ എപ്പോഴും അതോർക്കാറുണ്ട്.

ആരാണ് അവളുടെ അമ്മ?

സൂസൻ ചേട്ടത്തിക്കും അതറിയില്ല.

സിസ്റ്റർ റോസിറ്റയ്ക്കും അറിയില്ല.

കെറ്റീഷ അവളുടെ ഭാവനയിൽ തനിക്കൊരമ്മയെ സൃഷ്ടിച്ചുവെച്ചിരുന്നു. ആ അമ്മയുടെ കൈവിരലുകൾ പോലും അവൾക്ക് വ്യക്തമായിട്ടറിയാം.

പക്ഷേ മുഖം... മുഖം മാത്രം കെറ്റീഷയ്ക്കു സങ്കല്പിക്കാനാവുന്നില്ല.

പലപ്പോഴും അത് ബൊഗെയ്ൻ വില്ലച്ചെടികൾക്കിടയിൽ ഉണ്ണിയെ മടിയിൽ വെച്ചിരിക്കുന്ന മാതാവിന്റേതായിപ്പോകുന്നു. സൂസൻ ചേടത്തി പറയുന്നത്, അവൾക്ക് അമ്മയുണ്ടായിരുന്നില്ലെന്നാണ്. അമ്മയില്ലാതെ പക്ഷേ കുട്ടികളുണ്ടാവുമോ? അതിന് സൂസൻചേടത്തി മറുപടി

പറയാറില്ല.

കെട്ടിടം പണിക്കാർക്കുള്ള ചായ നിറച്ച ബക്കറ്റും താങ്ങി അവൾ കോണിപ്പടികൾ കയറുമ്പോൾ അവർ കളിയാക്കും.

"പൂച്ചക്കുട്ടി വരുന്നുണ്ട്."

കെറ്റീഷയുടെ തിളങ്ങുന്ന കണ്ണുകൾക്ക് അല്പം പച്ച നിറമായിരുന്നു.

"കെറ്റീഷക്കൊച്ചേ, മുഖത്ത്ന്ന് ആ മുടിയൊന്നു മാറ്റ്. കൊച്ചിനെയൊന്നു കാണട്ടെ."

ടൈൽസ് തറയിൽ ചേർത്തു പണിയുന്ന രാജപ്പൻ അവളുടെ മുടി മുഴുവനും എടുത്തുയർത്തും.

"നോക്ക്, എന്തുനല്ല പൂച്ചക്കുട്ടി!"

ഉച്ചയ്ക്ക് സ്കൂൾബസ്സിൽ കുട്ടികൾ വന്നിറങ്ങുമ്പോഴേക്കും കെറ്റീഷ ഊണുമേശയിലെ പൂപ്പാത്രങ്ങൾ ഒരുക്കിവെയ്ക്കും.

മേശപ്പുറത്ത് വെള്ളം നിറച്ച കൂജകൾ വെയ്ക്കും.

ഉണങ്ങിയ ടവ്വലുകൾ ഹാംഗറിൽ തൂക്കിയിടും.

ഊണുകഴിഞ്ഞ് കുട്ടികൾ പോയാൽ കെറ്റീഷയ്ക്ക് വിശ്രമിക്കാം. പക്ഷേ ശരിക്കും വിശ്രമമല്ല. കാറുകൾക്ക് എപ്പോൾ വരണമെന്ന നിയമമൊന്നുമില്ല. അതുകൊണ്ട് കെറ്റീഷ തയ്യാറായി ഇരുന്നുകൊള്ളും. അതിനും പുറമേ വെറുതെയിരിക്കുമ്പോഴെല്ലാം കൊന്തചൊല്ലണമെന്നാണ് മദർ പറഞ്ഞിട്ടുള്ളത്. അവർ അവളുടെ കഴുത്തിൽ കറുത്ത മണികളുള്ള ഒരു കൊന്ത ഇട്ടുകൊടുത്തിട്ടുണ്ട്. പക്ഷേ, കെറ്റീഷയുടെ വിരലുകൾ കൊന്തമണികളിന്മേൽ തെരുപ്പിടിക്കുമ്പോഴും മനസ്സുനിറയെ ചോദ്യങ്ങളായിരിക്കും.

എങ്ങനെയാണ് പൂക്കളുണ്ടാകുന്നത്?

ആകാശത്തിനെന്താണ് നീലനിറം?

അമ്മയില്ലാതെ എങ്ങനെയാണ് കെറ്റീഷയുണ്ടായത്?

ഈ മതിലുകൾക്കപ്പുറത്തെ ലോകത്തിന്റെ നിറമെന്താണ്?

സിസ്റ്റർ റോസിറ്റയെന്തിനാണ് ശബ്ദങ്ങളെ പേടിക്കുന്നത്...? അങ്ങനെ ആയിരം ചോദ്യങ്ങൾ...

"പാവം! തള്ളേം തന്തേമില്ലാത്ത കൊച്ച്!" അതാണെല്ലാവരും പറയുക. ഉച്ചതിരിഞ്ഞുവരുന്ന സന്ദർശകർക്കിടയിൽ ഒരാളാണ് അരുണയുടെ അമ്മ. എല്ലാദിവസവും പുതിയ സാരിചുറ്റി വരുന്ന അരുണയുടമ്മ സുന്ദരിയാണ്.

രയാൻ തോന്നി. അരുണയുടെ മമ്മി മോളെ കോരിയെടുത്തുമ്മവെയ്ക്കുന്നതു കണ്ടപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു. ഇത്തിരി സ്നേഹം- ഒരിത്തിരി സ്നേഹം- കെറ്റീഷയ്ക്കെവിടുന്നാണ് കിട്ടുക? അവൾ സൂസൻ ചേടത്തിയുടെ അരികിലേക്കോടി.

"സൂസൻ ചേടത്തീ!"

"എന്താ കൊച്ചേ?"

"അമ്മമാരില്ലാണ്ടും കുട്ട്യോളുണ്ടാവില്ലേ?"

വൈകുന്നേരത്തേക്കുള്ള റൊട്ടി മൊരിക്കുകയായിരുന്ന സൂസൻ ചേടത്തി പെട്ടെന്നു തിരിഞ്ഞുനിന്നു.

**കുട്ടികളുടെ അമ്മയുമച്ഛനുമെല്ലാം കാറുകളിൽ വന്നിറങ്ങുന്നതു കാണാൻ കെറ്റീഷയ്ക്ക് ഇഷ്ടമാണ്. കുട്ടികൾ ഓടിച്ചെന്ന് അവരുടെ അരയിൽ തൂങ്ങും. അമ്മമാർ അവരുടെ കവിളിൽ ഉമ്മവയ്ക്കുന്നതു കാണാം. കെറ്റീഷയ്ക്കെന്താണ് ഒരമ്മയില്ലാത്തത്! അവൾക്കറിയില്ല. അവൾ എപ്പോഴും അതോർക്കാറുണ്ട്. ആരാണ് അവളുടെ അമ്മ?**

അവരുടെ കാറിന് ഇളം നീലനിറമാണ്. അരുണയുടെ ഡാഡിയെ കെറ്റീഷയ്ക്കിഷ്ടമാണ്. അദ്ദേഹം ഡോക്ടറാണ്.

ദുഃഖംപോലെ രണ്ടു ചെറിയ കണ്ണുകൾ അദ്ദേഹത്തിനുണ്ട്. എപ്പോഴും നനഞ്ഞുനിൽക്കുന്ന വിഷാദം വടിയുന്ന ആ കണ്ണുകൾ കെറ്റീഷ എവിടെയാണ് കണ്ടുമറന്നത്. അരുണയുടെ കാർ ഗേറ്റിലെത്തുമ്പോഴേക്കും കെറ്റീഷ ഓടിച്ചെല്ലും. ഗേറ്റു തുറന്നുകൊണ്ട് മുൻസീറ്റിലിരിക്കുന്ന അരുണയുടെ അമ്മയെയും അച്ഛനെയും നോക്കിച്ചിരിക്കും. ഒരു ദിവസം അരുണയുടമ്മ പറഞ്ഞു.

"എന്തുഭംഗിയുള്ള കൊച്ച്. അല്ലേ?"

"ങ്ഉം." ഡാഡി മൂളി.

"എന്തുചെയ്യാം. തള്ളേം തന്തേമില്ലല്ലോ!"

കെറ്റീഷയ്ക്കന്ന് പൊട്ടിക്ക

"ഉവ്വ്." അവർ ദൃഢമായി പറഞ്ഞു.

"ഉവ്വോ? അപ്പോ ഞാൻ അമ്മേല്യാണ്ട് ഉണ്ടായതാണോ?"

"നിനക്കമ്മയില്ലാന്ന് ആരു പറഞ്ഞു?"

സൂസൻചേട്ടത്തിയുടെ മുഖം കരുണാർദ്രമായി. കെറ്റീഷ അന്തുതപ്പെട്ടു. എന്താണ് സൂസൻചേടത്തി പറയുന്നത്?

അവൾ നെറ്റിമേൽ നിന്നും മുടി വകഞ്ഞുമാറ്റി സൂസൻചേടത്തിയെ തുറിച്ചുനോക്കി.

"എന്റെ പൊന്നുകൊച്ചേ!" അവർ പെട്ടെന്ന് അവളുടെ മുഖത്തിനുനേരെ കുനിഞ്ഞു.

"കർത്താവിനെയോർത്ത് ഇങ്ങനെ ഓരോന്നു ചോദിക്കരുത്."

"എന്റമ്മ എന്നിട്ടെവിടെ?"

സൂസൻചേടത്തി അവരുടെ പരുക്കൻശബ്ദം താഴ്ത്തി കണ്ണ





ടച്ച്, കഴുത്തിലെ കൊന്തയിൽ തെരുപ്പിടിച്ചു പറഞ്ഞു.

“നിനക്കിഷ്ടമാണെങ്കിൽ എന്നെ അമ്മയെന്നു വിളിച്ചോ. ദൈവം രക്ഷിക്കട്ടെ!”

കെറ്റീഷ നിരാശയോടെ തിരിഞ്ഞുനടന്നു. അവളുടെ സങ്കൽപ്പത്തിലെ അമ്മയ്ക്ക് സൂസൻചേടത്തിയുമായി യാതൊരു സാമ്യവുമില്ല. ഭക്ഷണം പാകംചെയ്തു മുരടിച്ച വിരലുകളും എപ്പോഴും വിയർക്കുന്ന കഴുത്തും വലിയ ഒരു വയറുമുള്ള സൂസൻ ചേടത്തി കെറ്റീഷയുടെ അമ്മയാവുന്നതെങ്ങനെ!


എന്നാലും ലില്ലിത്തടങ്ങൾക്കു നനയ്ക്കുമ്പോൾ അവളോർത്തു.

ആരും കാണാതെ പാലും റൊട്ടിയും തനിക്കുവേണ്ടി കാത്തു വെയ്ക്കുന്ന– ആരെങ്കിലും തന്നെ ശിക്ഷിക്കുമ്പോൾ ഓടിയെത്തുന്ന– അസുഖം വരുമ്പോൾ വേവലാതിയെടുക്കുന്ന– രാത്രി, തന്നോടുചേർന്നു കിടക്കുമ്പോൾ എല്ലാ പുണ്യവാളന്മാരുടെയും കഥകൾ പറഞ്ഞുതരുന്ന സൂസൻ ചേടത്തി മാത്രമല്ലേ അവളെ സ്നേഹിക്കുന്നത്! കെറ്റീഷ, കുടം താഴെവച്ച് അടുക്കളയിലേക്കോടിച്ചെന്നു. സൂസൻചേടത്തി തിരക്കിട്ട് റൊട്ടികൾ മൊരിക്കുകയായിരുന്നു.

“ഞാൻ അമ്മയെന്നു വിളിക്കട്ടേ?” കെറ്റീഷ ചോദിച്ചു.

സൂസൻ ചേടത്തി ഞെട്ടി. അവരുടെ മുഖം തീയേറ്റ് ചുവന്നിരുന്നു. പതുങ്ങിയ മൂക്കിൻതുമ്പത്ത് ഒരിറ്റു വിയർപ്പ് തിളങ്ങിനിന്നു. സൂസൻ ചേടത്തിയുടെ മുഖം സ്നേഹംകൊണ്ട് ആർദ്രമായി. മൂക്കിൻതുമ്പിലെ വിയർപ്പ് എറ്റിക്കളഞ്ഞുകൊണ്ട് അവർ പറഞ്ഞു.

“എന്റെ കൊച്ചു കുരിശേ! ദൈവത്തെയോർത്ത് അങ്ങനെ മാത്രം വിളിക്ക്!”




*ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച* ***‘ആഷിക് പുലി’*** *എന്ന ബാലകഥാസമാഹാരത്തിൽ നിന്നും എടുത്തത്.*

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# പാറക്കല്ലും ശില്പിയും

സുനിൽരാജ് സത്യ

എന്തു വലിയൊരു കല്ലാണ്,
എടുത്താൽ പൊങ്ങാക്കല്ലാണ്,
എങ്ങിനെ വന്നീക്കല്ലിവിടെ-
എന്തിനു വേണ്ടീക്കല്ലിവിടെ?!

താടി വളർത്തിയ ചേട്ടനൊരാൾ
തടവുന്നല്ലോ ആ ശിലയെ.
ചുറ്റിക-ഉളികൾ കൊണ്ടൊരു മുട്ടിൽ
ചില ഭാഗങ്ങൾ ചിതറിച്ചു!
പലപലവട്ടം, മുട്ടീം തട്ടീം
പകലുകൾ രാത്രികൾ പണിതല്ലോ!
മഴയും വെയിലും ഏറ്റിട്ടാവാം
മുടിയും താടിയും ജട വന്നു.



ഒരു ദിനമല്ല പലദിനമല്ല-
മാസങ്ങൾക്ക് കണക്കില്ല.
പോയ ദിനങ്ങൾ ശിലയുടെ രൂപം-
ശില്പത്തിന്നു വഴിമാറി
കല്ലൊരു സുന്ദരി മണിയായി!
കരിശിലപോലെ ശില്പിയതും
കാലം കരവിരുതൊപ്പിക്കും-
കാവ്യങ്ങളിലത് നിഴലിക്കും



വര: സചീന്ദ്രൻ കാറഡുക്ക

# എന്തൊരു പ്രശ്നം !!!

പള്ളിയറ ശ്രീധരൻ

ചില പ്രശ്നങ്ങൾ അങ്ങിനെയാണ്... കേൾക്കുമ്പോൾ വളരെ നിസ്സാരമായി തോന്നും. ചെയ്തുനോക്കുമ്പോഴാണ് അതിന്റെ പ്രശ്നം അനുഭവപ്പെടുക. ഗണിതത്തിലുമുണ്ട് ഇത്തരം അനേകം പ്രശ്നങ്ങൾ. ജ്യാമിതി പഠിച്ചവർക്കൊക്കെ കോൺ (Angle) എന്താണെന്നറിയാമായിരിക്കും, ഈ കോണിനെ രണ്ടായോ നാലായോ ഭാഗിക്കാം. പക്ഷേ മൂന്നായി ഭാഗിക്കാൻ പറ്റില്ല! സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ ഗണിതജ്ഞന്മാരെ കുഴക്കിയ പ്രശ്നമാണിത്.

ഇതുപോലെ പൗരാണികരെ കുഴക്കിയ മറ്റൊരു നിസ്സാരപ്രശ്നമാണ് ഒരു ക്യൂബിന്റെ ഇരട്ടി വ്യാപ്തമുള്ള മറ്റൊരു ക്യൂബിന്റെ നിർമ്മിതി. ഇതു സാധിക്കാത്തതു കാരണം പുരാതന അതീനിയൻമാർക്ക് ഒരുപാട് കഷ്ടപ്പെടേണ്ടിവന്നു! ഇത് ഡെലിയൻ പ്രശ്നം എന്നാണ് അറിയപ്പെടുന്നത്.


സംഭവിച്ചതിതാണ്... ആതൻസിലെ ജനങ്ങൾക്ക് ഒരു പകർച്ചവ്യാധി പിടിപെട്ടു, പ്ലേഗ്. അപ്പോളോ ദേവന്റെ ശാപമാണ് ഈ പ്ലേഗിന് കാരണമായി ജനങ്ങൾ കണ്ടെത്തിയത്. പരിഭ്രാന്തരായ ജനങ്ങൾ ധാരാളം പ്രാർഥനകൾ നടത്തി. അപ്പോളോ ദേവന്റെ അൾത്താരയുടെ ഇരട്ടി വലിപ്പമുള്ള അൾത്താര നിർമിച്ചാൽ ദേവൻ പ്രീതിപ്പെടുമെന്നും പ്ലേഗ് നശിക്കുമെന്നും അരുളപ്പാടുണ്ടായി.

അപ്പോളോ ദേവന്റെ അൾത്താര പൂർണ്ണമായ ക്യൂബാകൃതിയിലാണുള്ളത്. അതായത് നീളവും വീതിയും ഉയരവുമെല്ലാം തുല്യം. അവർ ക്യൂബിന്റെ നീളത്തിന്റെ നേരെ ഇരട്ടി നീളമുള്ള ഒരു ക്യൂബ് നിർമ്മിച്ചു. പക്ഷേ, ദേവൻ പ്രസാദിച്ചില്ല. പിന്നീടാണ് കാര്യം മനസ്സിലായത് അവർ നിർമിച്ച അൾത്താരക്ക് അപ്പോളോ ദേവന്റെ അൾത്താരയുടെ എട്ട് മടങ്ങ് വ്യാപ്തമുണ്ട്. കാരണം, ക്യൂബിന്റെ നീളവും വീതിയും ഉയരവും ഇരട്ടിക്കുമ്പോൾ വ്യാപ്തി 2 x 2 x 2 = 8 മടങ്ങാകും!!! ഇത് പരിഹരിക്കപ്പെടാത്ത പ്രശ്നമായി തുടർന്നു!!

പ്രശ്നം പ്ലോറ്റോവിന്റെ മുന്നിലെത്തി. പ്ലോറ്റോ, 'അക്കാദമി ' എന്ന പേരിൽ ഒരു പഠനകേന്ദ്രം നടത്തുന്നുണ്ടെങ്കിലും ഗണിതത്തിൽ അത്ര പോരാ. പ്ലോറ്റോ, പ്രശ്നം കണക്കിൽ മിടുക്കരായ യുഡോക്സസ്, അർക്കൈറ്റാസ് എന്നിവരെ ഏൽപ്പിച്ചു. അവർ യാന്ത്രികമായുള്ള ഒരു പരിഹാരം നിർദേശിച്ചെങ്കിലും ശുദ്ധജ്യാമിതി ഉപയോഗിച്ചുള്ള പരിഹാരം നിർദേശിക്കാൻ അവർക്കും സാധിച്ചില്ല. അങ്ങിനെ പുരാതന കാലത്തു തന്നെ ശരിയായ ഉത്തരം കിട്ടാത്ത ഒരു പ്രശ്നമായി ഇത് അറിയപ്പെടാൻ തുടങ്ങി. പിന്നീട് ധാരാളം ഗണിതശാസ്ത്രജ്ഞന്മാർ ഈ പ്രശ്നത്തിന്റെ പരിഹാരത്തിനുവേണ്ടി ശ്രമിച്ചിട്ടുണ്ട്.

palliyarasreedharan@gmail.com







# 'ഇന്നൊവേഷൻ' അഥവാ നവീകരണം: എന്തും കൂടുതൽ നന്നാക്കാം!

ജയാ ജി നായർ

**എന്താണ് നവീകരണം? നമ്മുടെ വീട്ടിലും സ്കൂളിലും ക്ലാസ്മുറിയിലുമൊക്കെ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണ് നിങ്ങൾ നടത്താറുള്ളത്? നവീകരണം കൊണ്ട് എന്താണ് പ്രയോജനം? ലേഖനം വായിച്ചുനോക്കി നിങ്ങൾക്ക് എവിടെയൊക്കെ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങൾ ചെയ്യാനാവുമെന്ന് ആലോചിച്ചുനോക്കൂ...**

പുതിയ അറിവുകൾ ഉണ്ടാകുന്നത് പൊതുവേ രണ്ടുതരത്തിലാണ്; കണ്ടെത്തലുകളും കണ്ടുപിടിത്തങ്ങളും. 'ഡിസ്കവറി' എന്നും 'ഇൻവെൻഷൻ' എന്നും ഇംഗ്ലീഷിൽ പറയുന്നവ. ആദ്യത്തേത് പ്രകൃതിയിൽ ഉള്ളതും, എന്നാൽ നമുക്ക് അറിയാതിരുന്നതുമായ ഒന്നിനെ തിരിച്ചറിയുന്നതാണ്. ഐസക് ന്യൂട്ടൺ ഗുരുത്വാകർഷണം കണ്ടെത്തിയതുപോലെ. രണ്ടാമത്തേത് മനുഷ്യൻ നടത്തുന്ന സൃഷ്ടിയാണ്. ഇതുവരെ ഇല്ലാത്ത ഒന്നിനെ ഉണ്ടാക്കുക. പെട്രോൾ എൻജിൻ ഒരു 'കണ്ടുപിടിത്ത'മാണ്,'കണ്ടെത്തൽ' അല്ല. ഇനി ഇവയോടു ബന്ധപ്പെട്ട മറ്റൊരു കാര്യം കൂടിയുണ്ട്. 'ഇന്നൊവേഷൻ'. അതേപ്പറ്റി കേട്ടിട്ടുണ്ടോ? നവീകരണം, പുതുമയുണ്ടാക്കൽ എന്നൊക്കെ മലയാളത്തിൽ പറയാം. ഏതൊരു കാര്യത്തിലും ഇതു നടപ്പാക്കാം. നവീകരണം നടത്തുമ്പോൾ ചിലപ്പോൾ പുതിയ കണ്ടെത്തലുകളോ കണ്ടുപിടിത്തങ്ങളോ സംഭവിക്കുകയും ചെയ്യാം.

## എന്താണീ നവീകരണം?

ഒരു ഉദാഹരണം എടുക്കാം. നിങ്ങളുടെ അടുക്കളയിൽ പാത്രങ്ങളും പലവ്യഞ്ജനങ്ങളും വെച്ചിരിക്കുന്ന രീതി മാറ്റി, അവ കുറേക്കൂടി വേഗത്തിൽ എടുത്തുപയോഗിക്കാവുന്ന വിധത്തിൽ ക്രമീകരിക്കുകയാണെങ്കിൽ അത് ഒരു നവീകരണം ആണ്.

അല്ലെങ്കിൽ, നിങ്ങൾ ദിവസവും സ്കൂളിലേക്കോ ഓഫീസിലേക്കോ പോകുന്ന റൂട്ടിൽ ഏതെങ്കിലും തരത്തിൽ മെച്ചമുണ്ടാക്കുന്ന ഒരു മാറ്റം വരുത്തിയാൽ അതും നവീകരണം തന്നെ!

വളരെ സരളവും സ്വാഭാവികവും ആയ മാറ്റങ്ങളെ നവീകരണം ആയി കണക്കാക്കാറില്ല. എന്തെങ്കിലും ഒരു പുതിയ ആശയം ഉണ്ടായിരിക്കണം. നവീകരണം നടത്തുന്നത് എവിടെയായാലും അത് നടപ്പിലാക്കുന്നതുകൊണ്ട് ഏതെങ്കിലും തരത്തിൽ വ്യക്തമായ നേട്ടവും ഉണ്ടാവണം.

പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങളാണ് മിക്കവാറും നമ്മെ നവീകരണത്തിൽ എത്തിക്കുന്നത്. ആദ്യത്തെ ഉദാഹരണത്തിൽ, അടുക്കളയിലെ ജോലികൾക്കു തടസ്സവും താമസവും ഉണ്ടാക്കുന്ന ക്രമീകരണങ്ങൾ ആണ് നാം മാറ്റാൻ ശ്രമിച്ചത്. ഇത്തരത്തിൽ പുതുമയുണ്ടാക്കുന്നത് ഉത്പന്നങ്ങളിലോ, സേവനങ്ങളിലോ, കാര്യങ്ങൾ ചെയ്യുന്ന രീതിയിലോ, മേൽനോട്ടം നടത്തുന്നതിലോ എന്തിലുമാകാം.

നവീകരണം കൊണ്ട് ഉണ്ടാക്കുന്ന നേട്ടവും പലവിധത്തിലാവാം. ഉപയോഗക്ഷമതയോ കാര്യക്ഷമതയോ കൂട്ടാം. സമയം, അസംസ്കൃത പദാർത്ഥങ്ങൾ, ഇന്ധനം, പണം ഇവയുടെ ചെലവിൽ കുറവ് വരുത്താം. ഉത്പന്നങ്ങൾ കൂടുതൽ പേർക്ക് പ്രയോജനം ഉള്ളതാക്കാം. അവയുടെ ഉത്പാദനമോ ഉപയോഗമോ കൊണ്ട് പരിസ്ഥിതിക്ക് ഉണ്ടാകുന്ന നാശം കുറയ്ക്കാം.

മാറ്റങ്ങൾ വരുത്താൻ വേണ്ടിവരുന്ന സമയം, പണം, അധ്വാനം എന്നിവയ്ക്ക് പകരമായി കാര്യമായ നേട്ടം ഉണ്ടാകണം. എങ്കിൽ മാത്രമേ നവീകരണം നടത്തുന്നതിന് സാധുതയുള്ളൂ.

സ്വർണം, വെള്ളി തുടങ്ങിയ ലോഹങ്ങളിൽ ഉണ്ടാക്കിയ നാണയങ്ങൾക്കു പകരം നാം പേപ്പർ കൊണ്ടുള്ള കറൻസി നോട്ടുകൾ ഉപയോഗിക്കാൻ തുടങ്ങിയത് വളരെ നേട്ടം കൊണ്ടുവന്ന ഒരു നവീകരണമാണ്. ഒരു പ്രത്യേക സ്ഥാനത്ത് സ്ഥിരമായി വെച്ച് ഉപയോഗിച്ചിരുന്ന ടെലിഫോൺ, പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചു പരിഷ്കരിച്ചപ്പോൾ 'മൊബൈൽ ഫോണുകൾ' ഉണ്ടാക്കാൻ സാധിച്ചു. ക്യാമറ, ടോർച്ച്, കലണ്ടർ, ഇന്റർനെറ്റ് എന്നിങ്ങനെ വിവിധ ഉപകരണങ്ങൾ വഴി നമുക്ക് ലഭിച്ചിരുന്ന സേവനങ്ങൾ ഉൾപ്പെടുത്തി വീണ്ടും നടത്തിയ നവീകരണത്തിന്റെ ഫലമാണ് 'സ്മാർട്ട് ഫോൺ'. സിനിമ കാണാനും പാട്ടു കേൾക്കാനും കത്തുകൾ അയക്കാനും ഒരു സ്ഥലത്തേക്ക് പോകാൻ വഴി കാണിക്കാനും എന്നു വേണ്ട, എത്രയെത്ര സേവനങ്ങളാണ് സ്മാർട്ട് ഫോണുകൾ നൽകുന്നത്! പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കാനായി പേപ്പർ ഉപയോഗിച്ച് പ്ലേറ്റുകൾ, ബാഗുകൾ, സ്ട്രോ എന്നിവയൊക്കെ ഉണ്ടാക്കുമ്പോൾ നേട്ടം പരിസ്ഥിതിക്കാണ്. കമ്പ്യൂട്ടറിൽ








ഘടിപ്പിച്ചിരുന്ന മൗസും ഹെഡ്ഫോണും വയർലെസ്സ് ആക്കിയത് എത്ര പ്രയോജനപ്രദമാണ്! ഈ അടുത്തകാലത്ത് വളരെ പ്രചാരത്തിൽ വന്ന, ഓൺ ലൈൻ ആയി ടാക്സിപിടിക്കുന്നതിനും ഹോട്ടലുകളിൽ നിന്നും ഭക്ഷണം എത്തിക്കുന്നതിനും വേണ്ടിയുള്ള സേവനങ്ങളും നവീകരണത്തിന്റെ നല്ല മാതൃകകൾ ആണ്. പെട്രോളും ഡീസലും ഇന്ധനമായിരുന്ന കാറുകളെ നവീകരിച്ചതിന്റെ ഫലമാണ് വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഇലക്ട്രിക്ക് കാറുകൾ. ഒരു വിത്ത് അറ്റത്തു വെച്ചിട്ടുള്ള പെൻസിൽ കണ്ടിട്ടില്ലേ? ഉപയോഗം കഴിഞ്ഞ് അത് വലിച്ചെറിയുമ്പോൾ ഒരു പുതിയ ചെടി മുളയ്ക്കാം... നല്ലൊരു ആശയം തന്നെ! ഇത്തരം നവീകരണങ്ങളിൽ, വിവിധ മേഖലകളിലെ അറിവ് ഒത്തുചേരുന്നു എന്ന് പലപ്പോഴും നമുക്കു കാണാം.

ഏതുതരം മാറ്റം എവിടെയാണ് വരുത്തുന്നത് എന്നതനുസരിച്ച് നവീകരണത്തെ പല വിധത്തിൽ നിർവചിക്കാറുണ്ട്. ഒരു സ്ഥാപനത്തിന്റെ സംഘടനയിൽ, നടത്തിപ്പിൽ, ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന പ്രക്രിയയിൽ, പുതിയ ഉത്പന്നങ്ങൾ നിർമിക്കാൻ നടത്തുന്ന ശ്രമങ്ങളിൽ എന്നിങ്ങനെ മാറ്റം പല മേഖലകളിൽ ആവാം. സ്കൂളുകളിൽ, ഫാക്ടറികളിൽ, സർക്കാർ ഓഫീസുകളിൽ, കടകളിൽ, ആശുപത്രികളിൽ, കളിസ്ഥലങ്ങളിൽ ഇങ്ങനെ ഏതു തരത്തിലുള്ള സ്ഥാപനങ്ങളിലും ഇതു നടപ്പിൽ വരുത്താം.

ഘട്ടം ഘട്ടമായി നിരന്തരം വരുത്തുന്ന മാറ്റങ്ങൾ മാത്രമല്ല, ചിലപ്പോൾ ഒരു വലിയ മാറ്റം പെട്ടെന്ന് നടപ്പിലാക്കേണ്ടിയും വരാം. നവീകരണത്തിന്റെ ഫലമായി അന്നുവരെ ഉപയോഗിച്ചിരുന്ന ഉത്പന്നങ്ങളോ ജീവിതരീതികളോ തുടർന്ന് ആവശ്യമില്ലാതെയാകാം. വളരെ വേഗത്തിൽ സന്ദേശങ്ങൾ അയക്കാൻ ഉപയോഗിച്ചിരുന്ന 'ടെലിഗ്രാം' സംവിധാനം ഇപ്പോൾ ആവശ്യമില്ലാതെയായത് ഉദാഹരണം.

വീട്ടിലിരുന്നും ജോലി ചെയ്യാൻ വേണ്ട സന്നാഹങ്ങൾ ഒരുക്കുന്നതും, ജോലിസമയത്തിൽ വരുത്തുന്ന മാറ്റങ്ങളും, ജോലിയിലെ പല പ്രവർത്തനങ്ങളും യന്ത്രങ്ങൾ ഉപയോഗിച്ച് നിയന്ത്രിക്കുന്നതും സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന നവീകരണങ്ങളിൽ ഉൾപ്പെടുന്നു. ഒരു സ്ഥാപനത്തിലെ ഭരണരീതികളിൽ വരുത്തുന്ന പുതുക്കൽ അവിടത്തെ ഉത്പന്നങ്ങളെ നേരിട്ടു ബാധിച്ചെന്നു വരില്ല. ഉണ്ടാകുന്ന നേട്ടം മറ്റു കാര്യങ്ങളിൽ ആവാം. ചെലവ് കുറയാം, നിർമാണത്തിലെ കാര്യക്ഷമത കൂടാം, ഉത്പന്നങ്ങൾക്ക് പുതിയ കമ്പോളങ്ങൾ കണ്ടെത്താം.

എവിടെയാണ് മാറ്റം വരുത്തുന്നത് എന്നതനുസരിച്ചാണ് അതുകൊണ്ടുള്ള ഫല

ത്തിന്റെ വ്യാപ്തി. വീട്ടിനുള്ളിലോ നിങ്ങളുടെ പ്രവർത്തന രീതികളിലോ വരുത്തുന്ന മാറ്റങ്ങൾ ചിലപ്പോൾ നിങ്ങൾ ഒരാളെ മാത്രമാവും ബാധിക്കുക. മറിച്ച്, നവീകരണം നടത്തുന്നത് ഒരു സ്ഥാപനത്തിലോ പലരും ഉപയോഗിക്കുന്ന സേവനങ്ങളിലോ ആണെങ്കിൽ ആ മാറ്റം കൂടുതൽ പേരെ ബാധിക്കും. ഒരു രാജ്യത്തിലെ നീതിന്യായ വ്യവസ്ഥയിലാണ് നവീകരണം നടത്തുന്നതെങ്കിൽ അതിന്റെ ഗുണം എല്ലാ പൗരന്മാർക്കും കിട്ടുമല്ലോ. വൈദ്യുതി ഉത്പാദിപ്പിക്കുന്നതിലും വിതരണം നടത്തുന്നതിലും മാറ്റങ്ങൾ വരുത്തി വൈദ്യുതിയുടെ വില കുറയ്ക്കുവാനോ, മറ്റൊരു നവീകരണം നടത്തി നിരത്തിലോടുന്ന വാഹനങ്ങൾ പുറത്തേക്കു തള്ളുന്ന ജീവനു ദോഷമായ വാതകങ്ങളിൽ കുറവു വരുത്തുവാനോ കഴിഞ്ഞാൽ അത്തരം മാറ്റങ്ങൾ ഒരുപക്ഷേ ഈ ലോകത്തിനു മുഴുവനും നന്മയായി വരാം.

## എന്തൊക്കെയാണ് നവീകരണത്തിലേക്കു നമ്മെ നയിക്കുക?

ഒരു പുതിയ ആശയം ഉണ്ടാകുന്നതാണ് പലപ്പോഴും ആദ്യപടി. സാങ്കേതികമായ മുന്നേറ്റം ഒരു പ്രധാന ചാലകശക്തിയാണ്. പരിഹരിക്കേണ്ടതായ ഒരു പ്രശ്നവും അതിനു പരിഹാരമാകാവുന്ന ആശയവും കണ്ടെത്തുവാൻ കഴിഞ്ഞാൽ നവീകരണത്തിന് സാധ്യത ഉണ്ടാകുന്നു. ഇനി അത് പ്രാവർത്തികമാക്കാനുള്ള സാഹചര്യങ്ങൾ കൂടി വേണം. സാങ്കേതികമായ അറിവ്, പണിയെടുക്കാൻ ആൾക്കാർ, സാമ്പത്തികവും മറ്റു രീതിയിലും ഉള്ള സൗകര്യങ്ങൾ ഇവയൊക്കെ വേണം.

**പെട്ടെന്നുണ്ടാകുന്ന ഒരു വലിയ തടസ്സമോ പരാജയമോ നവീകരണം നടത്തിയേ പറ്റൂ എന്നൊരു സാഹചര്യം സൃഷ്ടിക്കാം. ആവശ്യം സൃഷ്ടിയുടെ മാതാവാണ് എന്നത് ഇവിടെ വളരെ ശരിയാണ്. ഈ കോവിഡ് കാലത്തെ ഓൺലൈൻ സങ്കേതങ്ങളുടെ വർധിച്ച ഉപയോഗം തന്നെ ഉദാഹരണം.**

പെട്ടെന്നുണ്ടാകുന്ന ഒരു വലിയ തടസ്സമോ പരാജയമോ നവീകരണം നടത്തിയേ പറ്റൂ എന്നൊരു സാഹചര്യം സൃഷ്ടിക്കാം. ആവശ്യം സൃഷ്ടിയുടെ മാതാവാണ് എന്നത് ഇവിടെ വളരെ ശരിയാണ്. ഈ കോവിഡ് കാലത്തെ ഓൺലൈൻ സങ്കേതങ്ങളുടെ വർധിച്ച ഉപയോഗം തന്നെ ഉദാഹരണം.

## എങ്ങനെ നമുക്കും നവീകരണങ്ങൾ നടത്താം?

സർഗശക്തി എന്നത് ഏതൊരു പുതിയ സൃഷ്ടിക്കും എന്നതുപോലെ ഇത്തരം പ്രവർത്തനങ്ങൾക്കും അത്യാവശ്യം തന്നെ. അതോടൊപ്പം, നമ്മുടെ ചുറ്റും പരിഹാരം ആവശ്യമായി അവശേഷിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്താനുള്ള കഴിവും, അവയേപ്പറ്റി ചിന്തിച്ച് പുതിയ ആശയങ്ങൾ സൃഷ്ടിക്കാൻ വേണ്ട അറിവും വേണം. കാര്യങ്ങളെപ്പറ്റി പൊതുവേയുള്ള ജിജ്ഞാസ പ്രധാനം തന്നെ.

നിരന്തരം നവീകരണം നടത്താനുള്ള കഴിവ് -നമുക്കതിനെ നവീകരണാത്മകത എന്ന് വിളിക്കാം- വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും രാജ്യങ്ങൾക്കും ഉണ്ടാവേണ്ടത് വളരെ ആവശ്യമാണ്. കാര്യക്ഷമത, ജീവിതത്തിന്റെ മൊത്തം ഗുണനിലവാരം (ക്വാളിറ്റി), പല മേഖലകളിലെ വളർച്ച ഇവയെയൊക്കെ അത് സ്വാധീനിക്കും. വ്യവസായ സ്ഥാപനങ്ങൾക്ക് തങ്ങളുടെ സ്ഥാനം ഉറപ്പിച്ചുനിർത്താൻ നിരന്തരമായ നവീകരണം കൂടിയേതീരൂ. അതുകൊണ്ടുതന്നെ നവീകരണാത്മകത സൃഷ്ടിക്കുവാനും നിലനിർത്താനുമുള്ള പദ്ധതികൾ പല സ്ഥാപനങ്ങളും ബോധപൂർവം നടപ്പിലാക്കാറുമുണ്ട്. ഗവേഷണ നിർമാണ പ്രവർത്തനങ്ങൾക്ക് മുൻഗണന കൊടുക്കുക, ജീവനക്കാർക്ക് സ്വന്തം ആശയങ്ങൾ വികസിപ്പിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ അവയിൽ ചിലതു മാത്രം. നവീകരണം നടത്താനുള്ള കഴിവ് എത്രമാത്രമുണ്ട് എന്ന രീതിയിൽ സ്ഥാപനങ്ങളേയും രാജ്യങ്ങളേയും വിലയിരുത്തുന്ന കണക്കെടുപ്പുകളും നടത്താറുണ്ട്. നവീകരണ പ്രവർത്തനങ്ങൾ എപ്പോഴും സാമ്പത്തികമായി വളരെ ചെലവുള്ളവയാവണം എന്നില്ല. പലപ്പോഴും അവ നമുക്ക് എളുപ്പത്തിൽ സംഘടിപ്പിക്കാവുന്ന സങ്കേതങ്ങൾ കൊണ്ടുതന്നെ സാക്ഷാത്കരിക്കാൻ കഴിയും. ആശയം ഉണ്ടാക്കിയെടുക്കാനും പ്രായോഗികമായി നടപ്പിലാക്കാനും വേണ്ട ഇച്ഛാശക്തിയാണ് ഏറ്റവും പ്രധാനം. അതുകൊണ്ട്, ചുറ്റും നോക്കൂ... എന്തൊക്കെയാണ് മാറ്റേണ്ടത്? മാറ്റാവുന്നത്? കൂടുതൽ നന്നാക്കാവുന്നത്? എന്തു ചെയ്യാം, എങ്ങനെ ചെയ്യാം, അതുകൊണ്ടു കൈവരിക്കാവുന്ന നേട്ടം എത്രയാണ്, വേണ്ടിവരുന്ന ചെലവെന്ത് എന്നൊക്കെ കണക്കുകൂട്ടിയിട്ട്, ന്യായീകരിക്കാവുന്നതാണ് എന്ന് തോന്നുന്നെങ്കിൽ തുടങ്ങിക്കോളൂ!

# വീട്ടുകണക്ക്

**ശിവപ്രസാദ് പാലോട്**

അവൻ ഹോം വർക്ക് ചെയ്തിട്ടില്ലായിരുന്നു. വേറെയും കുറ്റവാളികൾ, പിടികിട്ടാപ്പുള്ളികൾ വരെയുണ്ട്.

നിരത്തി നിർത്തി ചോദ്യം ചെയ്യുകയാണ്. അവന്റെ ഊഴമെത്തിയപ്പോൾ ഒരു പൊട്ടിക്കരച്ചിലായിരുന്നു.

“എനിക്ക് ഉമ്മാനെ ഓർമ്മവരാണ് ടീച്ചറേ, ഉമ്മാനെ കാണാൻ തോന്ന്ണ് ടീച്ചറേ...” ഒരാശ്വാസത്തിന് അവനെന്റെ കയ്യിൽ കയറിപ്പിടിച്ചു.

കള്ളൻമാർ ആരും ഇതുവരെ കുറ്റം സമ്മതിച്ച ചരിത്രമില്ല... ഇവൻ തന്നെ സെന്റിമെൻറ് ആക്കി രക്ഷപ്പെടാനുള്ള ശ്രമമാണോ..?

“അതേയ് ടീച്ചറേ... ഓന്റുമ്മ തെറ്റിപ്പൊയ്ക്കാ.. ഓന്റുപ്പാനോട്.. പത്തീസായി... ഓനെപ്പോളും പറയും ടീച്ചറേ ഉമ്മാനെ കാണണംന്ന്... ഉമ്മാനെ കാണണംന്ന്... ഓന് ഭയങ്കര സങ്കടാ ടീച്ചറേ...ഓനതാ ഹോം വർക്ക് ചെയ്യാത്തെ ടീച്ചറേ.”

അടുത്ത ഊഴക്കാരനായ കൊടുംഭീകരന്റെ ജാമ്യാപേക്ഷ.

അവൻ പിന്നെയും വിതുമ്പുന്നു.

“ടീച്ചർ ഒന്നു പറയ്യോ ഉമ്മാനോട് തിരിച്ചു വരാൻ... നിക്ക് ഉമ്മാനെ കാണാതിരിക്കാൻ പറ്റാഞ്ഞിട്ടാ ടീച്ചറേ.”

“ടീച്ചറ് വിളിക്കാട്ടോ... ഉമ്മാനെ ഇന്നെന്നെ വിളിക്കാം... കരയണ്ട ട്ടോ.”

വിചാരണ നിർത്തി കസേരയിലേക്ക് മടങ്ങുമ്പോൾ അവൻ പിന്നെയും അടുത്തെത്തി.

“ടീച്ചറേ... ശരിക്കും ഉമ്മാനെ വിളിക്കില്ലേ... ടീച്ചറ് വെറുതെ പറഞ്ഞതല്ലല്ലോ. ടീച്ചറ് വീട്ടിപ്പോയാ മറക്കോ..?

അവൻ എനിക്ക് തന്ന ഹോം വർക്ക് എങ്ങനെ ചെയ്തു ശരിയാക്കും എന്നാലോചിച്ച് എനിക്ക് ഉത്തരം മുട്ടി. ചില വഴി പിരിഞ്ഞ വീട്ടുകണക്കുകൾ.



വര: സുജിത് വാസുദേവൻ

# കല്യാണമേളം

അമൃത കേളകം




മരമൊരു വരമെന്നരുളിയതാരെ–
ന്നറിയില്ലെങ്കിലും, അതു സത്യം!
മരമില്ലെങ്കിൽ, വനമില്ലെങ്കിൽ
മനുഷ്യനു ജീവിതവഴി മുട്ടും.
മലനിരയെല്ലാം ഇല്ലാതായാൽ
മഴ കിട്ടാതെ വലയും നാം.
മഴയില്ലെങ്കിൽ, ജലമില്ലെങ്കിൽ
മരുഭൂവാകും ഭൂലോകം!

മരമാണൈശ്വര്യമെന്നറിയാത്ത
മരമണ്ടന്മാരുണ്ടിന്നും!
അപകടകരമാണവരുടെ ചെയ്തികൾ
അതിനെ തടയാൻ ഒന്നിക്കാം.
വനനാശത്തിന്നറുതി വരുത്താം
നട്ടുവളർത്താം മരമെങ്ങും
അവയേകട്ടെ തണലും തണുവും
അവനിക്കിത്തിരി ആശ്വാസം!

കാറ്റും കാടും പുഴയും കടലും
തോറ്റിയെടുക്കും സംഗീതം
സുഖകരമാമനുഭൂതികളാകും
മധുരമഴയായിപ്പെയ്തീടും.
ജീവനഗാനതരംഗാവലിയിൽ
മാനസമെന്നും നീരാടും.
ഭംഗിയൊടെല്ലാം നിലനിന്നീടും
മന്നിടമല്ലോ സ്വർല്ലോകം!

വര : ടി ആർ രാജേഷ്






# ജീവിത വർണങ്ങൾ

**വിനു എ**

**വാലായ് എന്ന സിനിമ മനോഹരമായ ഒരു കൊച്ചു കഥയാണ് പറഞ്ഞുതരുന്നത്. അച്ഛന്റെയൊപ്പം ഫ്രാൻസിൽ താമസിച്ചുകൊണ്ടിരുന്ന അഡി എന്ന ബാലന്റെ കുസൃതി കാരണം അച്ഛൻ അവനെ ബുർക്കിനോ ഫസോയിലെ അമ്മാവന്റെ അടുത്തേക്ക് കൊണ്ടുവിടാൻ തീരുമാനിക്കുന്നു. അഡിക്ക് അത് ഇഷ്ടമുള്ള കാര്യമല്ല. ബുർക്കിനോ ഫസോയിലെ ആ ചെറിയ ഗ്രാമത്തിലേക്ക് പോകുവാൻ അവൻ ഒട്ടും ആഗ്രഹിക്കുന്നില്ല. ഗ്രാമത്തിൽ താമസിക്കുമ്പോൾ അഡിയുടെ സ്വഭാവത്തിലും ജീവിതത്തിലുമുണ്ടാകുന്ന മാറ്റങ്ങൾ തന്മയത്വത്തോടെ അവതരിപ്പിക്കുന്നതാണ് ഈ സിനിമ.**

അച്ഛനെ അനുസരിക്കാതെ നടന്ന ഒരു ബാലൻ, അഡി. അച്ഛന്റെയൊപ്പം ഫ്രാൻസിലായിരുന്നു അവൻ താമസിച്ചുകൊണ്ടിരുന്നത്. അവന്റെ സ്വഭാവം അച്ഛന് അംഗീകരിക്കാനേ സാധിക്കുന്നില്ല. ഉപദേശമോ ഭീഷണിയോ ഒന്നും അവന്റെയടുത്ത് ചെലവാകാതെ വന്നപ്പോൾ അച്ഛൻ പുതിയവഴി കണ്ടെത്തുന്നു. അഡിയെ അമ്മാവന്റെയടുത്തേക്ക് പറഞ്ഞയക്കുക. അഡിക്ക് അത് ഇഷ്ടമുള്ള കാര്യമല്ല. ബുർക്കിനോ ഫസോയിലെ ആ ചെറിയ ഗ്രാമത്തിലേക്ക് പോകുവാൻ അവൻ ഒട്ടും ആഗ്രഹിക്കുന്നില്ല.

എന്നാൽ അച്ഛന്റെ തീരുമാനമാണ് നടപ്പിലായത്. അവനെയും കൊണ്ട് അച്ഛൻ ബുർക്കിനോ ഫസോയിലെ ഗ്രാമത്തിലേക്ക് പുറപ്പെടുന്നു. ആ യാത്ര അവനെ സംബന്ധിച്ചിടത്തോളം ഒരു പേടിസ്വപ്നമായിരുന്നു. അത് യാഥാർത്ഥ്യമായതോടെ അവന് എതിർക്കാനാവുന്നില്ല. ബെർണി ഗോൾഡ്ബ്ലാട് സംവിധാനം ചെയ്ത വാലായ് തുടങ്ങുന്നത് അങ്ങനെയാണ്.

അതൊരു വെറും യാത്രയായിരുന്നില്ല. അവനെ തന്നെ മാറ്റിമറിച്ച യാത്രയായിരുന്നു. അച്ഛൻ അവനെയും കൊണ്ട് ബുസാനിലേക്ക് ഫ്ളൈറ്റിൽ പറന്നിറങ്ങുമ്പോൾ അവന്, മുന്നിലെ ലോകത്തെ കുറിച്ച് അത്രയൊന്നും ധാരണയുണ്ടായിരുന്നില്ല. ഏറെ വൈകാതെ താൻ എത്തിപ്പെട്ടിരിക്കുന്ന ഇടം തനിക്ക് ഭദ്രമായ സ്ഥലമല്ലെന്ന് അവൻ തിരിച്ചറിയുന്നു. തന്റെ കൈയിലെ ഐഫോൺ ചാർജ് ചെയ്യുവാനുള്ള സൗകര്യം കൂടി അവിടെയില്ലെന്ന് അവൻ തിരിച്ചറിയുന്നു.

## വിശപ്പിന്റെ ഇടങ്ങൾ

പലപ്പോഴും ഒരു ഡോക്യുമെന്ററി പോലെ തോന്നിപ്പിക്കുന്ന വിധത്തിലാണ് സിനിമ മുന്നോട്ട്

പോകുന്നത്. ഒരാഴ്ച അവിടെ കഴിയാനാണ് അവിടെ എത്തിയതെന്നാണ് അഡി കരുതിയത്. എന്നാൽ പിന്നീടാണ് അവൻ ആ കാര്യം മനസ്സിലാക്കുന്നത്. അച്ഛന്റെ കയ്യിൽ നിന്നും അവൻ മോഷ്ടിച്ച പണം തിരികെ നൽകും വരെ അവിടെ കഴിയേണ്ടിവരുമെന്ന സത്യം. അവന്റെ പാസ്പോർട്ട് അമ്മാവന്റെ കയ്യിലാണ് ഉള്ളത്. ഒരുകാരണവശാലും അവന് അവിടെ നിന്നും രക്ഷപ്പെടാനാവില്ല.

ചെറിയവരുമാനം മാത്രമേ അവർക്കുള്ളൂ. അതിനാൽ തന്നെ വളരെ കഷ്ടപ്പെട്ട് ജീവിക്കുന്നവരാണ് അവിടുത്തെ ഓരോരുത്തരും. അവൻ അച്ഛനെ ഫോൺ ചെയ്യാൻ ശ്രമിക്കുന്ന ഒരു രംഗമുണ്ട്. എന്നാൽ ഫോണിൽ സംസാരിക്കാനാവാതെ അവൻ പുറത്തുവന്നിരിക്കുമ്പോൾ അതേ പ്രായത്തിലുള്ള ഒരാൾ അവന്റെ അടുത്ത് വന്ന് സംസാരിക്കുന്നുണ്ട്. ആ കൂട്ടുകാരൻ ഒരു ചെറുകിട കമ്പനിയിലെ സെക്യൂരിറ്റിയായി ജോലിചെയ്യുകയാണ്. ഇത്തരത്തിൽ ഓരോരുത്തരും വലിയ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഇടമാണത്.

പണം തിരികെ നൽകുന്നതിനായി അവന്റെ മുന്നിൽ അമ്മാവൻ ഒരു ഓഫർ വെക്കുന്നു. ബോട്ടിലേക്ക് പണിക്ക് വന്നാൽ കൂലിയായി കിട്ടുന്ന തുകകൊണ്ട് കടം തീർക്കുക. എന്നാൽ ദിനം പ്രതി അങ്ങനെ കിട്ടുന്ന കൂലി എകദേശം രണ്ട് യൂറോയ്ക്ക് തുല്യമാണ്. അവൻ തിരികെ നൽകേണ്ടത് അഞ്ഞൂറ് യൂറോയാണ്. അതിന് ഏറെ ദിവസം വേണ്ടിവരുമെന്നതിനാൽ അവൻ അത് സമ്മതിക്കുന്നില്ല. അവിടെനിന്നും ഓടിപ്പോകാനുള്ള അവന്റെ ശ്രമവും പരാജയപ്പെടുന്നു.

അമ്മാവൻ അഡിയെ അവന്റെ മലമുകളിലെ ഗ്രാമത്തിൽ താമസിക്കുന്ന മുത്തശ്ശിയുടെ അടുത്തേക്ക് അയക്കുന്നു. എന്നാൽ അവനപ്പോഴും അവിടെനിന്നും രക്ഷപ്പെടാൻ എന്തെങ്കിലും തന്ത്രം ഉണ്ടെന്ന് പ്രതീക്ഷിക്കുന്നുണ്ട്. തന്റെ കുറച്ച് സാധനങ്ങൾ വിറ്റ പണമെന്ന് പറഞ്ഞ് കുറച്ച് പണം നൽകി പാസ്പോർട്ട് തിരികെവാങ്ങാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ അമ്മാവൻ അത് നൽകാൻ തയ്യാറല്ല. മുത്തശ്ശിയുടെ നിർദേശപ്രകാരം അവൻ ബോട്ടിൽ ജോലിക്ക് പോകാൻ തുടങ്ങുകയാണ്.

ആശ്വാസമാകുമെന്ന തിരിച്ചറിവാണ് അവന് ഉണ്ടായത്.

അവനിലുണ്ടാകുന്ന മാറ്റം അമ്മാവനെ സന്തോഷവാനാക്കുന്നു. അവൻ നുണയനും വികൃതിയുമാണെന്ന് തുടക്കത്തിൽ പറഞ്ഞ അമ്മാവൻ ആ അഭിപ്രായങ്ങളെ മാറ്റുന്നതായി കാണാം. ഫ്രാൻസിൽ നിന്നെത്തി, ജീവിതം പണത്തിലൂടെ ആഘോഷിച്ചു നടന്ന ഒരു ബാലൻ ജീവിതത്തിന്റെ അർത്ഥങ്ങളെ തിരിച്ചറിയുന്ന കാഴ്ചയാണ് അതിൽ കാണാനാവുന്നത്. വെള്ളം



## നന്മയുടെ തീരങ്ങൾ

ആ ജോലി അവനിൽ വലിയ മാറ്റമാണ് ഉണ്ടാക്കുന്നത്. അവൻ കിട്ടിയ കൂലികൊണ്ട് ആദ്യം ചെയ്യുന്നത് മുത്തശ്ശിക്കായി ഒരു കിടക്ക വാങ്ങികൊടുക്കുകയാണ്. അവനതുമായി മല കയറി പോകുന്ന ദൃശ്യമുണ്ട്. അവനിൽ വരുത്തിയ മാറ്റം അതിലൂടെ കാണാനാവും. മുമ്പ് ഉറങ്ങുമ്പോൾ മുത്തശ്ശി സാധാരണ വിരിപ്പിലാണ് കിടക്കുന്നത്. ആ കിടക്ക മുത്തശ്ശിക്ക് വലിയ

ശേഖരിക്കാൻ പോലും ഏറെ ദൂരം പോകേണ്ടിവരുന്ന ദരിദ്രമായ ഒരു പ്രദേശത്ത് എത്തിപ്പെട്ടപ്പോൾ തന്റെ ജീവിതത്തെ അത് എങ്ങനെയൊക്കെയാണ് സ്വാധീനിക്കുന്നതെന്ന് അഡിയുടെ ജീവിതകഥ പറയുന്നു.

ബുർക്കിനോ ഫാസോയിൽ പരിചയപ്പെട്ട കൂട്ടുകാരിക്ക് എഴുതുന്ന ഒരു കത്തിലൂടെയാണ് സിനിമ ആരംഭിക്കുന്നത്. ഫ്രാൻസിലേക്ക് തിരികെ എത്തിയിട്ടും അവനിൽ ഉണ്ടായ മാറ്റം അതുപോലെ ശക്തമായി നിലനിൽ




ക്കുന്നുവെന്നത് ആ ദൃശ്യം പറഞ്ഞുതരും. ജീവിതത്തെ നാം സമീപിക്കുന്ന രീതികളാണ് നമുക്ക് സന്തോഷമേകുന്നത്. അല്ലെങ്കിൽ നാം അസ്വസ്ഥരായികൊണ്ടിരിക്കും. വാലായ് മനോഹരമായ ഒരു കൊച്ചുകഥയാണ് പറഞ്ഞുതരുന്നത്.

ഗ്രാമത്തിൽ താമസിക്കുമ്പോൾ അഡിയുടെ സ്വഭാവത്തിലും ജീവിതത്തിലുമുണ്ടാകുന്ന മാറ്റങ്ങൾ അതിന്റെ തന്മയത്വത്തോടെ അവതരിപ്പിക്കുന്നതാണ് ഈ സിനിമ.

## ബെർണി ഗോൽഡ് ബ്ലാട്

സ്വിസ്-ബുർക്കാനിസ് സിനിമ സംവിധായകനാണ് ബെർണി. സിനിമാ നിർമാണവുമായി രംഗത്തെത്തിയ അദ്ദേഹം പടിഞ്ഞാറൻ ആഫ്രിക്കയുമായി ബന്ധപ്പെട്ട അനേകം ഡോക്യുമെന്ററികൾ ഒരുക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.





# തേന്മാവ്

വര : ടി ആർ രാജേഷ്

**ദിവാകരൻ വിഷ്ണുമംഗലം**

ഞാനെന്റെ പറമ്പിന്റെ മൂലയിലൊരു ചെറു-
മാവിൻതൈ നട്ടു നിത്യം വളവുമിട്ടു

വെള്ളവുമൊഴിച്ചതിൻ തടവുമെടുത്തിട്ടു
നല്ലപോലതിനെ ഞാൻ പരിപാലിച്ചു

നാൾക്കുനാളതു മെല്ലെ വളരുന്നതു കാൺകെ
ആനന്ദക്കണ്ണീരെന്നിൽ തുളുമ്പിനിന്നു.

ആ മരം തളിരിട്ടു പൂവിട്ടു കായ്ക്കുന്നതു
കാണവേയാനന്ദം ഞാനനുഭവിച്ചു.

ആ മരം വളർന്നതു പടർന്നു തണലായെൻ
വീടിന്നൊരടയാളം കുറിച്ചുവെച്ചു

വേനലിന്നവധിയിൽ കൂട്ടുകാരുമായൊത്തു
മാവിന്റെ കീഴിൽ കാറ്റു വരുവാൻ കാത്തു

കാറ്റടിക്കുമ്പോൾ വീഴും മാമ്പഴം നുണയുമ്പോൾ
ഞാൻ നട്ട മരമെന്നിൽ മധു ചൊരിഞ്ഞു.

## കാഴ്ചകൾ, കൗതുകങ്ങൾ-

# മരുഭൂമിയിലൂടെ ഒരു യാത്ര

**വിജയൻ കോതമ്പത്ത്**

**രാജസ്ഥാനിലെ ജയ്സാൽമീറിലൂടെ, ഇന്ത്യയുടെ രണ്ട് അണുപരീക്ഷണങ്ങൾ നടന്ന പൊക്രാനിലൂടെ, താർ മരുഭൂമിയിലൂടെ നമുക്കൊന്ന് പോയിവന്നാലോ ...**



പ്രകൃതിയിലെ അത്ഭുത പ്രതിഭാസമാണ് മരുഭൂമി. കടലിനെപ്പോലെതന്നെ മരുഭൂമിയേയും വർണ്ണിക്കാൻ പ്രയാസമാണ്. മരുഭൂമികളെ തണുത്തതെന്നും ചൂടുള്ളതെന്നും രണ്ടായി തിരിക്കാറുണ്ട്. ധ്രുവപ്രദേശങ്ങളിലെ അന്റാർട്ടിക്ക, ആർട്ടിക്ക് ഭൂപ്രദേശങ്ങളെ തണുത്ത മരുഭൂമികളായാണ് കണക്കാക്കപ്പെടുന്നത്. ചൂടുള്ള മരുഭൂമികളിൽ വലുത് സഹാറയാണ്. അതിന്റെ വലിപ്പം 92,00,000 ച.കി.മീറ്ററാണ്. അതായത് നമ്മുടെ രാജ്യത്തിന്റെ വിസ്തീർണ്ണത്തേക്കാൾ ഏതാണ്ട് മൂന്ന് ഇരട്ടിയിൽ അധികം. ഇന്ത്യയിലുള്ള മരുഭൂമിയാണ് താർ മരുഭൂമി. അതിന്റെ വസ്തീർണ്ണം 2,00,000 ച.കി.മീറ്ററാണ്. വലിപ്പത്തിൽ പതിനെട്ടാം സ്ഥാനമാണ് താർ മരുഭൂമിക്കുള്ളത്.

ഇന്ത്യയിലും പാക്കിസ്ഥാനിലുമായാണ് താർ മരുഭൂമി വ്യാപിച്ചു കിടക്കുന്നത്. താർ മരുഭൂമിയുടെ എഴുപത് ശതമാനവും രാജസ്ഥാൻ, ഗുജറാത്ത്, പഞ്ചാബ്, ഹരിയാന സംസ്ഥാനങ്ങളിലാണുള്ളത്. ബാക്കി ഭാഗങ്ങൾ പാക്കിസ്ഥാനിലും. പ്രതിവർഷം ശരാശരി 3000 മി.മീറ്റർ മഴ കേരളത്തിൽ ലഭിക്കാറുണ്ടല്ലോ... എന്നിട്ടും കുടിവെള്ളത്തിന്



വേനൽക്കാലത്ത് നമ്മൾ പ്രയാസപ്പെടേണ്ടിവരാറുണ്ട്. താർ മരുഭൂമിയിൽ ശരാശരി 100 മുതൽ 500 മി.മീറ്റർ വരെ മാത്രമാണ് മഴ ലഭിക്കാറുള്ളത്. അപ്പോൾ അവിടെയുള്ള ജനജീവിതം എങ്ങനെയുണ്ടാവും എന്ന് ഊഹിച്ചുനോക്കിയാൽ മതി. എന്നാൽ ജലസംരക്ഷണത്തിലും ഉപയോഗത്തിലും നല്ല ജാഗ്രതയുള്ളതിനാൽ അവർക്ക് ജലദൗർലഭ്യത്തെ പലപ്പോഴും മറികടക്കാൻ കഴിയാറുണ്ട്. ജലവിനിയോഗം മെച്ചപ്പെട്ട രീതിയിലായതിനാലാണ് ഇത് സാധിക്കുന്നത്.

ജയ്സാൽമീറിലേക്കുള്ള ഒരു യാത്രയിലായിരുന്നു ഞങ്ങൾ. രാജസ്ഥാനിലെ രണ്ടാമത്തെ വലിയ നഗരമായ ജോധ്പൂരിൽ നിന്നാണ് യാത്രയാരംഭിച്ചത്. അവിടെനിന്നും ജയ്സാൽമീറിലേക്ക് മുന്നൂറ് കി.മീറ്ററോളമാണ് ദൂരം. വിശാലമായി കിടക്കുന്ന താർ മരുഭൂമിയിലൂടെ ആറേഴ് മണിക്കൂർ സമയമെടുക്കും ജയ്സാൽമീറിലെത്താൻ. നോക്കെത്താദൂരത്തോളം പരന്നുകിടക്കുന്ന വരണ്ട ഭൂമിയിൽ ഉയർന്നും താഴ്ന്നും കിടക്കുന്ന മണൽക്കൂനകളാണ് താർ മരുഭൂമിയുടെ സവിശേഷത. ഇടക്കിടെ കുറ്റിച്ചെടികളും ചെറിയ മുൾമരങ്ങളും കാണാം. ഒട്ടകങ്ങൾ, മാനുകൾ, മയിലുകൾ, വിഷമുള്ള പാമ്പുകൾ, ഉറുമ്പുകൾ



എന്നിവയും മരുഭൂമിയിലുണ്ട്. വളരെക്കുറഞ്ഞ ജലലഭ്യതയിലും അതിജീവിക്കാനുള്ള ശേഷി യുണ്ട് മരുഭൂമിയിലെ ജന്തുജീവ ജാലങ്ങൾക്ക്. നീണ്ടയാത്ര ക്കിടയിൽ കുറച്ച് ജനവാസ കേന്ദ്രങ്ങളേ നമുക്ക് കാണാൻ കഴിയൂ. വഴിയിൽ ചിലയിടത്ത് ധാബകൾ കാണാം. അവിടെ നിന്നും വെള്ളവും ഭക്ഷണവും വാങ്ങാം.

ജയ്സാൽമീറിലേക്ക് പോകുന്ന വഴിയിലാണ് പൊക്രാൻ. ജോധ്പൂരിൽ നിന്നും പൊക്രാനിലേക്ക് 175 കി.മീറ്റർ ദൂരമുണ്ട്. ഒരു ചെറിയ നഗരസഭയാണ് പൊക്രാൻ. നമ്മുടെ ഒരു പഞ്ചായത്തിലുള്ള അത്രയും ജനങ്ങൾ പോലും ഈ നഗരസഭയിലില്ല. ഇന്ത്യയുടെ രണ്ട് അണുപരീക്ഷണങ്ങൾ പൊക്രാനിലാണ് നടന്നത് എന്ന് നിങ്ങൾക്ക് അറിയാമല്ലൊ. അണുപരീക്ഷണ കേന്ദ്രം (Indian Nuclear Test Site) പൊക്രാൻ നഗരത്തിന് 45 കി.മീ. വടക്ക്-പടിഞ്ഞാറായാണ് സ്ഥിതി ചെയ്യുന്നത്. ആദ്യ അണുപരീക്ഷണം 1974-ലും രണ്ടാമത് 1998-ലുമാണ് നടന്നത്. ഇനിയൊരു യുദ്ധം വേണ്ട എന്ന ആഗ്രഹമുള്ളവർക്ക് ഏറെ നിരാശ പകരുന്നതാണ് ആണവായുധങ്ങൾക്കുവേണ്ടിയുള്ള പരീക്ഷണങ്ങൾ.

താർ മരുഭൂമിയുടെ ഹൃദയ ഭാഗത്തുള്ള ജയ്സാൽമീറിൽ ഞങ്ങൾ വൈകുന്നേരത്തോടെ എത്തി. പാക്കിസ്ഥാൻ അതിർത്തിക്കടുത്തുള്ള ഒരു പട്ടണമാണ് ജയ്സാൽമീർ. രജപുത്ര രാജാവായ ജയ്സൽ ക്രി.വ. 1156-ൽ ത്രികൂട എന്ന അധികം ഉയരമില്ലാത്ത ഒരു കുന്നിൽ പണിത കോട്ടയിൽ നിന്നാണ് ജയ്സാൽമീർ എന്ന വാക്കിന്റെ ഉത്ഭവം. ഇളം മഞ്ഞ നിറത്തിലുള്ള കല്ലുകൊണ്ടാണ്(Sand Stone) ഈ കോട്ട പണിതിട്ടുള്ളത്. അതീവ ഭാരമുള്ള വലിയ വലിയ കല്ലുകൾ അട്ടിയിട്ടാണ് കോട്ടയുടെ നിർമാണം. പ്രഭാതത്തിലേയും സന്ധ്യയിലേയും സൂര്യരശ്മികളിൽ കോട്ട സ്വർണവർണത്തിൽ തിളങ്ങും. അതിനാൽ സുവർണ ദുർഗം (Golden Fort)എന്നും ജയ്സാൽമീർ കോട്ടയെ വിളിക്കാറുണ്ട്.

പണ്ടുകാലത്ത് യൂറോപ്, അറേബ്യ, ചൈന, ഇന്ത്യ എന്നീ രാജ്യങ്ങളിലെ വ്യാപാരികൾ കരമാർഗമുള്ള കച്ചവടത്തിനായി ഉപയോഗിച്ചിരുന്ന പ്രശസ്തമായ ഒരു പാതയുണ്ട്. സിൽക്ക് പാത (Silk Route) എന്നാണ് അതിനെ



വിളിച്ചിരുന്നത്. ആ കാലത്ത് കാൽനടയായും ഒട്ടകങ്ങൾ മുതലായവയെ ഉപയോഗിച്ചു മായിരുന്നല്ലോ കച്ചവടയാത്രകൾ. സിൽക്ക് പാത കടന്നുപോകുന്നത് ജയ്സാൽമീറിലൂടേയാണ്. അതുകൊണ്ടുതന്നെ തന്ത്രപ്രാധാന്യമുള്ള ജയ്സാൽമീർ കോട്ട പിടിച്ചടക്കാൻ വേണ്ടി നിരവധി യുദ്ധങ്ങൾ നടന്ന സ്ഥലം കൂടിയാണ് ജയിസാൽമീർ. അഫ്ഗാൻ മുഖ്യൻ അമീർ അലി, ഡൽഹി സുൽത്താൻ അലാവുദ്ദീൻ ഖിൽജി, മുഗൾ രാജാവ് ഹുമയൂൺ തുടങ്ങിയവരൊക്കെ പലപ്പോഴായി ജയ്സാൽമീർ കോട്ടയെ ആക്രമിക്കുകയോ കീഴ്പ്പെടുത്തുകയോ ചെയ്തവരാണ്. അക്രമികളിൽനിന്നും രക്ഷനേടാനായി രജപുത്ര വനിതകൾ കൂട്ടമായി ആത്മഹത്യ ചെയ്യുകയോ വധിക്കപ്പെടുകയോ ചെയ്ത സ്ഥലങ്ങൾ കോട്ടക്കകത്തുള്ളതായി എന്റെ ആതിഥേയർ പറഞ്ഞു.

**നിശ്ചയമായും കണ്ടിരിക്കേണ്ട ഒന്നാണ് യുനസ്കോയുടെ പൈതൃക പട്ടികയിൽപെട്ട ജയ്സാൽമീർ കോട്ട. അതിമനോഹരമാണ് അതിന്റെ നിർമിതി. മറ്റ് കോട്ടകളിൽനിന്നും വ്യത്യസ്തമായി ഈ കോട്ടയിൽ ധാരാളം ആളുകൾ താമസക്കാരായുണ്ട്.**

നിശ്ചയമായും കണ്ടിരിക്കേണ്ട ഒന്നാണ് യുനസ്കോയുടെ പൈതൃക പട്ടികയിൽപെട്ട ജയ്സാൽമീർ കോട്ട. അതിമനോഹരമാണ് അതിന്റെ നിർമിതി. മറ്റ് കോട്ടകളിൽനിന്നും വ്യത്യസ്തമായി ഈ കോട്ടയിൽ ധാരാളം ആളുകൾ താമസക്കാരായുണ്ട്. ഞാൻ സന്ദർശിച്ച കാലത്ത് മൂവായിരത്തിലധികം ആളുകൾ കോട്ടയിൽ സ്ഥിര താമസക്കാരായി ഉണ്ടായിരുന്നു. അവരിൽ, കോട്ട പണിതവരുടെ പിന്മുറക്കാരുമുണ്ട്. ഹിന്ദു-ജൈന ക്ഷേത്രങ്ങൾ, ഹോട്ടലുകൾ, റസ്റ്ററന്റുകൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവയാൽ കോട്ടക്കകം വളരെ തിരക്കുപിടിച്ച ഒരു നഗരം പോലെ തോന്നും. ഏഴു തലമുറകളായി കോട്ടയിൽ താമസിച്ചുവരുന്ന ഒരു കുടുംബത്തോടൊപ്പമായിരുന്നു ഞാൻ താമസിച്ചത്. അവരുടെ വീടിന്റെ മട്ടുപ്പാവിലിരുന്ന് ആകാശവും നഗരക്കാഴ്ചകളും കണ്ട് ഭക്ഷണം






**ജയ്സാൽമീർ നഗരവും കോട്ടയും സന്ദർശിച്ചശേഷം ഞങ്ങൾ പോയത് ലോംഗേവാലയിലേക്കായിരുന്നു. ഗണ്ടിയാലി എന്ന സ്ഥലത്ത് എത്തിയപ്പോൾ ഒരു പ്രൈമറി സ്കൂൾ കണ്ട് ഞങ്ങൾ അവിടെയിറങ്ങി. ഒന്നാം ക്ലാസുമുതൽ ഏഴാം ക്ലാസുവരെയുള്ള വിദ്യാലയമായിരുന്നു അത്.**

കഴിച്ചത് മറക്കാനാവാത്ത ഒരു അനുഭവമായിരുന്നു. കോട്ടക്ക് മുകളിൽ പഴയകാലത്ത് വിന്യസിച്ച പീരങ്കികൾ നിരനിരയായി കാണാം. അവിടെയിരുന്ന് സൂര്യോദയം കണ്ടത് ഒരിക്കലും മറക്കാനാവാത്ത അനുഭവമായിരുന്നു. ഫെബ്രുവരി മാസങ്ങളിൽ നടക്കുന്ന ജയ്സാൽമീർ സാംസ്കാരികോത്സവം (Desert Festival of Jaisalmer) കാണാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ധാരാളം ആളുകൾ വരാറുണ്ട്.

ജയ്സാൽമീർ നഗരവും കോട്ടയും സന്ദർശിച്ചശേഷം ഞങ്ങൾ പോയത് ലോംഗേവാലയിലേക്കായിരുന്നു. ഗണ്ടിയാലി എന്ന സ്ഥലത്ത് എത്തിയപ്പോൾ ഒരു പ്രൈമറി സ്കൂൾ കണ്ട് ഞങ്ങൾ അവിടെയിറങ്ങി. ഒന്നാം ക്ലാസുമുതൽ ഏഴാം ക്ലാസുവരെയുള്ള വിദ്യാലയമായിരുന്നു അത്. രണ്ടോ മൂന്നോ മുറികളുള്ള കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. ആകെയുള്ള 21 വിദ്യാർത്ഥികളേയും ഒറ്റ മുറിയിലാണ് ഇരുത്തിയിരിക്കുന്നത്. കുട്ടികൾക്ക് ഇരിക്കാൻ ബെഞ്ചോ കസേരയോ ഇല്ല. ഒരു അധ്യാപകനും ഭക്ഷണമുണ്ടാക്കാൻ ഒരു ആയയും മാത്രമാണ് ജീവനക്കാരായി ഉള്ളത്. അധ്യാപകനും വിദ്യാർത്ഥികളും ഞങ്ങളെ ഹൃദ്യമായി സ്വീകരിച്ചു. ഒരു കുപ്പിയിൽ വെള്ളം തന്നുകൊണ്ടായിരുന്നു അവരുടെ സ്വീകരണം. തെളിഞ്ഞ വെള്ളമായിരുന്നെങ്കിലും കുഴൽക്കിണറിലെ ജലത്തിന്റെ ഇരുമ്പുചുവ കാരണം വെള്ളം കുടിക്കാൻ കഴിഞ്ഞില്ല. ഒന്നുമുതൽ ഏഴുവരെയുള്ള കുട്ടികളെ ഒരു ക്ലാസിലിരുത്തി എങ്ങനെയാണ് പഠിപ്പിക്കുന്നതെന്ന ചോദ്യത്തിന് അത് വളരെ പ്രയാസകരമാണെന്നാണ് അധ്യാപകൻ പറഞ്ഞത്. വിദ്യാർത്ഥികൾ അവരുടെ പ്രാർത്ഥനാ ഗീതവും പാഠപുസ്തകത്തിലെ ചില കവിതകളും ഞങ്ങളെ ചൊല്ലി ക്കേൾപ്പിച്ചു. നമ്മുടെ കുറച്ചു പാട്ടുകൾ ഞങ്ങളും ചൊല്ലി. സ്കൂളുകൾ സമ്പൂർണ ഡിജിറ്റലായ കേരളത്തിലെ വിദ്യാലയങ്ങളും ഗണ്ടിയാലിയിലെ ഈ വിദ്യാലയവും തമ്മിൽ ഒന്ന് താരതമ്യം ചെയ്തു നോക്കൂ. എന്തെല്ലാമാണ് വ്യത്യാസങ്ങൾ?

പാക്കിസ്ഥാൻ അതിർത്തിയോടു ചേർന്ന ഒരു പ്രദേശ




ലോംഗേവാല യുദ്ധ സ്മാരകം




മാണ് ലോംഗേവാല. പാക്കിസ്ഥാനുമായി 1971ൽ നടന്ന യുദ്ധത്തിലെ പ്രധാനപ്പെട്ട സംഭവങ്ങൾ നടന്ന ഒരു പ്രദേശം കൂടിയാണ് ലോംഗേവാല. പാക്കിസ്ഥാന്റെ കയ്യിൽനിന്നും പിടിച്ചെടുത്ത ടാങ്കുകൾ, വിമാനങ്ങൾ എന്നിവ അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇന്ത്യൻ സൈന്യത്തിന്റെ അഭിമാനം ഉയർത്തിയ ഒരു പ്രദേശമാണിത്. പട്ടാളക്കാർക്ക് ഒളിച്ചിരുന്ന് യുദ്ധം ചെയ്യാനുള്ള കിടങ്ങിലൂടെ ഞങ്ങൾ കുറേദൂരം നടന്നു. അമ്പത് ഡിഗ്രി വരെയൊക്കെ കടുത്ത ചൂടുണ്ടാവുന്ന താർ മരുഭൂമിയിൽ, രാജ്യത്തിനു വേണ്ടി യുദ്ധം ചെയ്തവരേയും യുദ്ധത്തിൽ മരിച്ചുപോയവരേയും അംഗഭംഗം വന്നവരേയും ഓർത്ത് അവരുടെ സ്മൃതി മണ്ഡപത്തിൽ ഞങ്ങൾ കുറേ നേരം നിന്നു. ഈ ആധുനിക കാലത്ത് രാജ്യങ്ങൾ തമ്മിലോ വ്യക്തികൾ തമ്മിലോ ഉണ്ടായേക്കാവുന്ന തർക്കങ്ങളും അഭിപ്രായ വ്യത്യാസങ്ങളും പരിഹരിക്കാൻ യുദ്ധവും സംഘർഷവുമല്ലാതെയുള്ള മാർഗങ്ങൾ ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു.

ജയ്സാൽമീറിനടുത്തുള്ള ഖൂരി എന്ന ഗ്രാമത്തിലാണ് ഞങ്ങൾ അന്നുരാത്രിയിൽ താമസിച്ചത്. ഖൂരി, സാം തുടങ്ങിയ സ്ഥലങ്ങളിൽനിന്നും ഡിസർട് സഫാരിയുണ്ട്. മരുഭൂമിയുടെ വന്യതയിലൂടെയുള്ള യാത്രയാണ് ഈ സവാരി. റോഡോ, വഴികളോ ഇല്ലാത്ത മണലാരണ്യത്തിന്റെ ഉള്ളിലേക്കുള്ള യാത്ര ഒരേസമയം ആനന്ദിപ്പിക്കുന്നതും ഭീതിജനകവുമാണ്. ഞങ്ങളുടെ വാഹനം ഒരു പഴഞ്ചൻ ജീപ്പായിരുന്നു. കുത്തനെയുള്ള മണൽക്കുന്നുകളിലേക്ക് വാഹനം ഓടിച്ചു കയറ്റുമ്പോൾ ശരിക്കും വിറച്ചുപോയി. മണൽക്കുന്നുകളിൽ നിന്നും അതുപോലെ കുത്തനെ ഇറങ്ങുമ്പോൾ ജീപ്പ് മറിഞ്ഞുപോകുമോയെന്ന് ഭയന്ന് ഞാൻ കണ്ണുംപൂട്ടിയാണ് ഇരുന്നത്. ടയറുകൾ മണലിൽ പൂഴ്ന്ന് ചിലപ്പോൾ ഒരടിപോലും ജീപ്പ് മുന്നോട്ട് നീങ്ങാതാവും. മരുഭൂമി നമ്മളെ ഭയപ്പെടുത്താൻ തുടങ്ങും. ഭയപ്പെടുത്തുന്ന ഈ ആനന്ദയാത്രയുടെ അവസാന ഇനങ്ങളായി ഒട്ടക സവാരി, ക്യാമ്പ് ഫയർ, രാജസ്ഥാൻ നൃത്തങ്ങൾ, നാടൻ കലകളുടെ അവതരണം എന്നിവയുമുണ്ടായിരുന്നു. എല്ലാം കഴിഞ്ഞ് അന്തിയുറങ്ങിയത് മരുഭൂമിയിൽ കെട്ടിയുണ്ടാക്കിയ ഒരു ടെന്റിനുള്ളിലായിരുന്നു. മരുഭൂമിയിലെ ആകാശവും നക്ഷത്രങ്ങളും കണ്ട് ഉറങ്ങാൻ കിടന്നപ്പോൾ പാതിരാത്രി കഴിഞ്ഞിരുന്നു.

മഴയും പുഴയും കാടും മലകളും നിറഞ്ഞ കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടെന്ന് വിശേഷിപ്പിക്കുന്നത് എത്രമാത്രം അർത്ഥവത്താണെന്ന് അറിയണമെങ്കിൽ മറുനാടുകളിലൂടെ ഒരു യാത്ര പോയാൽ മതി.

# തിരുത്തലുകൾ

**പ്രേമജ ഹരീന്ദ്രൻ**

ഷാനു അന്നു വൈകുന്നേരം സ്കൂൾ ബസിൽ കയറിയില്ല. എല്ലാവരും ക്ലാസിൽനിന്ന് പോയിത്തീരും വരെ ബാഗിൽ പുസ്തകമെടുത്തു വെക്കുന്നതായി നടിച്ച് തനിയെയിരുന്നു.

സ്കൂൾ ബസ് വീട്ടിലെത്തുമ്പോഴേക്കും അച്ഛനും അമ്മയും എത്താറില്ല. അതുകൊണ്ട് ഇപ്പോഴൊന്നും ആരും തന്നെ അന്വേഷിക്കില്ല എന്ന് അവന് ഉറപ്പായിരുന്നു .

ബാഗ് തുറന്ന് ഇംഗ്ലീഷ് പരീക്ഷയുടെ ഉത്തരക്കടലാസ് അവിടെത്തന്നെയുണ്ടോ എന്ന് നോക്കി. ഉണ്ട്.

അവൻ രണ്ടു വിരലുകൾ കൊണ്ടു തൊടാൻ അറപ്പുള്ള എന്തോ ഒന്ന് നുള്ളിയെടുക്കുന്നതുപോലെ ആ കടലാസ് പുറത്തേക്കെടുത്തു. നിറയെ ചുവന്ന മഷിയിലുള്ള തെറ്റുകൾ, തിരുത്തലുകൾ. ഇത് കീറിക്കളഞ്ഞിട്ടും കാര്യമില്ല.

അടുത്ത വീട്ടിൽ തന്നെയുണ്ട് ഇതേ ക്ലാസിലെ അഭി. അവൻ പറയൂലേ ഷാനുവിന് ഇംഗ്ലീഷ് പരീക്ഷയിൽ മുഴുവൻ തെറ്റാണെന്ന്?

ആ ഉത്തരക്കടലാസ് ടീച്ചർ നേരത്തേ പേര് വിളിച്ചു തന്നപ്പോഴുള്ള മറ്റു കുട്ടികളുടെ ചിരി ഓർത്തപ്പോൾ ഷാനുവിന് ഉറക്കെ കരയാൻ തോന്നി .

'എന്താ ഇത് കുട്ടീ, ഷെയിം ഷെയിം... ആർക്കുമില്ലല്ലോ ഇത്രയും കുറഞ്ഞ മാർക്ക്! നിന്റെ പേരന്റ്സിനെ ഞാനൊന്ന് വിളിക്കുന്നുണ്ട്' എന്ന് ടീച്ചർ പരിഹാസത്തോടെ അപ്പോഴേ പറഞ്ഞതുമാണ്.





വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങാടി

ടീച്ചർ ഇപ്പോൾ അവരെ വിളിച്ചിട്ടുണ്ടാവുമോ?

വീട്ടിലെത്തിയാൽ അമ്മയും അതുപോലെ ചിരിക്കൂലേ? അച്ഛൻ വഴക്കുപറയൂലേ?

എന്നും പഴയ സ്കൂളിൽ തന്നെ പോയാൽ മതിയായിരുന്നു. അവിടെ എപ്പോഴും ചിരിക്കുന്ന ചന്ദ്രിടീച്ചാണ്. ഇതുപോലെ ടൈ കെട്ടണ്ട. ഷൂസിടണ്ട. വലിയ ബാഗില്ല. ഏറ്റവും സന്തോഷം ഇതുപോലെ കടിച്ചാൽ പൊട്ടാത്ത ഇംഗ്ലീഷില്ല എന്നതു തന്നെ. കണക്കും പരിസരപഠനവുമെല്ലാം ഇംഗ്ലീഷിൽ തന്നെ!

അമ്മയ്ക്ക് ഇങ്ങോട്ടു സ്ഥലം മാറ്റം കിട്ടിയതാണ് എല്ലാത്തിനും കാരണം .

ചന്ദ്രിടീച്ചറെയും പഴയ സ്കൂളിലെ ഒന്നാം ക്ലാസിലെ കൂട്ടുകാരെയും വിട്ട് ഇവിടെയെത്തിയിട്ടിപ്പോൾ മൂന്നു മാസമേ കഴിഞ്ഞിട്ടുള്ളൂ. പക്ഷേ കുറേ വർഷങ്ങളായതുപോലെ തോന്നുന്നു.

ഷാനു ടൈ അഴിച്ച് ബാഗിൽ വെച്ചു. ഷൂവും സോക്സും അഴിച്ചുവെച്ചു. കാൽ നിലത്തു മുട്ടുമ്പോൾ നല്ല തണുപ്പ്. ഉള്ളിലെ കത്തലിന് ലേശം ആശ്വാസം പോലെ. അവൻ മുന്നിലെ ഡെസ്കിൽ തലയമർത്തി കിടന്നു.

ടീച്ചറിപ്പോ അച്ഛനെയും അമ്മയെയും വിളിച്ചിട്ടുണ്ടാവുമോ?

നേരത്തേ ടീച്ചറും കുട്ടികളും കളിയാക്കിച്ചിരിച്ചതുപോലെ അച്ഛനും അമ്മയും കളിയാക്കിച്ചിരിക്കുകയാണോ ചെയ്യുക, അതോ അടിക്കുമോ?

അവർക്കെന്തറിയാം! മൂത്രമൊഴിക്കാൻ പോവാൻ ടീച്ചറോട് ഇംഗ്ലീഷിൽ ചോദിക്കാൻ അറിയാഞ്ഞിട്ട് വയറമർത്തിപ്പിടിച്ച്

**ഉറക്കത്തിൽ ഒരു സ്വപ്നം അവന്റെ കൂടെയെത്തി. ചന്ദ്രി ടീച്ചറും പഴയ സ്കൂളിലെ കൂട്ടുകാരും കൂടി മഴയുടെ പാട്ടു പാടി നൃത്തം ചെയ്യുകയായിരുന്നു. പിന്നെ ടീച്ചർ മരത്തെ സ്നേഹിച്ച കുട്ടിയുടെ കഥ പറഞ്ഞു. എല്ലാവരും കൂടി ഒരു മരം നട്ടു വെള്ളമൊഴിക്കുമ്പോഴാണ് ആരോ അവനെ തട്ടി വിളിച്ചത്. ഷാനു ചെറുതായൊന്നു ഞെട്ടി.**

എത്ര ദിവസം ഇരുന്നിട്ടുണ്ട്! ആ സമയത്ത് പരിഭ്രമം കൊണ്ട് കൃത്യമായി അതിനുള്ള ഇംഗ്ലീഷ് മറന്നുപോകും.

ക്ലാസിൽ മറ്റുള്ളവരെപ്പോലെ ചറപറയെന്ന് ഇംഗ്ലീഷ് പറയാത്തതുകൊണ്ടാവും ടീച്ചർക്ക് എന്നെയിഷ്ടമല്ലാത്തത്. ഞാൻ എന്തുചെയ്യാനാണ്! ഇംഗ്ലീഷ് പറയണംന്ന് വിചാരിക്കുമ്പോളെല്ലാം കഴിഞ്ഞയാഴ്ച സ്ഥലം മാറിപ്പോയ, ഇവിടെ നേരത്തേയുണ്ടായിരുന്ന ഇംഗ്ലീഷ് ടീച്ചറെ ഓർമ വരും. വലിയ ചൂരൽവടി നീട്ടിപ്പിടിച്ച് കണ്ണടയ്ക്കുള്ളിലൂടെ നോക്കിപ്പേടിപ്പിക്കുന്ന ഗ്രേസി ടീച്ചർ.

ഈ സ്കൂളിൽ വന്നതിന്റെ രണ്ടാം ദിവസം ഇംഗ്ലീഷ് കേട്ടെഴുത്തിൽ ഒരക്ഷരം തെറ്റിയതിന് ബെഞ്ചിൻമേൽ കയറ്റി നിർത്തി ആ വാക്കിന്റെ സ്പെല്ലിംഗ് അമ്പതു പ്രാവശ്യം പറയിപ്പിച്ച ഗ്രേസി ടീച്ചർ. ഞാൻ ഭയങ്കര സ്ട്രിക്റ്റാ അതുകൊണ്ട് എന്റെ ക്ലാസിൽ എല്ലാവരും പഠിക്കുമെന്ന് ഇടക്കിടക്ക് പറയാറുള്ള ഗ്രേസി ടീച്ചർ. ഇപ്പോൾ ഇംഗ്ലീഷ് പുസ്തകം തുറക്കുമ്പോൾ ഗ്രേസി ടീച്ചറിനെയാണ് കാണുന്നത്. പിന്നെങ്ങനെ, പഠിക്കാൻ പഠിച്ചാലും ഇംഗ്ലീഷ് പരീക്ഷയാവുമ്പോ എല്ലാം മറന്നു പോവും..!

ഡെസ്കിൽ തല ചേർത്തുവെച്ചു കിടന്നുകൊണ്ടു തന്നെ ഷാനു ഉറങ്ങിപ്പോയി.

ഉറക്കത്തിൽ ഒരു സ്വപ്നം അവന്റെ കൂടെയെത്തി. ചന്ദ്രി ടീച്ചറും പഴയ സ്കൂളിലെ കൂട്ടുകാരും കൂടി മഴയുടെ പാട്ടു പാടി നൃത്തം ചെയ്യുകയായിരുന്നു. പിന്നെ ടീച്ചർ മരത്തെ സ്നേഹിച്ച കുട്ടിയുടെ കഥ പറഞ്ഞു. എല്ലാവരും കൂടി ഒരു മരം നട്ടു വെള്ളമൊഴിക്കുമ്പോഴാണ് ആരോ അവനെ തട്ടി വിളിച്ചത്. ഷാനു ചെറുതായൊന്നു ഞെട്ടി.

സമയം രാത്രിയായല്ലോ. ക്ലാസിലും സ്കൂൾ മുറ്റത്തുമെല്ലാം ബൾബ് തെളിഞ്ഞിരിക്കുന്നു. നല്ല വെളിച്ചം.

'എന്റെ മോനേ!'

അമ്മയാണ് വിളിക്കുന്നത്.

അമ്മയെന്തിനാണ് കരയുന്നത്! അവൻ പരിഭ്രമിച്ചു. പരീക്ഷയ്ക്കു മാർക്കു കുറഞ്ഞത് അമ്മയറിഞ്ഞോ.?

അമ്മ കരയുന്നതു കണ്ടപ്പോൾ അവനും സങ്കടമായി...

'അമ്മേ അമ്മേ . എനിക്കീ സ്കൂള് വേണ്ടമ്മേ. ചന്ദ്രി ടീച്ചറ്ടെ സ്കൂള് മതി. ഇംഗ്ലീഷില്ലാത്ത സ്കൂള് മതി.' അവൻ കരഞ്ഞുപോയി.

അപ്പോഴേക്കും അമ്മ എന്റെ പൊന്നു മോനേന്നു വിളിച്ചുകൊണ്ട് അവന്റെ മുഖം ഉമ്മകൾ കൊണ്ട് മൂടിയിരുന്നു. ഷാനു അമ്മയുടെ ചുമലിൽ ചേർന്നു കിടന്നുകൊണ്ട് വീണ്ടും മഴയുടെ സ്വപ്നം കാണാൻ തുടങ്ങി.

# ടോം സോയറുടെ
# സാഹസികജീവിതം

**മാർക്ക് ട്വയിൻ**
പുനരാഖ്യാനം: **ജോളി വർഗീസ്**

അന്ന് രാത്രി ടോമും ഹക്കും അവരുടെ അടുത്ത വീരസാഹസിക പ്രവൃത്തിക്കുള്ള തയ്യാറെടുപ്പിലായിരുന്നു. രാത്രി ഏകദേശം ഒൻപതു മണിവരെ അവർ സത്രത്തിന്റെ പരിസരപ്രദേശങ്ങളിൽ ചുറ്റിനടന്നു. ഒരാൾ അല്പം അകലെ കാണാവുന്ന ഇടവഴിയും മറ്റേ ആൾ സത്രത്തിന്റെ വാതിലും നിരീക്ഷിച്ചു. ആരും ഇടവഴിയിലേക്കു വന്നില്ല.

സ്പാനിയാർഡിന്റെ ഛായയുള്ള ഒറ്റയാളും സത്രത്തിലെ മുറിയിലേക്കു പോകയോ ഇറങ്ങിവരികയോ ചെയ്യുന്നതായും കണ്ടില്ല.

ആ രാത്രി നിലാവുള്ള രാത്രിയായിരുന്നു. എങ്കിലും അല്പസമയം കഴിഞ്ഞ് ഇരുട്ട് കനക്കുകയാണെങ്കിൽ ഹക്ക് മ്യാവൂ എന്ന് പറയണമെന്നും അപ്പോൾ ആന്റിയുടെ താക്കോലുകളുമായി ടോം ഇറങ്ങിവരാമെന്നും പറഞ്ഞുറപ്പിച്ച് അവർ പിരിഞ്ഞു. പക്ഷേ അന്ന് അവർ പ്രതീക്ഷിച്ചത്ര ഇരുട്ട് പരന്നില്ല. പാതിരാത്രി കഴിഞ്ഞപ്പോൾ ഹക്ക് തന്റെ കാത്തിരിപ്പും നിരീക്ഷണവും അവസാനിപ്പിച്ച് ഒരു ഒഴിഞ്ഞ വീപ്പയ്ക്കുള്ളിൽ ചുരുണ്ടുകൂടി ഉറങ്ങാൻ കിടന്നു. ചൊവ്വാഴ്ചയും ബുധനാഴ്ചയും ഇരുട്ടും രാത്രിയും അവരെ വഞ്ചിച്ചു. വ്യാഴാഴ്ച രാത്രി അവർക്ക് അനുകൂലമായിരുന്നു. അന്നു രാത്രി ടോം തന്റെ ആന്റിയുടെ പഴയ റാന്തൽ വിളക്കും അത് മൂടാനുള്ള ഒരു വലിയ ടവലുമായി പുറത്തിറങ്ങി. റാന്തൽ വിളക്ക് വീപ്പയ്ക്കുള്ളിൽ ഒളിച്ചുവച്ചു. അവർ സത്രവും ഇടവഴിയും സൂക്ഷ്മതയോടെ നിരീക്ഷിച്ചു. പാതിരാത്രിയാകാൻ ഏകദേശം ഒരുമണിക്കൂർ ഉള്ളപ്പോൾ സത്രം അടച്ചു. വിളക്കുകൾ അണച്ചു. ആരും ഇടവഴിയിൽ പ്രവേശിച്ചില്ല. ആരും അതുവഴി പുറത്തേക്കും പോയില്ല. ടോം തന്റെ വിളക്ക് കത്തിച്ചു. ടവലുകൊണ്ട് മൂടി. എന്നിട്ട് അവർ രണ്ടുപേരും കൂടി സത്രത്തിലേക്കു മെല്ലെ നടന്നു. ടോം ഇടവഴിയിലൂടെ നുഴഞ്ഞ് കയറിയപ്പോൾ ഹക്ക് കാവൽക്കാരനായി ചുറ്റുപാടുകൾ നിരീക്ഷിച്ച് അവിടെ നിന്നു.

ആകാംക്ഷയുടെയും ഭീതിയുടെയും മുൾമുനയിലാണ്



വര: റോണി ദേവസ്യ



**ആകാംക്ഷയുടെയും ഭീതിയുടെയും മുൾമുനയിലാണ് ഹക്ക് അവിടെ നിന്നത്. ടോമിന്റെ വിളക്കിന്റെ മിന്നികത്തുന്ന വെളിച്ചം കാണാൻ സാധിച്ചിരുന്നെങ്കിൽ ടോമിന് ആപത്തൊന്നും സംഭവിച്ചിട്ടില്ലാ എന്ന് ഉറപ്പിക്കാമായിരുന്നു എന്ന് അവൻ ചിന്തിച്ചു.**

ഹക്ക് അവിടെ നിന്നത്. ടോമിന്റെ വിളക്കിന്റെ മിന്നിക്കത്തുന്ന വെളിച്ചം കാണാൻ സാധിച്ചിരുന്നെങ്കിൽ ടോമിന് ആപത്തൊന്നും സംഭവിച്ചിട്ടില്ലാ എന്ന് ഉറപ്പിക്കാമായിരുന്നു എന്ന് അവൻ ചിന്തിച്ചു. ടോം അവിടേക്ക് പോയിട്ട് മണിക്കൂറുകൾ കഴിഞ്ഞതുപോലെ. ഭീതി ഉണർത്തുന്ന കാത്തിരിപ്പിന്റെ അവസാനത്തിൽ ഹക്ക് ഇടവഴിയിലേക്ക് ഇഴഞ്ഞിഴഞ്ഞ് നീങ്ങിക്കൊണ്ടിരുന്നു. എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാക്കാനുള്ള സമയം ലഭിക്കുന്നതിനുമുമ്പ് ഓടിക്കോ... ഓടിക്കോ എന്നു വിളിച്ചുപറഞ്ഞുകൊണ്ട് ടോം കൊടുങ്കാറ്റുപോലെ ചീറിപ്പാഞ്ഞുവന്നു.

രണ്ടാമതൊരിക്കൽക്കൂടി പറയേണ്ട കാര്യമില്ലായിരുന്നു. ഹക്ക് ജീവനും കൊണ്ട് പാഞ്ഞു. ഗ്രാമത്തിന്റെ താഴ്‌വാരത്തിലെ ഉപേക്ഷിക്കപ്പെട്ട ഒരു കശാപ്പുശാലയിൽ അഭയം കണ്ടെത്തുന്നതുവരെ അവർ തിരിഞ്ഞുനോക്കാതെ ഓടി. അവർ അതിനുള്ളിൽ പ്രവേശിച്ച നിമിഷം തന്നെ കൊടുങ്കാറ്റ് ചീറിയടിച്ചു. തുള്ളിക്ക് ഒരുകുടം വീതം എന്നപോലെ പേമാരിയും ആരംഭിച്ചു.

ഓട്ടത്തിന്റെ കിതപ്പ് തീർന്ന്, ശ്വാസം നേരെ വീണപ്പോൾ ടോം പറഞ്ഞു,

''ഹക്കേ... ഭയങ്കരമായ അനുഭവം. വളരെ പതുക്കെ ഞാൻ രണ്ടു താക്കോലുകൾ പരീക്ഷിച്ചുനോക്കി. അവ എന്നിട്ടും കിരുകിരാ ശബ്ദം ഉണ്ടാക്കി. ഞാൻ പേടിച്ചുവിറച്ചാണ് അവിടെ നിന്നത്. അവ താക്കോൽ ദ്വാരത്തിൽ തിരിഞ്ഞതുമില്ല. അതുകൊണ്ട് ഞാൻ പതുക്കെ വാതിൽപ്പിടി ഒന്നു തിരിച്ചുനോക്കി. വാതിൽ തുറന്നു. അത് പൂട്ടിയിട്ടില്ലായിരുന്നു. ഞാൻ ചാടിക്കയറി, വിളക്കിൽ നിന്ന് ടവൽ മാറ്റി. എന്റെ ദൈവമേ... ഞാൻ ജോയുടെ കൈയേൽ ചവിട്ടേണ്ടതായിരുന്നു...''

''സത്യം?''

''അതെ... അവൻ അവിടെ തറയിൽ കൈനീട്ടിയിട്ട് കിടന്നുറങ്ങുന്നു. കുടിച്ച് ബോധം കെട്ടതായിരിക്കും. ഞാൻ ടവലും എടുത്ത് പുറത്തേക്കു ചാടി.''

''ഞാൻ ടവലിന്റെ കാര്യം ഓർത്തില്ല.''

''എനിക്ക് ഓർക്കണം. ഇല്ലെങ്കിൽ എന്റെ ആന്റി എന്നെ കൊല്ലും.''

''ടോമേ... നീ ആ പെട്ടി അവിടെ കണ്ടോ?''

''ഹക്കേ... അതൊന്നും നോക്കാനുള്ള സൗകര്യം ലഭിച്ചില്ല. പെട്ടിയും കുരിശും ഒന്നും കണ്ടില്ല. ജോയുടെ അടുത്ത് ഒരു കുപ്പിയും ഒരു തകരക്കോപ്പയും കിടക്കുന്നതു കണ്ടു. കൂടാതെ രണ്ട് വീപ്പകളും നിരവധി കുപ്പികളും ഉണ്ടായിരുന്നു. പ്രേതബാധയുള്ള ആ മുറിയുടെ പ്രശ്നം എന്താണെന്ന് മനസ്സിലായോ?''

''എന്താ?''

''എന്താണെന്നോ? വിസ്കി, വിസ്കി ആവേശിച്ച മുറിയാണ് അത്.''

''അങ്ങനെ ഒരു സാധ്യത

ആരും ചിന്തിച്ചില്ല. പക്ഷേ, ജോ, അവിടെ കുടിച്ച് ബോധം കെട്ട് കിടക്കുകയാണെങ്കിൽ ഇപ്പോൾ പെട്ടി തട്ടിയെടുക്കാനുള്ള നല്ല അവസരം അല്ലേ?''

''അതെ... നീ ശ്രമിക്കുമോ?''

ഹക്ക് തോൾ വെട്ടിച്ച് നിരസിച്ചു.

''വയ്യാ... എനിക്കു വയ്യാ...''

അവർ അല്പനേരം പലവിധ പോംവഴികൾ ആലോചിച്ചു.

''നോക്കൂ... ഹക്കേ... ജോ അവിടെ ഇല്ലെന്ന് ഉറപ്പു വരുത്തുന്നതുവരെ ഇനി പെട്ടി എടുക്കാൻ ശ്രമിക്കണ്ട. എല്ലാദിവസവും ഈ ഇടവഴിയും സത്രത്തിന്റെ വാതിലും നിരീക്ഷിച്ചാൽ ഏതെങ്കിലും ഒരു ദിവസം അവൻ പുറത്തു പോകുന്നത് കാണാൻ സാധിക്കും. അപ്പോൾ മിന്നൽ വേഗത്തിൽ നമുക്ക് ആ പെട്ടി കൈക്കലാക്കാം.''

''മതി... അങ്ങനെ മതി. എല്ലാ ദിവസവും പാതിരാത്രിവരെ ഞാൻ കാവൽ നിൽക്കാം. പക്ഷേ മറ്റേ ജോലി നീ ചെയ്യണം.''

''ശരി ഹക്കേ.... അങ്ങനെയാകാം. നീ അങ്ങോട്ടും ഇങ്ങോട്ടും നടന്ന്, കാര്യങ്ങൾ ശ്രദ്ധിക്കണം. പിന്നീട് നീ വന്ന് മ്യാവൂ ശബ്ദം ഉണ്ടാക്കണം. ഞാൻ ഉറങ്ങിപ്പോയെങ്കിൽ ഒരു പിടി മണ്ണുവാരി ജനലിലേക്ക് എറിയണം. അപ്പോൾ ഞാൻ ഉണരും.''

**"നോക്കൂ... ഹക്കേ... ജോ അവിടെ ഇല്ലെന്ന് ഉറപ്പുവരുത്തുന്നതുവരെ ഇനി പെട്ടി എടുക്കാൻ ശ്രമിക്കണ്ട. എല്ലാദിവസവും ഈ ഇടവഴിയും സത്രത്തിന്റെ വാതിലും നിരീക്ഷിച്ചാൽ ഏതെങ്കിലും ഒരു ദിവസം അവൻ പുറത്തുപോകുന്നത് കാണാൻ സാധിക്കും. അപ്പോൾ മിന്നൽ വേഗത്തിൽ നമുക്ക് ആ പെട്ടി കൈക്കലാക്കാം."**

''ശരി അങ്ങനെയാകട്ടെ''

''കൊടുങ്കാറ്റ് ശമിച്ചു. നേരം വെളുക്കാറായി. അതുകൊണ്ട് ഞാൻ വീട്ടിലേക്ക് പോകുന്നു. നീ തിരികെപ്പോയി, കാവൽ നിൽക്കണം.''

''ഞാൻ ചെയ്യാം ടോമേ... വേണമെങ്കിൽ ഒരുവർഷം മുഴുവൻ രാത്രിയിൽ സത്രത്തിനടുത്ത് കാവൽ നിൽക്കാം. പകൽ മുഴുവൻ ഞാൻ ഉറങ്ങും.''

''കൊള്ളാം നീ എവിടെയാണ് ഉറങ്ങാൻ പോകുന്നത്?''

''സെൻറോഗേഴ്സിന്റെ കച്ചിപുരയിൽ അവൻ അനുവദിച്ചിട്ടുണ്ട്. അവന്റെ അപ്പന്റെ കാവൽക്കാരൻ അങ്കിൾ ജെയ്ക്കും നല്ല മനുഷ്യനാണ്. എന്നെ ഇഷ്ടമാണ്. ഞാൻ ചിലപ്പോൾ അയാളുടെ കൂടെ ഭക്ഷണം കഴിക്കാറുണ്ട്. പക്ഷേ, വിശക്കുമ്പോൾ ഇഷ്ടമില്ലാത്തതും ചെയ്യേണ്ടിവരും.''

''കൊള്ളാം. നിന്നെ പകൽ സമയം എനിക്ക് ആവശ്യമില്ല. അപ്പോൾ നിനക്ക് ഉറങ്ങാം. രാത്രിയിൽ എന്തെങ്കിലും അപ്രതീക്ഷിതമായി കണ്ടാൽ ഉടനെ എന്റെ ജനലിന്റെ അടുത്ത് വന്ന് മ്യാവൂ ശബ്ദം ഉണ്ടാക്കണം.

അങ്ങനെയൊരു ധാരണ ഉണ്ടാക്കി അവർ അന്നത്തേക്ക് പിരിഞ്ഞു.

കവിത

# പഞ്ചവർണപ്പൂവ്

**കെ കെ പല്ലശ്ശന**

അമ്മിണിക്കുഞ്ഞൊരു പൂ വരച്ചു
അഞ്ചിതളുള്ളൊരു പൂ വരച്ചു
അഞ്ചു നിറമേകിയിതളഞ്ചിനും
പുഞ്ചിരിയോടവൾ നീട്ടി ചിത്രം.
അച്ഛനുമമ്മയും ചിരിയോ ചിരി
അച്ഛമ്മ നല്ലൊരു പൊട്ടിച്ചിരി
അമ്മിണിക്കുഞ്ഞിന്റെ ടീച്ചറമ്മ
പൂനിലാപ്പുഞ്ചിരിയേകി പിന്നെ,
അമ്പതിലമ്പതു മാർക്കു നൽകി
പഞ്ചാരയുമ്മയും കൂടെ നൽകി
അമ്മിണിക്കുഞ്ഞിന്റെ ടീച്ചറമ്മ
അമ്മയെക്കാളുമവൾക്കു പ്രിയം
അമ്മിണിക്കുഞ്ഞിനു ടീച്ചറമ്മ
പഞ്ചവർണപ്പൂവ് പോലെയല്ലോ.





# കിലുക്കങ്ങൾ

മടവൂർ സുരേന്ദ്രൻ

കാഞ്ചിക്കിലുക്കവും
കാവ്യക്കിലുക്കവും
കുഞ്ചന്റെ വഞ്ചിയിൽ
കുരവയിട്ടൂ
കള്ളച്ചിരിയുമടവും കളികളും
കുഞ്ഞിന്റെ ചുണ്ടിലും താളമിട്ടൂ
മാനത്തിൻ മുറ്റത്തു-
മഴവില്ലു കണ്ടപ്പോൾ
താഴത്തു മയിലുകൾ
നൃത്തമാടി.
പാടത്തെക്കതിരുകൾ
കൊത്തിയെടുക്കുവാൻ
മാടത്ത തത്തയും
കൂട്ടുവന്നു
പാടിപ്പതിഞ്ഞൊരു
പാട്ടിന്റെ പാലാഴി
പാണന്റെ ചുണ്ടിലും
ഈണമിട്ടു
താളം തുള്ളി
നല്ല മേളം തുള്ളി
താലോലമാടുവാൻ
കാറ്റുവന്നു
കാറ്റിന്റെ കൈയിലെ
ഗന്ധമെല്ലാം
ആരൊക്കെയാരൊക്കെ
കട്ടെടുത്തൂ.

വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

# മഹാഭാരതം

119

**സുഗതകുമാരി**

# ദുര്യോധന വധം

സഞ്ജയൻ തുടർന്നു, 'മഹാരാജൻ, ബാക്കി കഥ കൂടി കേട്ടാലും. രാജദാരങ്ങളും ദാസീദാസരും കാവൽക്കാരും എല്ലാവരും പൊയ്ക്കഴിഞ്ഞ് ഒഴിഞ്ഞുകിടക്കുന്ന ശിബിരങ്ങളിൽ നിന്ന് മൂന്നുപേർ സന്ധ്യ ഇരുണ്ടപ്പോൾ പുറത്തിറങ്ങി. കൃപർ, അശ്വത്ഥാമാവ്, കൃതവർമാവ് എന്നിവർ ഗൂഢമായി ദുര്യോധനൻ ഒളിച്ചുകിടക്കുന്ന നദീതീരത്തേക്കു പോയി. പകൽ മുഴുവൻ പാണ്ഡവന്മാർ ദുര്യോധനനെ തിരഞ്ഞുനടന്ന് മടങ്ങിപ്പോന്നതാണ്. ജലസ്തംഭവിദ്യയാൽ കയത്തിനകത്ത് മറഞ്ഞിരിക്കുന്ന ദുര്യോധനൻ നദീതീരത്തുനിന്ന് സ്വജനങ്ങൾ വിളിക്കുന്നതുകേട്ടു. 'രാജാവേ, പുറത്തുവരൂ, ധർമപുത്രരുമായി പൊരുതൂ, മരിച്ചാൽ സ്വർഗം നേടാം. ദുര്യോധനാ, അവരുടെ പെരുംപട മുക്കാലും അങ്ങ് ഒടുക്കിക്കഴിഞ്ഞു. ബാക്കിയുള്ളവരും മുറിവേറ്റ് ക്ഷീണിതരാണ്. ഈ തക്കം നോക്കി നമുക്കവരെ സംഹരിക്കാം.' ഈ വാക്കുകൾ കേട്ട് ആശ്വസിച്ച ദുര്യോധനൻ പറഞ്ഞു. 'ഭാഗ്യം, നിങ്ങൾ മൂവരും ജീവിച്ചിരിപ്പുണ്ട്! നമുക്ക് അവരെ നശിപ്പിക്കണം. എനിക്ക് ഏറെ മുറിവേറ്റിരിക്കുന്നതിനാൽ ഈ രാത്രിയിൽ വിശ്രമിച്ചിട്ട് നാളെ പോരിനിറങ്ങാം. നിങ്ങളും പോയി വിശ്രമിക്കുവിൻ.'

അശ്വത്ഥാമാവു ചൊടിച്ചുപറഞ്ഞു. 'ഞാൻ സത്യം ചെയ്യുന്നു. ശത്രുക്കളെ മുടിക്കാതെ ഞാനീ പടച്ചട്ട ഊരുകയില്ല.' അവർ തമ്മിൽ ഈവിധം സംസാരിക്കവേ, ഭീമസേനനു വേണ്ട മാംസം പതിവായി എത്തിച്ചുകൊടുക്കുന്ന വേടന്മാർ വെള്ളംതേടി അവിടെയെത്തി. രാജസപ്രഭാവമുള്ള മൂവർ നദീജലത്തിലേക്കു നോക്കി ആരോടോ സംസാരിക്കുന്നതു കണ്ടതായി അവർ വേഗത്തിൽ ചെന്നു ഭീമനോടുണർത്തിച്ചു.

ഈ വിവരമറിഞ്ഞ കൃഷ്ണാർജുനന്മാരും യുധിഷ്ഠിരനും ഭീമനും മാദ്രേയരും ധൃഷ്ടദ്യുമ്നനും സാത്യകിയും തേരുകളിൽ ദ്വൈപായന ഹ്രദത്തിനരികെ എത്തിച്ചേർന്നു- അവരുടെ വരവിന്റെ ഘോഷം കേട്ട കൃപനും അശ്വത്ഥാമാവും കൃതവർമാവും അവിടെനിന്നു ദൂരെ മാറി ഒരു അരയാൽ ചുവട്ടിൽ ചെന്നിരിപ്പായി.

നദീതീരത്തിൽ ചെന്ന പാണ്ഡവാദികൾ ജലസ്തംഭവിദ്യയാൽ കയത്തിൽ മറഞ്ഞു കിടക്കുകയാണ് ദുര്യോധനനെന്നറിഞ്ഞു. ശ്രീകൃഷ്ണന്റെ നിർദേശമനുസരിച്ച് ധർമപുത്രർ ഇങ്ങനെ വിളിച്ചുപറഞ്ഞു. 'ദുര്യോധനാ, എന്തിനാണു നീ സർവസ്വവും നശിപ്പിച്ചിട്ടു വെള്ളത്തിൽ മുങ്ങിക്കിടക്കുന്നത്? മുകളിലേക്കു വരൂ, ക്ഷത്രിയനല്ലേ നീ! ഭയത്താൽ ഒളിച്ചിരിക്കുകയോ! വന്നു യുദ്ധം ചെയ്യുക. എല്ലാ ബന്ധുക്കളെയും സുഹൃത്തുക്കളെയും കൊല്ലിച്ചിട്ട് എന്തിനീ ഒളിച്ചിരിക്കൽ? ഭീരുവെന്നു പേരുകേൾപ്പിക്കാതെ കയറിവരൂ, യുദ്ധം ചെയ്യൂ- ഞങ്ങളെ കൊന്നു രാജാവാകൂ, അല്ലെങ്കിൽ പടവെട്ടി മരിച്ചു സ്വർഗം പ്രാപിക്കുക- ഉണ്ണീ, എവിടെപ്പോയീ നിന്റെ പൗരുഷം!'

ജലാന്തർഭാഗത്തുനിന്ന് മറുപടി കേട്ടു,

'പ്രാണഭയം എന്നത് പരിഹാസ്യമായ ഒരു കാര്യമല്ല. ഞാൻ ജലത്തിൽ മുങ്ങിക്കിടക്കുന്നത് നിങ്ങളെ ഭയന്നിട്ടല്ല. ക്ഷീണം കൊണ്ടാണ്. എനിക്കു തേരും കുതിരയും ആയുധങ്ങളുമില്ല. തുണയ്ക്ക് ആരുമില്ല. എങ്കിലും ഞാൻ കയറിവന്ന് നിങ്ങളോടു യുദ്ധം ചെയ്യുന്നതാണ്.'

'എന്നാൽ വരൂ.' എന്നു വീണ്ടും വിളിച്ച യുധിഷ്ഠിരനോട് ദുര്യോധനൻ പറഞ്ഞു, 'ഞാൻ ആർക്കുവേണ്ടി രാജ്യം ഇച്ഛിച്ചുവോ അവരെല്ലാം മരിച്ചുകഴിഞ്ഞു. മുത്തച്ഛൻ വീണുപോയി, ദ്രോണരും കർണനും അനുജന്മാരും മക്കളും ബന്ധുക്കളുമെല്ലാം മരിച്ച ഞാൻ ഇനി ജീവിച്ചിരിക്കുന്നതെന്തിന്? നിങ്ങൾ ഈ ഐശ്വര്യം നശിച്ച നാട് ഭരിച്ചുകൊള്ളുവിൻ. ഞാൻ മരത്തോൽ ഉടുത്ത് കാട്ടിൽ പൊയ്ക്കൊള്ളാം. രാജ്യം നിങ്ങൾ എടുത്തുകൊൾവിൻ.'

യുധിഷ്ഠിരൻ പറഞ്ഞു, 'ഉണ്ണീ, വെള്ളത്തിൽ മുങ്ങിക്കിടന്ന് ഈ വിധമുള്ള വ്യർഥമായ വാക്കുകൾ പറയരുത്. നീ തരുന്ന രാജ്യം ഞങ്ങൾ വാങ്ങുമോ? അന്ന് ഞങ്ങൾ ചോദിച്ചപ്പോൾ നീ തന്നില്ല. ഇന്ന് എടുത്തുകൊള്ളൂ എന്നു പറയാൻ നിനക്ക് അവകാശമില്ല. സൂചി കുത്താൻ ഇടം തരികയില്ലെന്ന് ആണയിട്ട നീ ഇന്ന് മുഴുവൻ എടുത്തുകൊള്ളൂ എന്നു പറ

യുന്നതിന് അർഥമെന്ത്? നീ ചെയ്ത അപരാധങ്ങൾ ഞങ്ങൾ മറക്കുന്നതെങ്ങനെ? വരൂ, പോരുചെയ്തു ജയിക്കുകയോ മരിക്കുകയോ ചെയ്യൂ. അതാണു വീരധർമം.'

ദുര്യോധനൻ പറഞ്ഞു, 'ശരി. ഞാൻ ഇതാ വരുന്നു. പക്ഷേ ഇതു ന്യായമല്ല, നിങ്ങൾ സായുധരാണ്, തേരും സേനയും ബന്ധുക്കളും മിത്രങ്ങളുമൊത്തു വന്നിരിക്കുന്നവരാണ്. നിരായുധനും ഒറ്റപ്പെട്ടവനുമാണെങ്കിലും ഞാനിതാ വരുന്നു നിങ്ങളെയെല്ലാം മുച്ചൂടും മുടിക്കുവാൻ. നിങ്ങൾ കൊന്നവരുടെയെല്ലാം കടം ഞാൻ വീട്ടുന്നതാണ്.'

ഇതുകേട്ട ധർമപുത്രർ പറഞ്ഞു, 'ഭാഗ്യം, നീ ക്ഷത്രധർമം ഓർമിച്ചുവല്ലോ. വീരാ, നീ ഒറ്റയ്ക്ക് ഞങ്ങളോടെല്ലാം എതിർക്കേണ്ടതില്ല. നീ ദ്വന്ദ്വയുദ്ധത്തിനായി ഒരാളെ വരിക്കുക. ആ ആളെ നീ കൊന്നാൽ രാജ്യം നിനക്ക്. അല്ലെങ്കിൽ മരിക്കാനൊരുങ്ങിക്കൊള്ളുക.'

ചീറ്റുന്ന മുതലയെപ്പോലെ വെള്ളം കലക്കിമറിച്ചുകൊണ്ടും പൊന്നുകെട്ടിയ കാരിരുമ്പു ഗദ ചുമലിലേന്തിക്കൊണ്ടും കാലനെപ്പോലെ ക്രോധിച്ചുകൊണ്ടും ദുര്യോധനൻ കയത്തിൽനിന്നു കയറിവന്നു. പുലിപോലുള്ള ആ വരവുകണ്ട് പാണ്ഡവരും പാഞ്ചാലരും കൈയടിച്ചു. പരിഹസിക്കയാണെന്നു കരുതി ദുര്യോധൻ ഇങ്ങനെ ചീറി, 'പരിഹസിക്കുന്നോ? പാണ്ഡവരേ, പാഞ്ചാലരുമൊത്ത് ചാവാൻ തയാറായിക്കൊള്ളിൻ!'

മുറിവുകളണിഞ്ഞ നനഞ്ഞ ഗംഭീരശരീരവുമായി കൂറ്റൻ ഗദയോങ്ങി ദണ്ഡേന്തിയ യമരാജനെപ്പോലെ ശോഭിക്കുന്ന സുയോധനൻ പാണ്ഡവന്മാരെ വെല്ലുവിളിച്ചു. 'ഓരോരുത്തനായി എന്നോടു പൊരുതുവിൻ. ഒറ്റയ്ക്കായിപ്പോയ എന്നോട് നിങ്ങൾ പലവീരന്മാർ കൂടി പോരാടുന്നതു ധർമമല്ല.'

യുധിഷ്ഠിരൻ ചൊടിച്ചു. 'ദുര്യോധനാ, നിനക്കീ ബുദ്ധി എപ്പോൾ തോന്നി! കുമാരനായ അഭിമന്യുവിനെ മഹാവീരന്മാരായ പലർ ചേർന്ന് എങ്ങനെ കൊന്നു? അതോ ക്ഷത്രധർമം? ഇതാ പൊൻചട്ട, ഇതാ ശിരോലങ്കാരം, എടുത്തു ധരിച്ചു പോരിനൊരുങ്ങുക. ഞാൻ ഒരു പ്രിയം കൂടി നിനക്കു ചെയ്യാം. ഞങ്ങളിൽ ആരെയെങ്കിലും ഒരുവനെ നിനക്കു ചൂണ്ടിക്കാട്ടാം. ജയിച്ചാൽ നീ നാടിന് ഉടയവൻ. അല്ലയെങ്കിൽ വീരസ്വർഗം

ചീറ്റുന്ന മുതലയെപ്പോലെ വെള്ളം കലക്കിമറിച്ചുകൊണ്ടും പൊന്നുകെട്ടിയ കാരിരുമ്പു ഗദ ചുമലിലേന്തിക്കൊണ്ടും കാലനെപ്പോലെ ക്രോധിച്ചുകൊണ്ടും ദുര്യോധനൻ കയത്തിൽനിന്നു കയറിവന്നു. പുലിപോലുള്ള ആ വരവുകണ്ട് പാണ്ഡവരും പാഞ്ചാലരും കൈയടിച്ചു.



വര: ജയേന്ദ്രൻ

പൂകാം.'

ദുര്യോധനൻ മുന്നോട്ടു നീങ്ങി ധർമപുത്രരുടെ തേരിൽ നിന്നു പൊൻചട്ടയെടുത്തു മുറുക്കിക്കെട്ടി. സുവർണാഭരണമെടുത്ത് തലമുടി ഉയർത്തിക്കെട്ടി. എന്നിട്ട് ഗദ ഉയർത്തിക്കൊണ്ടു നേരിട്ടു നിന്നപ്പോൾ ശ്രീകൃഷ്ണൻ കോപിച്ച് പാണ്ഡവരോട് പറഞ്ഞു, 'യുധിഷ്ഠിരാ, എന്തു സാഹസമാണ് അങ്ങു കാട്ടിയത്? ദുര്യോധനൻ പോരിന് അങ്ങയെ വരിച്ചാലോ? നകുലനെയോ സഹദേവനെയോ വരിച്ചാലോ? അവനോടു ഗദായുദ്ധത്തിൽ കിടനിൽക്കാൻ നിങ്ങൾക്കാർക്കും ആവില്ലെന്നറിയില്ലേ? പണ്ടു ചൂതിൽ ചെയ്തതുപോലെ ഇപ്പോഴും അങ്ങു ഞങ്ങളെ വിഷമത്തിലാഴ്ത്തുന്നു. 'ഞങ്ങളിൽ ഒരാളെ കൊന്നാൽ നീ രാജാവായിക്കൊള്ളുക' എന്ന് എന്തു ധൈര്യത്തിൽ അങ്ങു വിളിച്ചുപറഞ്ഞു! യുധിഷ്ഠിരാ, കുന്തിയുടെ മക്കളെ എന്നും അങ്ങ് കാട്ടിൽ വസിപ്പിക്കും!'

'മധുസൂദനാ, ഈ പ്രശ്നത്തിനു ഞാനുണ്ടാക്കാം പരിഹാരം' എന്നു പറഞ്ഞുകൊണ്ട് ഭീമൻ സിംഹനാദം മുഴക്കി മുന്നോട്ടുചെന്നു ദുര്യോധനനെ

**ഭീമദുര്യോധനന്മാർ മദയാനകളെപ്പോലെ ഏറ്റുമുട്ടി. ഗദകളുടെ ഘടഘടാരവം ദിക്കെങ്ങും മുഴങ്ങി. എല്ലാവരും ആ യുദ്ധം കണ്ട് അദ്ഭുതം പൂണ്ടുനിൽക്കവേ അതാ വരുന്നു മഹാകായനും കൈലാസശൃംഗംപോലെ വെളുത്തവനും നീലപ്പട്ടുടുത്തവനും മദംപൂണ്ടവനുമായ സാക്ഷാൽ ബലഭദ്രരാമൻ!**

വെല്ലുവിളിച്ചു. അതു പൊറുക്കാതെ സിംഹത്തെപ്പോലെ ദുര്യോധനൻ സടകുടഞ്ഞു മുന്നോട്ടടുത്തു. ഭീമൻ വിളിച്ചുപറഞ്ഞു, 'ഹേ, ദുര്യോധനാ, പിതാവു ധൃതരാഷ്ട്രരും നീയും ചെയ്ത അപരാധങ്ങൾ ഓർത്തുകൊള്ളുക. അരക്കില്ലത്തിലിട്ടു ചുട്ടതും അശുദ്ധിയാൽ മാറിയിരുന്ന കൃഷ്ണയെ സഭയിലിട്ടു വലിച്ചിഴച്ചതും കള്ളച്ചൂതിട്ടതും ഇങ്ങനെ നൂറു പാപങ്ങളുണ്ടു നിങ്ങളുടേതായി! നീ നിമിത്തം നമ്മുടെ മഹാനായ പിതാമഹൻ ശരശയ്യയിൽ വീണു, നീ നിമിത്തം ദ്രോണാചാര്യർ മരിച്ചു. നിന്റെ പ്രിയപ്പെട്ട കർണ്ണനും പ്രതാപിയായ ശല്യരും കപടബുദ്ധിയായ ശകുനിയും ചത്തു. നിന്റെ മക്കളും തമ്പിമാരുമൊക്കെ ചത്തു. നീ മാത്രം ഇങ്ങനെ ശേഷിച്ചിരിക്കേണമോ? നീ പുരുഷാധമനാണു ദുര്യോധനാ, എന്റെയീ ഗദ നിന്റെ എല്ലാ ഗർവും ഇന്നു തച്ചുടയ്ക്കും!'

ദുര്യോധനൻ ചൊടിച്ചുപറഞ്ഞു. 'വൃകോദര, ഇന്നു നിന്നെ ഞാനായിരിക്കും കൊല്ലുക. ഗദയേന്തിയ എന്നെ ജയിക്കാൻ ആരുണ്ടീ മന്നിൽ! ഞാൻ ആവുംവിധം നിങ്ങളെ ദ്രോഹിച്ചു. കാട്ടിൽ പാർപ്പിച്ചു. ദാസ്യവൃത്തി ചെയ്യിച്ചു. നിങ്ങളുടെ ബന്ധുക്കളും ഒട്ടേറെ ചത്തു. നമുക്കു നഷ്ടം തുല്യമാണ്. ഞാനീ യുദ്ധത്തിൽ വീണുപോയാൽ അതുമെനിക്കു കീർത്തി. ചതിയിൽ നിങ്ങൾ എന്നെ ജയിച്ചാൽ എന്നും നിങ്ങൾക്കു ദുഷ്കീർത്തിയുണ്ടാകും. മരണത്തിനു കാരണം കാലമത്രേ. വെറുതെനിന്ന് അലറേണ്ട. വാ കരുത്തുകാട്ട്!'

ഭീമദുര്യോധനന്മാർ മദയാനകളെപ്പോലെ ഏറ്റുമുട്ടി ഗദകളുടെ ഘടഘടാരവം ദിക്കെങ്ങും മുഴങ്ങി. എല്ലാവരും ആ യുദ്ധം കണ്ട് അദ്ഭുതം പൂണ്ടു നിൽക്കവേ അതാ വരുന്നു മഹാകായനും കൈലാസശൃംഗം പോലെ വെളുത്തവനും നീലപ്പട്ടുടുത്തവനും മദംപൂണ്ടവനുമായ സാക്ഷാൽ ബലഭദ്രരാമൻ!

(തുടരും)


## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറുലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ സമ്മാനം നൽകുന്നതാണ്. അതോടൊപ്പം തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അയച്ചുതരിക. സത്യസന്ധവും വ്യത്യസ്തങ്ങളുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

**എഡിറ്റർ, തളിര്**
**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം,**
**സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34**

# എവിടെ?

ശാമിൽ ചുള്ളിപ്പാറ



വര: സുധീർ പി വൈ

കളകളമൊഴുകും
പുഴയയെവിടെ ?
കാണാൻ കണ്ടൽ
കാടെവിടെ ?
കലപില കൂട്ടും
കിളിയെവിടെ ?
മുത്തശ്ശിക്കഥ
ഇന്നെവിടെ ?
കുട്ടിക്കളികളു
മിന്നെവിടെ ?
ഒന്നേ ഒന്നേ
ഊഞ്ഞാലാടി
രസിച്ചൊരു കാലം
ഇന്നെവിടെ ?
ചാടിരസിച്ചൊരു-
കുളമെവിടെ ?
കുന്നും മലയും
ഇന്നെവിടെ ?
നെല്ലുകൾ കൊയ്യും
വയലെവിടെ?
അന്തിച്ചന്തകളിന്നെവിടെ ?
വരുമോയിനിയൊരു -
പൂക്കാലം !
പഴയൊരു കാലം
പൊൻ കാലം ?

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...

# തേന്മാവും കൂട്ടുകാരും

**അനുഗ്രഹ അനിൽ, ക്ലാസ് 9 , ഗവ എച്ച് എസ് എസ് തട്ടത്തുമല, തിരുവനന്തപുരം.**



ഒരിക്കൽ ഒരിടത്ത് ഒരു കുഞ്ഞ് തേന്മാവ് ഉണ്ടായിരുന്നു. ആ തേന്മാവിന്റെ അടുത്ത് മറ്റൊരുപാട് കുഞ്ഞുമരങ്ങളും ഉണ്ടായിരുന്നു. എന്നാൽ ഈ കുഞ്ഞു തേന്മാവിൽ ആയിരുന്നു ഒരുപാട് ശിഖരങ്ങൾ ഉണ്ടായിരുന്നത്. അതുകൊണ്ടുതന്നെ കുട്ടികളെല്ലാം തേന്മാവിന്റെ തണലിലായിരുന്നു സമയം ചെലവഴിച്ചിരുന്നത്. അത് ആ തേന്മാവിന് വളരെ സന്തോഷം നൽകുന്ന കാര്യമായിരുന്നു.

കൂടാതെ കുഞ്ഞ് തേൻകുരുവികളും അണ്ണാറക്കണ്ണന്മാരും തത്തയുമൊക്കെ ഈ തേന്മാവിൽ വരുമായിരുന്നു. എന്നാൽ മറ്റു മരങ്ങളെക്കാൾ ഏറ്റവും കൂടുതൽ കുരുവികളൊക്കെ വരുന്നതും കൂടുകൂട്ടിയിരുന്നതും ഈ തേന്മാവിൽ ആയിരുന്നു. അങ്ങനെ ഒരിക്കൽ ഒരു കൊടിയ വേനൽ വന്നു. കൊടുംചൂടത്ത് ഈ തേന്മാവും മറ്റു മരങ്ങളും ഒക്കെ ഉണങ്ങാൻ തുടങ്ങി. തേന്മാവിൽ കൂടുകൂട്ടിയിരുന്ന കുഞ്ഞിക്കുരുവികളും മറ്റു കിളികളും ഒക്കെ കൂട് മാറി വേറെ എങ്ങോട്ടോപോയി. അത് തേന്മാവിന് വളരെ വിഷമമായി. തേന്മാവ് ആകെ തളർന്നുപോയി. അണ്ണാറക്കണ്ണൻമാരും ഒക്കെ അവിടെനിന്നും പോയി. പിന്നെ വേനൽക്കാലം പതുക്കെ പതുക്കെ



വര: ഗോപു പട്ടിത്തറ

> **തേന്മാവ് പണ്ടത്തെക്കാൾ നന്നായി പൂക്കുകയും കായ്ക്കുകയും ചെയ്തു. ഇത് കണ്ട് ഒരുപാട് കുരുവികളും അണ്ണാറക്കണ്ണൻമാരും ഒക്കെ എത്തി. തേന്മാവിന് പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷം തോന്നി. അങ്ങനെ തേൻകുരുവികളും കുഞ്ഞിക്കിളികളും ഒക്കെ തേന്മാവിൽ കൂടുകൂട്ടി.**

അവസാനിച്ചു. നല്ല കുളിർമ യേകുന്ന മഴ പെയ്തു, ഓരോ മഴത്തുള്ളികളും തേന്മാവിന്റെ ഓരോ ഇലകളിൽ തട്ടി ഭൂമിയിൽ പതിച്ചു. അങ്ങനെ തേന്മാവിന് ആ മഴ ഒരു പുത്തനുണർവേകി.

തേന്മാവ് പണ്ടത്തെക്കാൾ നന്നായി പൂക്കുകയും കായ്ക്കുകയും ചെയ്തു. ഇത് കണ്ട് ഒരുപാട് കുരുവികളും അണ്ണാറക്കണ്ണൻമാരും ഒക്കെ എത്തി. തേന്മാവിന് പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷം തോന്നി. അങ്ങനെ തേൻകുരുവികളും കുഞ്ഞിക്കിളികളും ഒക്കെ തേന്മാവിൽ കൂടുകൂട്ടി. കുട്ടികളൊക്കെ കളിക്കാനും തേന്മാവിൻ തണലിൽ ഇരുന്ന് മാമ്പഴം കഴിക്കാനും ആയി ഓടിയെത്തി. അപ്പോഴാണ് ആ നാട്ടിൽ ഒരു പുതിയ കെട്ടിടം പണി ആരംഭിച്ചത്. കെട്ടിടം പണിക്കായി മരംവെട്ടുകാരും കെട്ടിടം പണിക്കാരും ഒക്കെ മരം തേടിയിറങ്ങി.

അങ്ങനെ ഒരു ദിവസം കുറേ കുട്ടികൾ തേന്മാവിൻ തണലിൽ ഇരുന്ന് കളിച്ചുകൊണ്ടിരുന്നപ്പോൾ എവിടെയോ മരം വെട്ടുന്ന ശബ്ദം കേട്ടു. ഇത് കേട്ട തേന്മാവ് പേടിച്ചു. കുട്ടികൾ ഈ ശബ്ദം കേട്ട് പോയി നോക്കിയപ്പോൾ തേന്മാവിന് അടുത്തുനിന്ന് കുറച്ചകലെയായി നിൽക്കുന്ന കുറച്ചു മരങ്ങൾ വെട്ടുകയായിരുന്നു. ഇതുകണ്ട് കുട്ടികൾ തേന്മാവിനോട് ഇക്കാര്യം പറഞ്ഞു. തേന്മാവിന് പേടിയും വിഷമവും തോന്നി അങ്ങനെ ആ മരം വെട്ടുകാർ തേന്മാവിൻ അടുത്തെത്തി. തേന്മാവിനെ വെട്ടാനായി അവർ ഉപകരണങ്ങൾ എടുത്തു. ഇതുകണ്ട കുട്ടികൾ അത് തടഞ്ഞു, തേന്മാവും കുട്ടികളും തമ്മിലുള്ള ദൃഢമായ സൗഹൃദത്തെ കുറിച്ചും ഒരുപാട് ജീവികളുടെ ആവാസ വ്യവസ്ഥ ഈ തേന്മാവിൽ ആണെന്നും തേന്മാവിന് ഗുണങ്ങളെ കുറിച്ചും ഒക്കെ ആ മരംവെട്ടുകാരോട് പറഞ്ഞു. ഇതുകേട്ട് മരംവെട്ടുകാർ അത് മനസ്സിലാക്കി. ഇതിനെക്കുറിച്ചൊക്കെ ആലോചിച്ചപ്പോൾ അവർക്കും വലിയ സങ്കടമായി. അങ്ങനെ ആ മരംവെട്ടുകാർ അവിടെനിന്നും പോയി.

തേന്മാവ് കുട്ടികളോട് ഒരുപാട് നന്ദി പറഞ്ഞു. കുഞ്ഞിക്കിളികൾക്കും തേൻ കുരുവികൾക്കും കുട്ടികൾക്കും ഒക്കെ ഒരുപാട് സന്തോഷമായി. അങ്ങനെ അവർ എല്ലാവരും ഒത്തൊരുമയോടെ കളിച്ചും ചിരിച്ചും കൂട്ടുകൂടിയും ഒരുപാട് നാൾ സന്തോഷത്തോടെ ജീവിച്ചു.

# വര



ദക്ഷിണ എസ് എൻ, ക്ലാസ്4, ഫാത്തിമ മാതാ ഇംഗ്ലീഷ് മീഡിയം സ്കൂൾ, തിരൂർ

# വര



ദക്ഷിണ എസ് എൻ, ക്ലാസ്സ് 4, ഫാത്തിമ മാത ഇംഗ്ലീഷ് മീഡിയം സ്കൂൾ, തിരൂർ



ഐശ്വര്യലക്ഷ്മി
ക്ലാസ് 9, ഡി ബി എച്ച് എസ്,
തൃക്കാരിയൂർ, കോതമംഗലം



Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd., Thiruvananthapuram.

# ഞങ്ങൾ പകർത്തിയത്



ഫോട്ടോ : ശിവന്യ പി ബി
ക്ലാസ് 7
പി പി ആർ എം യു പി എസ്
മുഴക്കുന്ന്

ഫോട്ടോ : ബി ജെ ആരതി
ക്ലാസ്സ് 10, വി വി എച്ച് എസ് എസ്,
പോരടം, ചടയമംഗലം





ഫോട്ടോ : മാധവ് എസ്
ക്ലാസ്സ് 9, സെന്റ് ജോസഫ് -
എച്ച് എസ് എസ്,
കരിമണ്ണൂർ,തൊടുപുഴ

# തളിര് സ്കോളർഷിപ്പ് സംസ്ഥാനതല വിജയികൾക്കുള്ള സമ്മാനം; മാത്യു എം കുഴിവേലിൽ, എബ്രഹാം ജോസഫ് കഥാരചനാ പുരസ്കാരങ്ങൾ എന്നിവ വിതരണം ചെയ്തു.






തളിര് സ്കോളർഷിപ്പ് പരീക്ഷയിൽ സംസ്ഥാനതലത്തിൽ സീനിയർ വിഭാഗത്തിൽ ഒന്നാം റാങ്കിന് അർഹനായ അനുഗ്രഹ് വി കെ, ബഹു. സാംസ്കാരികവകുപ്പു മന്ത്രി ശ്രീ. സജി ചെറിയാനിൽനിന്നും സമ്മാനം ഏറ്റുവാങ്ങുന്നു.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച തളിര് സ്കോളർഷിപ്പ് പരീക്ഷയിൽ സംസ്ഥാനതലത്തിൽ വിജയികളായ സീനിയർ വിഭാഗത്തിലുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പും ഫലകവും സർട്ടിഫിക്കറ്റും സാംസ്കാരികവകുപ്പു മന്ത്രി ശ്രീ. സജി ചെറിയാൻ സമ്മാനിച്ചു. ആലപ്പുഴ പോലീസ് അസോസിയേഷൻ ഹാളിൽ നടന്ന ചടങ്ങിൽ അമ്പലപ്പുഴ എം എൽ എ, ശ്രീ. എച്ച്. സലാം; ആലപ്പുഴ എസ് പി, ശ്രീ. ജി. ജയദേവ് ഐ പി എസ്; ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ. പള്ളിയറ ശ്രീധരൻ എന്നിവർ പങ്കെടുത്തു. പതിനായിരം രൂപയും ഫലകവും സാക്ഷ്യപത്രവുമാണ് ഒന്നാം റാങ്കിനുള്ള സമ്മാനം. അയ്യായിരം രൂപ, മൂവായിരം രൂപ എന്നിങ്ങനെയാണ് രണ്ടും മൂന്നും റാങ്കിനുള്ള സ്കോളർഷിപ്പ്.

എറണാകുളം തൃക്കാക്കര ജി വി എച്ച് എസ് എസിലെ അനുഗ്രഹ് വി കെ, കൊല്ലം ചിതറ ജി ജി എച്ച് എസ് എസിലെ ദുർഗ്ഗ അനിൽ, മലപ്പുറം കാലിക്കറ്റ് സർവകലാശാല ജി എം എച്ച് എസ് എസിലെ ശ്രീനന്ദ് സുധീഷ് എന്നിവർ സമ്മാനങ്ങൾ ഏറ്റുവാങ്ങി.

ഹയർസെക്കൻഡറി, ഹൈസ്കൂൾ വിഭാഗക്കാർക്കായി നടത്തിയ കഥാമത്സരത്തിൽ വിജയികളായ കുട്ടികൾക്കുള്ള മാത്യു എം കുഴിവേലിൽ, എബ്രഹാം ജോസഫ് പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു. ആലപ്പുഴ, എടത്വ സെന്റ് അലോഷ്യസ് എച്ച് എസ് എസിലെ വിദ്യാർഥിയായിരുന്ന അമൃതലക്ഷ്മി എ എസ്; തിരുവനന്തപുരം, മണക്കാട് ജി വി എച്ച് എസ് ഫോർ ഗേൾസിലെ അനഘ ബി എന്നിവർ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. 5000രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരങ്ങൾ.




കഥാമത്സരത്തിൽ വിജയിയായ അമൃതലക്ഷ്മി എ എസ്, മാത്യു എം കുഴിവേലിൽ പുരസ്കാരം ബഹു. സാംസ്കാരികവകുപ്പു മന്ത്രി ശ്രീ. സജി ചെറിയാനിൽ നിന്നും ഏറ്റുവാങ്ങുന്നു.






കഥാമത്സരത്തിൽ വിജയിയായ അനഘ ബി, എബ്രഹാം ജോസഫ് പുരസ്കാരം ബഹു. സാംസ്കാരികവകുപ്പു മന്ത്രി ശ്രീ. സജി ചെറിയാനിൽനിന്നും ഏറ്റുവാങ്ങുന്നു.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023

RNI No. 20076/70 September 2021
Regd KL/TV (N)/399/2021-2023 Published on 29-08-2021 Vol:28, Issue:09, ₹20

**കേരള സർക്കാർ സാംസ്കാരികവകുപ്പ്**
**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

# തളിര് സ്കോളർഷിപ്പ് പരീക്ഷ

## രജിസ്ട്രേഷൻ സെപ്റ്റംബറിൽ തുടങ്ങും

### 16 ലക്ഷം രൂപയുടെ സ്കോളർഷിപ്പുകൾ

- **https://scholarship.ksicl.kerala.gov.in** ൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷൻ ഫീസ് : 200 രൂപ. രജിസ്റ്റർ ചെയ്യുന്നവർക്ക് ഒരു വർഷത്തെ തളിര് മാസിക സൗജന്യം. മത്സരം, ജൂനിയർ (5,6,7 ക്ലാസുകൾ)/ സീനിയർ (8,9,10 ക്ലാസുകൾ) വിഭാഗങ്ങളിൽ.
- സംസ്ഥാനതലവിജയികൾക്ക് 10000, 5000, 3000 രൂപ വീതം സ്കോളർഷിപ്പ്.
- സംസ്ഥാനത്താകെ 2500ഓളം പേർക്ക് 1000, 500 രൂപ വീതവും സ്കോളർഷിപ്പ്.
- 100 കുട്ടികൾ രജിസ്റ്റർ ചെയ്യുന്ന സ്കൂളുകൾക്ക് 1000 രൂപയുടെ പുസ്തകങ്ങൾ ലഭിക്കും.
- പൊതുവിജ്ഞാനം, ആനുകാലികം, സാഹിത്യം, ചരിത്രം, ബാലസാഹിത്യം, തളിര് മാസിക എന്നിവയെ ആസ്പദമാക്കിയാണ് ഈ വർഷത്തെ പരീക്ഷകൾ സംഘടിപ്പിക്കുന്നത്.

**കൂടുതൽ വിവരങ്ങൾക്ക്** : www.ksicl.org, 8547971483






തളിര് സ്കോളർഷിപ്പ് സീനിയർ വിഭാഗം സംസ്ഥാനതല വിജയികൾക്ക് ബഹു. സാംസ്കാരിക വകുപ്പു മന്ത്രി **ശ്രീ. സജി ചെറിയാനും** ജൂനിയർ വിഭാഗം വിജയികൾക്ക് ബഹു. തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി **ശ്രീ. എം വി ഗോവിന്ദൻ മാസ്റ്ററും** സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.